# 2011-ലെ 8-ാം ആക്റ്റ്

# 2011-ലെ കേരള പോലീസ് ആക്റ്റ്

കേരള സംസ്ഥാനത്തെ പോലീസ് സേനയുടെ രൂപീകരണവും
നിയന്ത്രണവും അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച
നിയമം ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും
അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ
കാര്യങ്ങൾക്കുംവേണ്ടിയുള്ള

ഒരു

ആക്റ്റ്

പീഠിക.- രാഷ്ട്രത്തിന്റെ അഖണ്ഡതയും സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും, ഓരോ പൗരന്റേയും ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും അന്തസ്സിനും മനുഷ്യാവകാശങ്ങൾക്കും ഭരണഘടനാനുസൃതമായ പരിഗണന നൽകി യഥാവിധിയുള്ള സുതാര്യതയോടുകൂടി നിയമവാഴ്ച ഉറപ്പാക്കുന്നതിനും തൊഴിൽ വൈദഗ്ദ്ധ്യമുള്ളതും പരിശീലിപ്പിക്കപ്പെട്ടതും നൈപുണ്യവും അച്ചടക്കവും അർപ്പണബോധവും ഉള്ളതുമായ ഒരു പോലീസ് സംവിധാനം ഏർപ്പെടുത്തേണ്ടത് യുക്തമായിരിക്കുകയാലും;

മതിയായതും വ്യവസ്ഥാപിതവും ആയ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നൽകി, പോലീസിനെ കാര്യക്ഷമതയോടുകൂടി അധികാരങ്ങൾ വിനിയോഗിക്കുവാനും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും പ്രാപ്തരാക്കേണ്ടത് ആവശ്യമായിരിക്കുകയാലും;

ആധുനിക ജനാധിപത്യ സമൂഹത്തിന് അനുയോജ്യമായി പ്രവർത്തിക്കുന്നതും ജനസൗഹാർദ്ദവും ക്രമസമാധാനവും നിലനിർത്തുന്നതുമായ ഒരു പോലീസ് സംവിധാനം വേണ്ടതിനാലും;

പോലീസിൽ നിക്ഷിപ്തമായ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടുന്നില്ലയെന്നും പോലീസിന്റെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും കാര്യക്ഷമവുമായ നിയന്ത്രണങ്ങൾക്ക് വിധേയമാണെന്ന് ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമായതിനാലും;

ഇപ്പോൾ, അതിനാൽ, കേരള സംസ്ഥാനത്തെ പോലീസ് സേനയുടെ രൂപീകരണവും നിയന്ത്രണവും അധികാരവും കർത്തവ്യങ്ങളും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതും ഭേദഗതിചെയ്യുന്നതും അനുപേക്ഷണീയമായതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

## അദ്ധ്യായം-1

## പ്രാരംഭം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും:-(1) ഈ ആക്റ്റിന് 2011 ലെ കേരള പോലീസ് ആക്റ്റ്, എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ: (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപെടാത്തപക്ഷം,-

(എ) " കമ്മീഷൻ" എന്നാൽ 24-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന സുരക്ഷാകമ്മീഷൻ എന്നർത്ഥമാകുന്നു;

(ബി) "ജില്ലാ മജിസ്ട്രേറ്റ് "എന്നാൽ മറ്റേത് ഉദ്യോഗപേരിനാൽ ആ ഉദ്യോഗസ്ഥൻ അറിയപ്പെട്ടാലും, ഒരു ജില്ലയുടെ എക്സിക്യൂട്ടീവ് ഭരണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "സ്ഥലം" എന്നതിൽ സ്ഥിരമോ താൽക്കാലികമോ ആയ ഏതെങ്കിലും കെട്ടിടം, കൂടാരം, ബൂത്ത്, വാഹനം അല്ലെങ്കിൽ മറ്റു നിർമ്മാണങ്ങൾ, കെട്ടിയടച്ചതോ തുറസ്സായതോ ആയ കര, കടൽ, കായൽ, തടാകം, നദികൾ, തോടുകൾ, ചതുപ്പ് അന്തരീക്ഷം എന്നിവയുൾപ്പെടെയുള്ള ഏതെങ്കിലും പ്രദേശം എന്നിവ ഉൾപ്പെടുന്നതാകുന്നു;

(ഇ) "പോലീസ്" എന്നതിൽ 3-ഉം 4-ഉം വകുപ്പുകൾ പ്രകാരം വിനിർദ്ദേശിക്കപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നവരും അപ്രകാരം ചെയ്യുന്നതിന് 88-ാം വകുപ്പുപ്രകാരം അധികാരപ്പെടുത്തപ്പെട്ടവരുമായ എല്ലാ ആളുകളും എന്നർത്ഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) "പോലീസ് സേന" എന്നാൽ 14-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട പോലീസ് സേന എന്നർത്ഥമാകുന്നു;

(ജി) "പോലീസ് ജില്ല" എന്നാൽ ഈ ആക്റ്റിന്റെ 16-ാം വകുപ്പു പ്രകാരം പ്രഖ്യാപിക്കപ്പെട്ട പ്രാദേശിക മേഖല എന്നർത്ഥമാകുന്നു;

(എച്ച്) "പോലീസ് ഉദ്യോഗസ്ഥൻ" എന്നാൽ പോലീസ് സേനയിലെ ഒരു അംഗം എന്നർത്ഥമാകുന്നതും ഇന്ത്യൻ പോലീസ് സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;

(ഐ) "വസ്തു" എന്നതിൽ പണവും, വിലപിടിപ്പുള്ള ഈടും, സ്ഥാവരമോ, ജംഗമമോ, ഡിജിറ്റലോ ആയ എല്ലാ വസ്തുക്കളും ഉൾപ്പെടുന്നതാകുന്നു;

(ജെ) "പൊതുസ്ഥലം"എന്നാൽ അവകാശമായോ അല്ലാതെയോ പൊതുജനത്തിന് പ്രവേശിക്കാവുന്ന ഏതൊരു സ്ഥലവും എന്നർത്ഥമാകുന്നതും:-

(i) ഒരു പൊതു കെട്ടിടവും സ്മാരകവും അവയുടെ പരിസരവും; കൂടാതെ

(ii) വെള്ളമെടുക്കുന്നതിനോ കഴുകുന്നതിനോ കുളിക്കുന്നതിനോ സഞ്ചാരം, വിനോദം, ആഹാരം, വിശ്രമം, ചികിത്സ, വ്യാപാരം മുതലായവയ്ക്കോ ഏതെങ്കിലും സേവനത്തിനോ വേണ്ടി പൊതുജനത്തിന് പ്രവേശനമുള്ളതായ ഏതൊരു സ്ഥലവും, ഉൾപ്പെടുന്നതുമാകുന്നു.

(കെ) "സേവനദാതാവ്" എന്നാൽ ഏതെങ്കിലും പ്രതിഫലം സ്വീകരിച്ചോ അല്ലാതെയോ പൊതുജനത്തിനോ അതിന്റെ ഏതെങ്കിലും വിഭാഗത്തിനോ ഒരു വ്യക്തിക്കോ ഏതെങ്കിലും സേവനം പ്രദാനം ചെയ്യുന്നതായ ഏതെങ്കിലും ആളോ ഏജൻസിയോ അതിന്റെ ചുമതലക്കാരനോ ജീവനക്കാരനോ എന്നർത്ഥമാകുന്നതും ഫോൺ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, വാഹനം, ആഹാരം, ജലം, ധനകാര്യം, വാടക, പണയം, ആശുപത്രി, ലബോറട്ടറി, ശുചീകരണം, കേടുപാടുതീർക്കൽ, വൈദ്യുതി, നിക്ഷേപം, ഓഹരി നിർമ്മാണം, സുരക്ഷ, വ്യാപാരം, വായ്പ, ഇന്ധനം, വിശ്രമം, വിനോദം മുതലായ സേവനങ്ങൾ നൽകുന്നവരും, ആവശ്യപ്പെടുമ്പോൾ പൊതുജനത്തിന് ഏതെങ്കിലും സേവനം നൽകുന്നതുമായ അത്തരത്തിലുള്ള മറ്റേതെങ്കിലും വ്യക്തിയും ഏജൻസിയും ഉൾപ്പെടുന്നതുമാകുന്നു;

(എൽ) "തെരുവ് "എന്നതിൽ പൊതുവഴിയായാലും അല്ലെങ്കിലും പൊതുജനത്തിന് പ്രവേശനമുള്ള ഏതെങ്കിലും ഹൈവേ, പാലം, വഴി, വരമ്പ്, റോഡ്, ഇടവഴി, നടവഴി, ചത്വരം, അങ്കണം, ഉദ്യാനവീഥി, ചാനൽ അല്ലെങ്കിൽ ഇടനാഴി എന്നിവ ഉൾപ്പെടുന്നതാകുന്നു;

(എം) "ട്രാഫിക്ക് "എന്നാൽ ഏതെങ്കിലും പൊതുസ്ഥലത്തുകൂടെ ആളുകൾ, മൃഗങ്ങൾ, വാഹനങ്ങൾ, യാനങ്ങൾ, ചരക്കുകൾ തുടങ്ങിയവയുടെ ഏതെങ്കിലും തരത്തിലുള്ള നീക്കം എന്നർത്ഥമാകുന്നതും അതിൽ അവയിൽ ഏതെങ്കിലും ഘടകത്തിന്റെ ഒറ്റയ്ക്കോ കൂട്ടായോ ഉള്ള നീക്കത്തെ ബാധിക്കുന്ന രീതിയിൽ ആ സ്ഥലത്തോ സമീപത്തോ സ്ഥിതി ചെയ്യുന്ന വാഹനങ്ങളുടെയും ജീവജാലങ്ങളുടെയും വസ്തുക്കളുടെയും താൽക്കാലികമോ സ്ഥിരമോ ആയ വിന്യാസം ഉൾപ്പെടുന്നതുമാകുന്നു;

(എൻ) "വാഹനം" എന്നാൽ ഏതെങ്കിലും ആളിനെയോ മൃഗത്തെയോ മറ്റെന്തെങ്കിലും വസ്തുവിനെയോ വഹിക്കുന്ന ഗതാഗത ഉപാധി എന്നർത്ഥമാകുന്നതും അതിൽ വണ്ടി, ചുമട്ടുവണ്ടി, വാൻ, ട്രക്ക്, കൈവണ്ടി, ബോട്ട്, സൈക്കിൾ, ട്രൈസൈക്കിൾ, റിക്ഷാ, മോട്ടോർ വാഹനം, യാനം, വിമാനം എന്നിവ ഉൾപ്പെടുന്നതുമാകുന്നു.

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1860 -ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) - നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അവയിൽ നൽകിയിരിക്കുന്ന നിർവ്വചനങ്ങൾ ബാധകമായിരിക്കുന്നതാണ്.

## അദ്ധ്യായം II

### പോലീസിന്റെ കർത്തവ്യങ്ങളും ചുമതലകളും

3. പോലീസിന്റെ കർത്തവ്യങ്ങൾ.- ഭാരതത്തിന്റെ ഭരണഘടനയ്ക്കും അതിൻകീഴിൽ നിർമ്മിച്ചിട്ടുള്ള നിയമങ്ങൾക്കും വിധേയമായി, ഭരണവ്യവസ്ഥയുടെ ഭാഗമായി ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ഒരു സേവന വിഭാഗം എന്ന നിലയിൽ ക്രമസമാധാനവും രാഷ്ട്രത്തിന്റെ അഖണ്ഡതയും രാഷ്ട്രസുരക്ഷയും മനുഷ്യാവകാശ സംരക്ഷണവും ഉറപ്പുവരുത്തി നിയമപ്രകാരം എല്ലാ ആളുകൾക്കും ലഭ്യമാകുന്ന സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അവർ അനുഭവിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി പോലീസ് നിയമാനുസൃതമായി യത്നിക്കേണ്ടതാണ്.

4. പോലീസിന്റെ ചുമതലകൾ.- ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പോലീസുദ്യോഗസ്ഥർ ഇനി പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്-

(എ) പക്ഷഭേദം കൂടാതെ നിയമം നടപ്പിലാക്കുക;

(ബി) എല്ലാ ആളുകളുടേയും ജീവൻ, സ്വാതന്ത്ര്യം, സ്വത്ത്, മനുഷ്യാവകാശങ്ങൾ, അന്തസ്സ് എന്നിവ നിയമാനുസൃതം സംരക്ഷിക്കുക;

(സി) രാഷ്ട്രത്തിന്റെ ആഭ്യന്തരസുരക്ഷ കാത്തുസൂക്ഷിക്കുകയും, തീവ്രവാദ പ്രവർത്തനങ്ങൾ, വർഗ്ഗീയ അക്രമം, ആഭ്യന്തരകലാപം മുതലായവയ്ക്കെതിരായി ജാഗ്രതയോടെ പ്രവർത്തിക്കുകയും ചെയ്യുക;

(ഡി) പൊതുസുരക്ഷ ഉറപ്പാക്കുന്ന ക്രമീകരണങ്ങൾ പ്രോത്സാഹിപ്പിക്കുകയും കാത്തുസൂക്ഷിക്കുകയും പൊതു സമാധാനം നിലനിർത്തുകയും ചെയ്യുക;

(ഇ) അപായങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും പൊതുജനത്തെ സംരക്ഷിക്കുക ;

(എഫ്) റോഡുകൾ, റെയിൽവേ, പാലങ്ങൾ, മർമ്മപ്രധാനമായ പ്രതിഷ്ഠാപനങ്ങൾ, സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ പൊതു സ്വത്തുക്കളും സംരക്ഷിക്കുക;

(ജി) നിയമപരമായ അധികാരങ്ങൾ പരമാവധി ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ തടയുകയും കുറച്ച് കൊണ്ടുവരുകയും ചെയ്യുക;

(എച്ച്) കുറ്റകൃത്യങ്ങളെക്കുറിച്ച് നിയമാനുസരണം അന്വേഷണം നടത്തി കുറ്റവാളികളെ യഥാവിധിയുള്ള നിയമനടപടികൾക്ക് വിധേയമാക്കുക;

(ഐ) എല്ലാ പൊതു സ്ഥലങ്ങളിലും ട്രാഫിക് നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുക;

(ജെ) കുറ്റകൃത്യങ്ങളായി പരിണമിച്ചേക്കാവുന്ന തർക്കങ്ങളും സംഘർഷങ്ങളും ഒഴിവാക്കുവാനും പരിഹരിക്കുവാനും ശ്രമിക്കുക;

(കെ) പ്രകൃതിദത്തമോ അല്ലാത്തതോ ആയ ദുരന്തമോ, അത്യാഹിതമോ, അപകടമോ ഉണ്ടാകുമ്പോൾ അടിയന്തിരമായി ഇടപെടുകയും ക്ലേശം അനുഭവിക്കുന്ന ആളുകൾക്ക് ഉചിതമായ എല്ലാ സഹായവും നൽകുക;

(എൽ) പോലീസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും രാഷ്ട്രത്തിന്റെ സുരക്ഷയ്ക്കും സഹായകരമായ വിവരങ്ങൾ സമാഹരിക്കുകയും പരിശോധിക്കുകയും ആവശ്യമെങ്കിൽ വ്യാപനം നടത്തുകയും ചെയ്യുക;

(എം) കസ്റ്റഡിയിലുള്ള എല്ലാ ആളുകൾക്കും നിയമാനുസരണമുള്ള സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക;

(എൻ) ക്ഷമതയുള്ള അധികാരസ്ഥാനങ്ങളുടെയും മേലുദ്യോഗസ്ഥരുടെയും നിയമാനുസൃതമായ എല്ലാ ഉത്തരവുകളും അനുസരിക്കുകയും നിയമാനുസൃതമായി നടപ്പിലാക്കുകയും ചെയ്യുക;

(ഒ) പോലീസ് സേനയുടെ ആന്തരിക അച്ചടക്കം പാലിക്കുകയും നിലനിർത്തുകയും ചെയ്യുക;

(പി) ജനങ്ങൾക്കിടയിൽ പൊതുവായി സുരക്ഷിതത്വ ബോധം ഉറപ്പുവരുത്തുക;

(ക്യു) പൊതുസ്ഥലങ്ങളിലോ, തെരുവിലോ, നിസ്സഹായരോ, നിരാലംബരോ ആയി കാണപ്പെടുന്ന ആളുകളുടെ, പ്രത്യേകിച്ച് സ്ത്രീകളുടേയും കുട്ടികളുടേയും, മുതിർന്ന പൗരന്മാരുടെയും, കഴിവുകളിൽ വ്യത്യസ്തതയുള്ള ആളുകളുടെയും ചുമതല ഏറ്റെടുത്ത് അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക;

(ആർ) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ ചുമതലപ്പെടുത്തിയിരിക്കുന്ന കർത്തവ്യങ്ങൾ പാലിക്കുക;

(എസ്) സർക്കാർ, കാലാകാലങ്ങളിൽ നിയമാനുസൃതം ഏൽപ്പിച്ചുകൊടുക്കുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

## അദ്ധ്യായം III

## പോലീസ് സ്റ്റേഷൻ

5. പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കൽ.- (1) സർക്കാരിന്, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, വിജ്ഞാപനംവഴി, ഈ നിയമത്തിന്റെ ആവശ്യത്തിലേക്കായി ഓരോ തദ്ദേശപ്രദേശത്തിനും വേണ്ടി പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ പോലീസ് സ്റ്റേഷന്റേയും അധികാരിതയുള്ള പ്രദേശവും അത് പ്രവർത്തിക്കേണ്ട കെട്ടിടവും പരിസരവും (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(3) സർക്കാർ നിശ്ചയിക്കുന്ന ഔദ്യോഗിക പദവിയിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ സ്റ്റേഷൻ ഹൗസ് ആഫീസർ എന്ന ഉദ്യോഗപ്പേരോടുകൂടി ഓരോ പോലീസ് സ്റ്റേഷന്റെയും പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കേണ്ടതും ആ ഉദ്യോഗസ്ഥൻ ആ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആയിരിക്കുന്നതുമാണ്.

6. പോലീസ് സ്റ്റേഷനുകളിൽ സർക്കാർ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന്.- (1) സർക്കാർ, വിഭവശേഷിക്ക് വിധേയമായി, അടിസ്ഥാന പോലീസ് സേവനങ്ങൾ ആവശ്യമുള്ള എല്ലാവർക്കും ആയത് പ്രദാനം ചെയ്യുന്നതിന് മതിയായ സംഖ്യാബലവും അടിസ്ഥാന സൗകര്യങ്ങളും ഓരോ പോലീസ് സ്റ്റേഷനിലും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സൗകര്യങ്ങളിൽ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കാര്യക്ഷമമായി ജോലി ചെയ്യുന്നതിനുള്ള മതിയായ അടിസ്ഥാന സൗകര്യങ്ങൾ, പൊതുജനങ്ങൾക്കായി വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ സ്വീകരണ സ്ഥലം, കസ്റ്റഡിയിലുള്ള സാധനങ്ങളും ഔദ്യോഗിക രേഖകളും ഔദ്യോഗിക ആയുധങ്ങളും വെടിക്കോപ്പുകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള മതിയായ സംഭരണ സ്ഥലം, പ്രതികളെയും കസ്റ്റഡിയിൽ ഉള്ളവരെയും സൂക്ഷിക്കാനുള്ള മതിയായ സൗകര്യങ്ങൾ, ഉചിതമായ ആശയവിനിമയ സൗകര്യങ്ങൾ, മതിയായ സഞ്ചാര സൗകര്യം എന്നിവയും പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരിൽ ഭാരമേൽപ്പിച്ചിരിക്കുന്ന നിയമപരമായ ഉത്തരവാദിത്വങ്ങൾ വേണ്ടവിധത്തിൽ നിർവ്വഹിക്കുന്നതിനുള്ള സുരക്ഷാ ഉപകരണങ്ങൾ, ഇലക്ട്രോണിക് സംവിധാനങ്ങൾ, ആയുധങ്ങൾ, ഫോറൻസിക് ഉപകരണങ്ങൾ എന്നിവയും ഉൾപ്പെടുന്നതാകുന്നു.

(3) സംസ്ഥാന പോലീസ് മേധാവി സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷനിലും ലഭ്യമായിട്ടുള്ള സൗകര്യങ്ങളുടെ പര്യാപ്തത ഓരോ വർഷവും പുനരവലോകനം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും ഉചിതമായ നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ എടുക്കേണ്ടതുമാണ്.

7. കാര്യക്ഷമമായ പോലീസ് സേവനത്തിന് ആളുകൾക്കുള്ള അവകാശം.-എല്ലാ ആളുകൾക്കും പോലീസ് സ്റ്റേഷനിൽ നിന്ന് കാര്യക്ഷമമായ പോലീസ് സേവനത്തിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

8. പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്കുള്ള അവകാശങ്ങൾ -(1) എല്ലാ ആളുകൾക്കും ന്യായമായ പ്രായോഗികതയ്ക്ക് വിധേയമായി പോലീസ് സ്റ്റേഷനിൽ നിന്ന് നിയമാനുസൃത സേവനം ലഭിക്കുന്നതിനും ഏതു സമയത്തും ഏതു പോലീസ് സ്റ്റേഷനിലും സമാധാനപൂർവ്വം പ്രവേശിക്കുന്നതിനും സ്വീകരിക്കപ്പെടുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) പൊതുജനങ്ങളിൽ ഏതൊരാൾക്കും ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയമായി പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോസ്ഥനെ കാണുവാനും കാര്യങ്ങൾ അറിയിക്കുവാനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതും മതിയായ കാരണങ്ങളില്ലാതെ ഈ അവകാശം നിഷേധിക്കുവാൻ പാടില്ലാത്തതുമാണ്.

(3) സ്ത്രീകൾക്ക് വനിതാ പോലീസിന്റെ സാന്നിദ്ധ്യത്തിൽ സ്വകാര്യതയോടെ പരാതി നൽകുവാനുള്ള സൗകര്യം പോലീസ് സ്റ്റേഷനിൽ ഉണ്ടായിരിക്കേണ്ടതാണ്.

(4) പൊതുജനങ്ങളിൽ ഏതൊരാൾക്കും അയാൾ നൽകിയ പരാതിയെ സംബന്ധിച്ച കൈപ്പറ്റു രസീത് ലഭിക്കുവാനും പരാതി സംബന്ധിച്ചുള്ള പോലീസ് നടപടിയുടെയോ അന്വേഷണത്തിന്റെയോ അവസ്ഥ അറിയുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(5) പൊതുജനങ്ങളിൽ ഏതൊരാളും അയാൾ പോലീസ് സ്റ്റേഷനിൽ വാക്കാലോ രേഖാമൂലമോ നൽകിയ ഏതൊരു പരാതിയുടെയും ചുരുക്കം പോലീസ് സ്റ്റേഷനിൽ കാലാനുക്രമത്തിലും സമകാലികവുമായി വച്ചുപോരുന്നതുമായ സ്ഥിരം രജിസ്റ്ററിൽ തൽസമയം രേഖപ്പെടുത്തേണ്ടതാണ്.

(6) ഏതൊരു പൗരനും, ഏതെങ്കിലും ഒരു പ്രത്യേക ആൾ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ ഉണ്ടോയെന്ന് അറിയുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

9. കസ്റ്റഡിയിലുള്ള ആളുകൾക്കുവേണ്ടിയുള്ള ചെലവ് നൽകണമെന്ന്.-കസ്റ്റഡിയിലുള്ള ഓരോ ആളിന്റെയും ഭക്ഷണം, വെള്ളം, മറ്റ് പ്രാഥമിക ആവശ്യങ്ങൾ എന്നിവ നൽകുന്നതിലേക്കായി ഒരു അവിദഗ്ദ്ധ തൊഴിലാളിക്ക് തൽസമയം നിലവിലുള്ള സർക്കാർ നിരക്കനുസരിച്ചുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനത്തിന്റെ പകുതിയെന്ന പ്രതിദിന നിരക്കിൽ പ്രതിമാസം കസ്റ്റഡിയിലുള്ള ആളുകളുടെ എണ്ണത്തിനും കാലയളവിനും ആനുപാതികമായ തുക, സർക്കാർ, ഓരോ പോലീസ് സ്റ്റേഷനും നൽകേണ്ടതാണ്.

10. പോലീസ് സ്റ്റേഷനുകൾ എല്ലായ്പ്പോഴും പ്രവർത്തനക്ഷമമായിരിക്കണമെന്ന്.-ഒരു പോലീസ് സ്റ്റേഷൻ, പോലീസ് സേവനങ്ങൾ ആവശ്യമുള്ളവർക്കായും പോലീസിന്റെ കർത്തവ്യ നിർവ്വഹണത്തിനായും എപ്പോഴും പ്രവർത്തനക്ഷമവും ജാഗരൂകവും ആയിരിക്കേണ്ടതാണ്.

11. പ്രത്യേക പോലീസ് സ്റ്റേഷൻ.-(1) 5-ാം വകുപ്പുപ്രകാരം ഏതെങ്കിലും പ്രദേശത്തിനുവേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ട പോലീസ് സ്റ്റേഷനുകൾക്ക് പുറമെ സർക്കാരിന് ഏതെങ്കിലും പ്രദേശത്ത് നിശ്ചിത കാലയളവിലേക്കോ പ്രത്യേക ഉദ്ദേശ്യത്തിലേക്കോ ഏതെങ്കിലും പ്രത്യേക നിയമമോ നിയമങ്ങളോ നടപ്പിലാക്കുന്നതിനു വേണ്ടിയോ പ്രത്യേക പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

(2) അത്തരം പ്രത്യേക പോലീസ് സ്റ്റേഷനുകൾ സ്ഥിതിചെയ്യുന്ന കെട്ടിടം, പ്രദേശം, അധികാരപരിധി, ഉദ്ദേശ്യം, കാലയളവ് മുതലായവ 5-ാം വകുപ്പിൽ നിഷ്കർഷിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ ഉള്ള യാതൊന്നും തന്നെ സഞ്ചരിക്കുന്ന ഒരു വാഹനത്തിലോ ഏതെങ്കിലും താൽക്കാലിക ഓഫീസിലോ ഒരു പ്രത്യേക പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽ നിന്നും സർക്കാരിനെ തടയുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല.

(4) ഒരു സാധാരണ പോലീസ് സ്റ്റേഷൻ കൈക്കൊണ്ട ഏതെങ്കിലും നടപടി അത് ഒരു പ്രത്യേക പോലീസ് സ്റ്റേഷനെ ഭാരമേൽപ്പിച്ചുകൊടുക്കാൻ കഴിയുമായിരുന്ന ഒരു കാര്യമായിരുന്നു എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

(5) ഓരോ പ്രത്യേക പോലീസ് സ്റ്റേഷനും അതിന്റെ പ്രത്യേക ഉദ്ദേശ്യവും പ്രത്യേക സ്വഭാവവും വ്യക്തമാക്കുന്ന വിധത്തിലുള്ള പേര് നൽകേണ്ടതാണ്.

(6) സംസ്ഥാന പോലീസ് മേധാവിക്ക് പ്രത്യേക ഉത്തരവുവഴി ഒരു സാധാരണ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉത്തരവാദിത്വത്തിൽ നിന്ന് ഒരു പ്രത്യേക പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ആഫിസറെ ഒഴിവാക്കാവുന്നും ഒരു സാധാരണ പോലീസ് സ്റ്റേഷൻ ഹൗസ് ആഫീസറെ ഏൽപ്പിച്ചുകൊടുക്കാത്തതോ അധികമായതോ പ്രത്യേകമായതോ ആയ ഉത്തരവാദിത്വങ്ങൾ അയാളിൽ ഭരമേൽപ്പിക്കാവുന്നതുമാണ്.

12. പോലീസ് സ്റ്റേഷൻ ഡയറി.-ഓരോ പോലീസ് സ്റ്റേഷനും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാതൃകയിലുള്ള ഒരു ജനറൽ ഡയറി സൂക്ഷിക്കേണ്ടതും സമർപ്പിക്കപ്പെട്ട എല്ലാ പരാതികളുടെയും പ്രഥമ വിവര റിപ്പോർട്ടുകളുടേയും ചാർജ്ജുകളുടെയും സംഗ്രഹവും പരാതിക്കാരുടെയും എതിർകക്ഷികളുടെയും അറസ്റ്റ് ചെയ്യപ്പെട്ട എല്ലാ ആളുകളുടെയും പേരുവിവരങ്ങൾ, അവർക്കെതിരെ ചാർജ്ജു ചെയ്യപ്പെട്ട കുറ്റങ്ങൾ, അവരുടെ കൈവശത്തിൽ നിന്നോ മറ്റു വിധത്തിലോ കണ്ടെടുത്ത ആയുധങ്ങളടക്കമുള്ള വസ്തുക്കൾ എന്നിവ സംബന്ധിച്ച വിവരങ്ങളും തത്സമയം രേഖപ്പെടുത്തേണ്ടതുമാണ്.

13. സ്റ്റേഷൻ ഡയറിയും കസ്റ്റഡി സൗകര്യവും പരിശോധിക്കുവാൻ അർഹതയുള്ള ആളുകൾ.-(1) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെയോ സംസ്ഥാന വനിതാ കമ്മീഷന്റെയോ സംസ്ഥാന പട്ടികജാതി, പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെയോ സംസ്ഥാന അല്ലെങ്കിൽ ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികളുടെയോ ചെയർപേഴ്സൺമാർക്കും അംഗങ്ങൾക്കും പോലീസ് സ്റ്റേഷനിൽ പ്രവേശിച്ച് 12-ാം വകുപ്പനുസരിച്ച് സൂക്ഷിച്ചിരിക്കുന്ന ഏതൊരു ജനറൽ ഡയറിയിലെയും ഉൾക്കുറിപ്പുകളും കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള ഏതൊരാളിന്റെയും സ്ഥിതിയും നേരിട്ട് പരിശോധിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പോലീസ് സ്റ്റേഷൻ സന്ദർശിക്കുന്ന ഏതൊരാളും അദ്ദേഹത്തിന്റെ സന്ദർശനം തൽസമയം ഡയറിയിൽ രേഖപ്പെടുത്തേണ്ടതും തന്റെ നിരീക്ഷണത്തിന്റെ ചുരുക്കം ജില്ലാ പോലീസ് മേധാവിയെ എത്രയും പെട്ടെന്ന് അറിയിക്കേണ്ടതും അത്തരം നിരീക്ഷണങ്ങളിൻമേൽ ആവശ്യമായേക്കാവുന്ന തുടർ നടപടികൾ ജില്ലാ പോലീസ് മേധാവി എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതുമാണ്.

## അദ്ധ്യായം IV

## പോലീസ് സേനയുടെ പൊതുവായ ഘടന

14. കേരള പോലീസ്.–(1) കേരള സംസ്ഥാനത്തിന് കേരള പോലീസ് എന്ന പേരിൽ ഒരു ഏകീകൃത പോലീസ് സേന ഉണ്ടായിരിക്കുന്നതും അതിനെ കാലാകാലങ്ങളിൽ ഭൂമിശാസ്ത്രപരമോ പ്രവർത്തനക്ഷമതാപരമോ ആയ ഏതെങ്കിലും സൗകര്യത്തിന്റെയോ പ്രത്യേക ഉദ്ദേശ്യത്തിന്റെയോ അടിസ്ഥാനത്തിൽ വിവിധ സബ് യൂണിറ്റുകളായോ, യൂണിറ്റുകളായോ, ബ്രാഞ്ചുകളായോ, വിംഗുകളായോ സർക്കാരിന് തീരുമാനിച്ച് വിഭജിക്കാവുന്നതുമാണ്.

(2) കേരളാ പോലീസ് സേനയിൽ, ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫിനെക്കാൾ ഉയർന്ന ഒരു പദവി ഇല്ല എന്നതിനു വിധേയമായി, സർക്കാർ, കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വിവിധ പദവികൾ ഉള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്താവുന്നതും ആ പദവികൾ ആരോഹണ ക്രമത്തിൽ ഇനി പറയുന്ന പ്രകാരം ആയിരിക്കുന്നതുമാണ്,–

(എ) പോലീസ് കോൺസ്റ്റബിൾ;

(ബി) പോലീസ് ഹെഡ്കോൺസ്റ്റബിൾ ;

(സി) അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്;

(ഡി) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്;

(ഇ) ഇൻസ്പെക്ടർ ഓഫ് പോലീസ്;

(എഫ്) ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്;

(ജി) സൂപ്രണ്ട് ഓഫ് പോലീസ്;

(എച്ച്) ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്;

(ഐ) ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്;

(ജെ) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്;

(കെ) ഡയറക്ടർ ജനറൽ ഓഫ് പോലീസ്;

(എൽ) ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫ്.

(3) സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവിലൂടെ, കേരള പോലീസിലോ മറ്റ് സംസ്ഥാനങ്ങളിലോ കേന്ദ്രസർക്കാരിലോ നിലവിലുള്ള ഏതൊരു പോലീസ് പദവിയെയും വ്യക്തമാക്കാനുപയോഗിക്കുന്ന മറ്റേതെങ്കിലും പദപ്രയോഗങ്ങൾ മേൽപ്പറഞ്ഞ പദവികളിൽ ഏതെങ്കിലും ഒന്നിന് തുല്യമെന്ന് കരുതപ്പെടാവുന്നതാണെന്ന് വിനിർദ്ദേശിക്കാ വുന്നതാണ്.

(4) (2) -ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ പുതിയ ഒരു പദവി സൃഷ്ടിക്കുന്നതിനോ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു പദവിക്ക് പുതിയ ഒരു ഉദ്യോഗപേര് നൽകുന്നതിനോ ഉള്ള സർക്കാരിന്റെ അധികാരത്തെ ബാധിക്കുന്നതല്ല.

15. പോലീസ്ഘടനയെ സർക്കാർ വിനിർദ്ദേശിക്കണമെന്ന് (1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, പോലീസ് സേനയിൽ സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവിലൂടെ നിശ്ചയിച്ചേക്കാവുന്നത്ര ഉദ്യോഗസ്ഥർ ഓരോ പദവിയിലും ഉൾപ്പെടേണ്ടതും അപ്രകാരമുള്ള ഉത്തരവുപ്രകാരമുള്ള ഘടനയും രൂപവും, ഓഫീസുകളും അധികാരിതക്രമവും, ആജ്ഞാശ്രേണിയും, ഭരണപരമായ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കേണ്ടതുമാണ്.

(2) കൂടുതൽ ജനസംഖ്യയും സങ്കീർണ്ണമായ ക്രമസമാധാന പ്രശ്നങ്ങളും നിലനിൽക്കുന്ന മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ കൂടുതൽ വൈദഗ്ദ്ധ്യമുള്ളതും ഏകീകൃതവും നിയമപരമായ അധികാരവും ഉത്തരവാദിത്വവുമുള്ള മെട്രോ പൊളിറ്റൻ പോലീസ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

(3) മെട്രോപൊളിറ്റൻ പ്രദേശങ്ങളിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പര്യാപ്തമായ പ്രത്യേക പോലീസ് ഘടന ഒരു വിജ്ഞാപനത്തിലൂടെ ഗവൺമെന്റ് പുറപ്പെടുവിക്കേണ്ടതാണ്.

(4) ഒരു മെട്രോ പൊളിറ്റൻ പ്രദേശത്തെ പോലീസ് ഭരണത്തിനായി ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറലിൽ കുറയാത്ത പദവിയിലുള്ള ഒരു പോലീസ് ഓഫീസറെ കമ്മീഷണറായി നിയമിക്കേണ്ടതാണ്.

(5) കമ്മീഷണർക്കും കമ്മീഷണർക്ക് കീഴിലുള്ള മറ്റു ഉദ്യോഗസ്ഥർക്കും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, കമ്മീഷണറും മറ്റു ഉദ്യോഗസ്ഥരും സംസ്ഥാന പോലീസ് മേധാവിയുടെ നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കേണ്ടതാണ്.

(6) മെട്രോപൊളിറ്റൻ പോലീസ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ പോലീസ് കമ്മീഷണർക്ക് ഈ ആക്റ്റോ, 1973ലെ ക്രിമിനൽ നടപടി നിയമ സംഹിതയോ (1974 ലെ രണ്ടാം കേന്ദ്ര ആക്റ്റ്), ഏതെങ്കിലും സംസ്ഥാന നിയമങ്ങളോ പ്രകാരം ജില്ലാ മജിസ്ട്രേറ്റിനുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി വിനിയോഗിക്കാവുന്നതാണ്.

16. പോലീസ് ജില്ല.- സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി, ഏതൊരു പ്രദേശത്തേയും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന തീയതി മുതൽ ഒരു പോലീസ് ജില്ലയായി പ്രഖ്യാപിക്കാവുന്നതാണ്.

എന്നാൽ, ഒരു പോലീസ് ജില്ലയിൽ ഒന്നിൽ കൂടുതൽ റവന്യൂ ജില്ലകളുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതല്ല.

17. ജില്ലാ പോലീസ് മേധാവി.- (1) ഒരു പോലീസ് ജില്ലയിലെ പോലീസ് സേനയും പോലീസ് സ്റ്റേഷനുകളും അതിനോടനുബന്ധിച്ച മറ്റ് ഓഫീസുകളും സർക്കാർ ഉത്തരവുകൾക്കും സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിനും നിയമപരമായ ഉത്തരവിനും വിധേയമായി സർക്കാർ നിശ്ചയിക്കുന്ന പദവിയിലുള്ള ഒരു ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കേണ്ടതും സർക്കാർ നിശ്ചയിക്കുന്ന പദവികളിലുള്ള പോലീസ് ഉദ്യോഗസ്ഥർ അദ്ദേഹത്തെ അക്കാര്യത്തിൽ സഹായിക്കേണ്ടതുമാണ്.

(2) ജില്ലാ പോലീസ് മേധാവി, സൂപ്രണ്ട് ഓഫ് പോലീസിന്റെ പദവിയിൽ താഴെയുള്ള ഒരു ഉദ്യോഗസ്ഥൻ ആയിരിക്കുവാൻ പാടുള്ളതല്ല.

18. സംസ്ഥാന പോലീസ് മേധാവി - (1) സംസ്ഥാനത്ത് ഒട്ടാകെയുള്ള പോലീസിന്റെ ഭരണനിർവ്വഹണവും, മേൽനോട്ടവും, നിർദ്ദേശവും, നിയന്ത്രണവും സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായി, സംസ്ഥാന പോലീസ് മേധാവി എന്ന ഉദ്യോഗപ്പേരുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ഇന്ത്യൻ പോലീസ് സർവ്വീസിലെ സംസ്ഥാന കേഡറിലെ ഉദ്യോഗസ്ഥർക്കിടയിൽ നിന്നും, സംസ്ഥാന പോലീസ് സേനയെ നയിക്കുന്നതിനുള്ള പ്രാപ്തിയും മൊത്തമായ സേവന ചരിത്രവും തൊഴിൽ സംബന്ധമായ അറിവ്, പരിചയം എന്നിവയും കണക്കിലെടുത്ത് സർക്കാർ ഒരു സംസ്ഥാന പോലീസ് മേധാവിയെ നിയമിക്കേണ്ടതാണ്:

എന്നാൽ, സംസ്ഥാനത്തിനുവേണ്ടി ഏതെങ്കിലും കോടതിയിലോ, ട്രൈബ്യൂണലിലോ വകുപ്പുതല ഏജൻസിയിലോ ഫയൽ ചെയ്തിട്ടുള്ള ഒരു കേസ്സിലോ ശിക്ഷണ നടപടി ക്രമത്തിലോ ഒരു ഉദ്യോഗസ്ഥനെതിരായി ഏതെങ്കിലും കുറ്റപത്രം നൽകപ്പെടുകയോ നിലനിൽക്കുകയോ ആണെങ്കിൽ ആ ഉദ്യോഗസ്ഥനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിക്കുവാൻ പാടുള്ളതല്ല.

(3) ഈ ആക്റ്റ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കേരള സംസ്ഥാനത്ത് പോലീസിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്ന എല്ലാ ആളുകളും, സംസ്ഥാന പോലീസ് മേധാവിയുടെ കീഴുദ്യോഗസ്ഥരായിരിക്കുന്നതാണ്.

(4) സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന എണ്ണത്തിലും വിവിധ പദവികളിലുമുള്ള ഉദ്യോഗസ്ഥർ സംസ്ഥാന പോലീസ് മേധാവിയെ സഹായിക്കേണ്ടതാണ്.

(5) സംസ്ഥാന പോലീസ് മേധാവിയെക്കാൾ സീനിയറായ ഉദ്യോഗസ്ഥരെ കേരള പോലീസിൽ നിയമിക്കാൻ പാടുള്ളതല്ല.

19. ജില്ലാ മജിസ്ട്രേറ്റ് ഏകോപിപ്പിക്കേണ്ടതാണെന്ന്.- (1) ജില്ലയുടെ പൊതുവായ ഭരണ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കേണ്ടുന്ന ആവശ്യത്തിലേക്കായി ജില്ലാ മജിസ്ട്രേറ്റിന് ഇനി പറയുന്ന കാര്യങ്ങളിൽ പോലീസിന്റെ പ്രവർത്തനങ്ങൾ ജില്ലയുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റു ഏജൻസികളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. അതായത്.-

(എ) ഭൂപരിഷ്കരണം പ്രോത്സാഹിപ്പിക്കുന്നതും ഭൂമി സംബന്ധമായ തർക്കങ്ങൾ തീർപ്പാക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ;

(ബി) ജില്ലയിലെ വ്യാപകമായ പൊതു സമാധാന ഭഞ്ജനവും, സമാധാനം പുന ഃസ്ഥാപിക്കലും സംബന്ധിച്ച കാര്യങ്ങൾ;

(സി) ജില്ലയിലെ ഒരു പൊതു സ്ഥാപനത്തിന്റെ തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ;

(ഡി) പ്രകൃതി ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതും പ്രകൃതി ദുരന്തങ്ങളാൽ ദുരിതം അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ;

(ഇ) പുറമെ നിന്നുള്ള ഏതെങ്കിലും ആക്രമണങ്ങളാൽ ഉണ്ടാകുന്ന സാഹചര്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ; കൂടാതെ

(എഫ്) ഏതെങ്കിലും ഒരു വകുപ്പിന്റെ പരിധിക്കുള്ളിൽ വരാത്തതും ജില്ലയിലെ ആളുകളുടെ പൊതുവായ ക്ഷേമത്തെ ബാധിക്കുന്നതുമായ മറ്റു സമാനമായ കാര്യങ്ങൾ;

(2) അപ്രകാരമുള്ള ഏകോപിപ്പിക്കലിന്റെ ആവശ്യത്തിലേക്കായി ജില്ലാ മജിസ്ട്രേറ്റിന്; (എ)ആവശ്യമായി വരുമ്പോഴൊക്കെ പോലീസിൽ നിന്നും ജില്ലയുടെ പൊതു ഭരണവുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റു ഏജൻസികളിൽ നിന്നും പൊതുവായതോ പ്രത്യേകമായതോ ആയ സ്വഭാവത്തിലുള്ള വിവരങ്ങൾ ആവശ്യപ്പെടുകയും;

(ബി) പോലീസോ മറ്റു ഏജൻസികളോ ആ സാഹചര്യം കൈകാര്യം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടുകയും;

(സി) ആവശ്യമെന്ന് തോന്നുന്ന കാര്യങ്ങളെ സംബന്ധിച്ച് പോലീസിനും ബന്ധപ്പെട്ട ഏജൻസികൾക്കും അപ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകുകയും;

(ഡി) പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനമാണോ ആവശ്യമായി വരുന്നത് പ്രസ്തുത വകുപ്പുകൾ എല്ലാം തന്നെ ആവശ്യമായ എല്ലാ സഹായങ്ങളും ജില്ലാ പോലീസ് മേധാവിക്ക് നൽകുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.

20. പോലീസ് മാന്വൽ.- (1) രൂപഭേദപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള സർക്കാരിന്റെ അധികാരത്തിന് വിധേയമായി സംസ്ഥാന പോലീസ് മേധാവിക്ക്, കാലാകാലങ്ങളിൽ, പോലീസിന്റെ കർത്തവ്യങ്ങളുടെയും ചുമതലകളുടെയും കാര്യക്ഷമമായ നിർവ്വഹണത്തിന് വേണ്ടി പൊതുവായും പോലീസിന്റെ മേൽനോട്ടം, പോലീസ് സേനയുടെ ഭരണ നിർവ്വഹണം, സേനയിലെ അംഗങ്ങളുടെയോ ഓരോ പദവിയിലുള്ളവരുടെയോ ഓരോ വിഭാഗത്തിന്റെയോ പ്രത്യേക കർത്തവ്യങ്ങൾ, ആന്തരിക പരിശോധനാ രീതികൾ, സൂക്ഷിക്കപ്പെടേണ്ട രേഖകൾ, ആയുധങ്ങൾ, ഉപകരണങ്ങൾ, കർത്തവ്യ നിർവ്വഹണത്തിന് ആവശ്യമായ വസ്തുക്കൾ, രഹസ്യ വാർത്തകളുടെയും വിവരങ്ങളുടെയും ശേഖരണം, വിനിമയം, കർത്തവ്യ നിർവ്വഹണ രീതി, അധികാര

ദുർവിനിയോഗമോ കൃത്യവിലോപമോ തടയുന്ന രീതി എന്നിവ സംബന്ധിച്ച് പ്രത്യേകിച്ചും, ഈ ആക്റ്റിനും അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത സ്റ്റാന്റിംഗ് ഓർഡറുകളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കാവുന്നതും സമാഹരിപ്പിക്കാവുന്നതുമാണ്.

(2) സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിക്കുന്ന പ്രകാരമുള്ള ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അവയുമായി ബന്ധപ്പെട്ടു പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും സർക്കാർ ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും സമാഹരണം പോലീസ് മാന്വൽ എന്ന് അറിയപ്പെടുന്നതാണ്.

(3) ഏതെങ്കിലും സാഹചര്യത്തിൽ അപ്രകാരം ആവശ്യമാണെങ്കിൽ സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി മാന്വലിലെ ഏതെങ്കിലും വ്യവസ്ഥ ഭേദഗതി ചെയ്യാവുന്നതാണ്.

21. പ്രത്യേക വിംഗുകൾ, യൂണിറ്റുകൾ, ബ്രാഞ്ചുകൾ, സ്ക്വാഡുകൾ – (1) സർക്കാരിന് പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവുവഴി സംസ്ഥാന പോലീസ് മേധാവിയെയോ പോലീസിന്റെ ചുമതല നിർവ്വഹിക്കുന്ന മറ്റുള്ളവരെയോ ജില്ലാ പോലീസ് മേധാവിയെയോ പൊതുവായി പോലീസിനെയോ അവരുടെ ചുമതലകളിലും കർത്തവ്യങ്ങളിലും സഹായിക്കുന്നതിന് സർക്കാർ ഉത്തരവുവഴി നിശ്ചയിക്കാവുന്ന അംഗസംഖ്യ, ആന്തരികഘടകങ്ങൾ, അധികാരങ്ങൾ, കർത്തവ്യങ്ങൾ, അധികാരിത, ആന്തരികമോ ബാഹ്യമോ ആയ മേൽനോട്ട ഘടന എന്നിവയോടുകൂടിയ ഏതെങ്കിലും വിംഗ്, സ്പെഷ്യൽ യൂണിറ്റ്, സ്പെഷ്യലൈസ്ഡ് ബ്രാഞ്ച് അല്ലെങ്കിൽ സ്പെഷ്യൽ സ്ക്വാഡ്, മുതലായവ രൂപീകരിക്കാവുന്നതും നിലനിറുത്താവുന്നതുമാണ്.

(2) മറ്റു സംഗതികൾക്കൊപ്പം, സർക്കാരിന് ആവശ്യമായേക്കാവുന്ന ഇനി പറയുന്ന സംഗതികൾക്കായി യൂണിറ്റുകൾ രൂപീകരിക്കുകയോ അവയ്ക്കായി പ്രത്യേക ക്രമീകരണങ്ങൾ നടത്തുകയോ ചെയ്യാവുന്നതാണ്,–

(എ) ദേശീയ സുരക്ഷയെ പ്രത്യക്ഷമായോ, പരോക്ഷമായോ ബാധിക്കുന്ന രഹസ്യവാർത്ത ശേഖരിക്കുക, രാഷ്ട്ര സുരക്ഷ, ക്രമസമാധാനപാലനം, പൊതുസുരക്ഷാപാലനം, കുറ്റകൃത്യങ്ങൾ തടയൽ, മർമ്മ പ്രധാനമായ സ്ഥാപനങ്ങളുടെയും തീവ്രവാദികളിൽ നിന്നോ ഭീകരവാദികളിൽ നിന്നോ കടുത്ത ഭീഷണി നേരിടുന്ന വ്യക്തികളുടെയും സുരക്ഷ;

(ബി) സങ്കീർണ്ണമോ, നീചമോ, പ്രമാദമോ, പ്രത്യേക പ്രാധാന്യമുള്ളതോ ആയ കുറ്റകൃത്യങ്ങളുടെ അന്വേഷണം;

(സി) ട്രാഫിക് നിയന്ത്രണം;

(ഡി) തീരദേശം, പുഴ, കായൽ പ്രദേശം നീർത്തടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പോലീസ് സേവനവും വിനോദസഞ്ചാരികളുടെയും തീർത്ഥാടകരുടെയും സംരക്ഷണത്തിനായുള്ള പോലീസ് സേവനവും;

(ഇ) റെയിൽവേയിലെ പോലീസ് സേവനം;

(എഫ്) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും സംബന്ധിച്ച് വിവരവും രഹസ്യവാർത്തയും ശേഖരിക്കുന്നതും പരിശോധിക്കുന്നതും പട്ടിക തയ്യാറാക്കലും അവയുടെ വിശകലനവും ബ്യൂറോ ഓഫ് മിസ്സിംഗ് പേഴ്സൺസിന്റെ പ്രവർത്തനവും;

(ജി) പോലീസ് സ്റ്റേഷനുകളിൽ പ്രതികളായോ, കുറ്റകൃത്യത്തിന് ഇരയായവരോ ആയി എത്തുന്ന കുട്ടികളുടെ പ്രത്യേക സുരക്ഷയ്ക്കായി ജുവനൈൽ പോലീസ് യൂണിറ്റ് ;

(എച്ച്) കമ്പ്യൂട്ടറുകളും മറ്റു ഡിജിറ്റൽ സേവനങ്ങളും തെരഞ്ഞെടുക്കുന്നതിനും, ഉപയോഗിക്കുന്നതിനും, പ്രയോജനപ്പെടുത്തുന്നതിനും പോലീസ് ഓഫീസുകളെയും ഉദ്യോഗസ്ഥരെയും സഹായിക്കുകയും അതിനായി ആവശ്യമുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുകയും ചെയ്യുക;

(ഐ) പോലീസ് ആവശ്യങ്ങൾക്കായി ടെലികമ്മ്യൂണിക്കേഷന്റെയും ഡിജിറ്റൽ വാർത്താവിനിമയ ശൃംഖലകളുടെയും പരിപാലനം;

(ജെ) വിരലടയാളം, ഫോട്ടോഗ്രാഫി, ഏതെങ്കിലും ഡിജിറ്റൽ അഥവാ ബയോമെട്രിക് ടെക്നിക് എന്നീ മാർഗ്ഗങ്ങളിലൂടെ വ്യക്തികളുടെയും വസ്തുക്കളുടെയും തിരിച്ചറിയൽ;

(കെ) ജില്ലാ പോലീസിലോ തദ്ദേശ പോലീസ് സ്റ്റേഷനുകളിലോ പോലീസിന്റെ ഏതെങ്കിലും ചുമതല ശരിയായ രീതിയിൽ നിർവ്വഹിക്കുന്നതിന് എപ്പോഴും എവിടെയും സംഖ്യാബലം കുറവാകുമ്പോൾ വിന്യസിക്കുന്നതിനായി നല്ല വിധത്തിൽ പരിശീലനം സിദ്ധിച്ചതും ശരിയായ ആജ്ഞാശ്രേണിയോടുകൂടിയതുമായ റിസർവ്വ് സേനയുടെ പരിപാലനം;

(എൽ) പുതിയതായി നിയമിക്കപ്പെടുന്നവർക്കും സർവ്വീസിലുള്ളവർക്കും പോലീസ് സേവനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, സർക്കാർ നിശ്ചയിച്ചേക്കാവുന്ന മറ്റേതെങ്കിലും വ്യക്തികൾക്കും സംഘത്തിനും ഉള്ള പരിശീലനം;

(എം) കുറ്റകൃത്യം, ദുരന്തം, അപകടം മുതലായവയുമായി ബന്ധപ്പെട്ട് പ്രതികരിക്കത്തക്കവിധത്തിൽ സജ്ജമാക്കിയിട്ടുള്ള കൺട്രോൾ റൂമുകൾ പോലെയുള്ള സ്പെഷ്യലൈസ്ഡ് റസ്പോൺസ് യൂണിറ്റുകൾ;

(എൻ) തദ്ദേശീയമോ പ്രത്യേകമായതോ ആയ ഏതെങ്കിലും നിയമം നടപ്പിലാക്കൽ അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്ത് പ്രത്യേകമായി നിയമം നടപ്പിലാക്കൽ;

(ഒ) ഡിജിറ്റൽ ആന്റ് സൈബർ പോലീസിംഗ്;

(പി) പോലീസിന്റെ കർത്തവ്യങ്ങളിലും ചുമതലകളിലും ഫലപ്രദമായി സഹായിക്കുന്നതിന് ഫോറൻസിക് സഹായകസേവനങ്ങൾ;

(ക്യൂ) ഭരണപരം, ധനകാര്യം, ഡോക്യുമെന്റേഷൻ എന്നീ കാര്യങ്ങളിലുള്ള നടപടികളിലൂടെ പോലീസ് പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണപരമായ സഹായക സേവനങ്ങൾ;

(ആർ) വിവിധതരത്തിലുള്ള ഓഫീസുകളുടെയും പോലീസ് സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിൽ സഹായിക്കുന്നതിനും അവശ്യജോലികളായ വൃത്തിയാക്കൽ, വെടിപ്പാക്കൽ, പാചകം, ഉപകരണങ്ങളുടെയും പ്രദേശങ്ങളുടെയും പരിപാലനം മുതലായവയ്ക്കും ആവശ്യമായ പൊതുവായ സഹായക സേവനങ്ങൾ;

(എസ്) വിവിധ പോലീസ് സേവനങ്ങളുമായി ബന്ധപ്പെട്ട സാമൂഹികവും തൊഴിൽപരവുമായ കാര്യങ്ങൾക്കും ആധുനിക പോലീസ് സേവനത്തിന്റെ വികാസത്തിനും നിവാരണ അന്വേഷണാത്മക സങ്കേതങ്ങൾക്കും വേണ്ടിയുള്ള പഠനങ്ങളും ഗവേഷണ വികസന സഹായവും.

(3) സർക്കാർ ഈ യൂണിറ്റുകളെ സജ്ജമാക്കുകയും അത്തരം യൂണിറ്റുകളെ സങ്കേതികവും തൊഴിൽപരവുമായ ക്ഷമതയുടെ ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുവാൻ പ്രാപ്തമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട അത്തരം യൂണിറ്റുകളിൽ സർക്കാർ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഉദ്യോഗപദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥരോ പോലീസിതര ഉദ്യോഗസ്ഥരോ രണ്ടുംകൂടിയോ ഉൾപ്പെടേണ്ടതും സർക്കാരിന് അവരുടെ സേവന വ്യവസ്ഥകൾ, അവർക്കു നൽകേണ്ടതായ പ്രത്യേക അലവൻസുകൾ, ആവശ്യമായ പ്രത്യേക യോഗ്യതകൾ, വൈദഗ്ദ്ധ്യം അവർക്ക് വ്യക്തിഗതമായോ കൂട്ടായോ ലഭ്യമാക്കേണ്ട പ്രത്യേക സൗകര്യങ്ങൾ എന്നിവ നിശ്ചയിക്കാവുന്നതാണ്.

22. ഒരു പോലീസ് ഉദ്യോഗസ്ഥന് സ്വയം കീഴുദ്യോഗസ്ഥന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കാവുന്നതാണെന്ന് - ഒരു പോലീസ് ഉദ്യോഗസ്ഥന്, തന്റെ കീഴുദ്യോഗസ്ഥന് നിയമപ്രകാരമോ നിയമപ്രകാരമുള്ള ഉത്തരവ് വഴിയോ ഏൽപ്പിച്ചുകൊടുക്കപ്പെട്ട ഏതൊരു ചുമതലയും സ്വയം നിർവ്വഹിക്കാവുന്നതും അപ്രകാരമുള്ള കീഴുദ്യോഗസ്ഥന് ഏതെങ്കിലും കർത്തവ്യങ്ങൾ ഏൽപ്പിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ മേലുദ്യോഗസ്ഥനായ ഒരു പോലീസ് ആഫീസർക്ക്, ആവശ്യമെന്നു ബോദ്ധ്യമാകുന്നപക്ഷം, നിയമപാലനത്തിന് കൂടുതൽ പൂർണ്ണമോ സൗകര്യപ്രദമോ ആയ പ്രഭാവം നൽകുന്നതിനോ നിയമലംഘനം ഒഴിവാക്കുന്നതിനോ ആവശ്യമെന്നോ യുക്തമെന്നോ ഉത്തമബോദ്ധ്യമുണ്ടെങ്കിൽ, അയാളുടെ സ്വന്തം നടപടി മുഖേനയോ അല്ലെങ്കിൽ അയാളുടെ ആജ്ഞയുടെയോ അധികാരത്തിന്റെയോ കീഴിൽ നിയമപരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും ആളിന്റെ നടപടി മുഖേനയോ തന്റെ കീഴുദ്യോഗസ്ഥന്റെ നടപടിയെ സഹായിക്കുകയോ പരിപോഷിപ്പിക്കുകയോ അതിലംഘിക്കുകയോ തടയുകയോ ചെയ്യാവുന്നതാണ്.

23. ക്രമസമാധാനത്തിൽ നിന്നും അന്വേഷണം വേർതിരിക്കൽ - (1) സർക്കാരിന്, ഒരു പ്രദേശത്തെ ജനസംഖ്യയോ നിലവിലുള്ള സാഹചര്യമോ കണക്കിലെടുത്ത് വിനിർദ്ദേശിക്കാവുന്ന അത്തരം പ്രദേശത്ത് വേഗത്തിലുള്ളതും ഫലപ്രദവും പ്രൊഫഷണലുമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനായി ഉത്തരവുവഴി ക്രമസമാധാന പരിപാലന ചുമതലയുള്ള പോലീസിൽ നിന്നും അന്വേഷണ ചുമതലയുള്ള പോലീസിനെ വേർതിരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പോലീസ് സേനയുടെ വേർതിരിക്കപ്പെട്ട രണ്ട് വിഭാഗങ്ങളുടെയും സമ്പൂർണ്ണമായ ഏകോപനം ജില്ലാ പോലീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

24. സംസ്ഥാന സുരക്ഷാ കമ്മീഷൻ.- (1) സർക്കാർ. ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റ് പ്രകാരം നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനുമായി ഒരു സംസ്ഥാന സുരക്ഷാ കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(i) ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, കമ്മീഷന്റെ ചെയർമാനായിരിക്കുന്നതാണ്;

(ii) നിയമവകുപ്പിന്റെ ചുമതലയുള്ള മന്ത്രി;

(iii) പ്രതിപക്ഷ നേതാവ്;

(iv) കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റിസ് നാമനിർദ്ദേശം ചെയ്യുന്ന ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി;

(v) ചീഫ് സെക്രട്ടറി, എക്സ്-ഒഫിഷ്യോ;

(vi) ആഭ്യന്തര വകുപ്പ് സെക്രട്ടറി, എക്സ്-ഒഫിഷ്യോ;

(vii) സംസ്ഥാന പോലീസ് മേധാവി, എക്സ്-ഒഫിഷ്യോ;

(viii) ക്രമസമാധാന പാലനം, ഭരണ നിർവ്വഹണം, മനുഷ്യാവകാശങ്ങൾ, നിയമം, സാമൂഹ്യസേവനം, പൊതുഭരണ നടത്തിപ്പ് എന്നിവയിൽ വിപുലമായ വിജ്ഞാനവും പരിചയവുമുള്ള പൊതു ജീവിതത്തിലെ പ്രമുഖരായ വ്യക്തികളിൽ നിന്നും ഗവർണ്ണർ നാമ നിർദ്ദേശം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ അവരിൽ ഒരാൾ വനിതയായിരിക്കേണ്ട താണ്;

(3) സംസ്ഥാന പോലീസ് മേധാവി കമ്മീഷന്റെ സെക്രട്ടറിയായിരിക്കുന്നതാണ്.

(4) നാമനിർദ്ദേശം ചെയ്യപ്പെട്ട ഓരോ അംഗവും രാജിയാലോ, മരണത്താലോ മറ്റ് വിധത്തിലോ നേരത്തേ തന്നെ അവരുടെ സ്ഥാനം ഒഴിവാകാത്തപക്ഷം അഞ്ച് വർഷക്കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതും പുനർനാമനിർദ്ദേശത്തിന് യോഗ്യരായിരിക്കുന്നതുമാണ്.

(5) നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗം മതിയായ കാരണമില്ലാതെ തുടർച്ചയായി കമ്മീഷന്റെ മുന്നിൽ കൂടുതൽ യോഗങ്ങളിൽ ഹാജരാകാത്തപക്ഷം കമ്മീഷന്റെ ചെയർമാന് അത്തരം അംഗത്തെ കമ്മീഷന്റെ അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, അത്തരം നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കാൻ ന്യായമായ ഒരു അവസരം നൽകിയശേഷമല്ലാതെ യാതൊരംഗത്തെയും ഈ ഉപവകുപ്പിന്റെ വ്യവസ്ഥകൾ പ്രകാരം നീക്കം ചെയ്യാൻ പാടുള്ളതല്ല.

(6) നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരു അംഗത്തിനും രാജിവയ്ക്കാനുള്ള തന്റെ ഉദ്ദേശ്യം ചെയർമാന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട് അപ്രകാരം ചെയ്യാവുന്നതും അപ്രകാരമുള്ള രാജി സ്വീകരിക്കപ്പെട്ടാൽ അംഗം സ്ഥാനമൊഴിഞ്ഞതായി കരുതപ്പെടേണ്ടതുമാണ്.

(7) സുരക്ഷാ കമ്മീഷനിലുണ്ടാകുന്ന ഒഴിവുകൾ മൂന്ന് മാസത്തിനകം നികത്തേണ്ടതാണ്.

(8) കമ്മീഷൻ അതിന്റേതായ പ്രവർത്തികളുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും ക്രമീകരിക്കേണ്ടതാണ്.

(9) നാമനിർദ്ദേശം ചെയ്യപ്പെട്ട സംസ്ഥാന സുരക്ഷാ കമ്മീഷൻ അംഗങ്ങൾക്ക് നൽകേണ്ടതായ ഫീസും ബത്തകളും അവരുടെ സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കും.

25. കമ്മീഷന്റെ ചുമതലകൾ.- (1) കമ്മീഷന് ഇനിപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) സംസ്ഥാനത്ത് പോലീസ് സേന പ്രവർത്തിക്കുന്നതിനുള്ള പൊതുവായ നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകുക;

(ബി) പോലീസിന്റെ കുറ്റകൃത്യ നിവാരണ ദൗത്യത്തിന്റെയും സേവനാധിഷ്ഠിത പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായി നിർദ്ദേശങ്ങൾ നൽകുക;

(സി) പൊതുവിൽ സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുക.

(ഡി) കമ്മീഷന്റെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

(ഇ) സംസ്ഥാന പോലീസിൽ കാലാകാലങ്ങളിൽ ഉണ്ടാകേണ്ട മാറ്റങ്ങൾക്ക് മാർഗ്ഗനിർദ്ദേശം തയ്യാറാക്കി നൽകുക;

(എഫ്) സർക്കാർ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

(2) (1) -ാം ഉപവകുപ്പ് (ഡി) ഖണ്ഡത്തിൻകീഴിൽ കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ട് തൊട്ടടുത്ത് വരുന്ന സമ്മേളനത്തിൽ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

(3) കമ്മീഷന്റെ യാതൊരു പ്രവൃത്തിയേയും നടപടികളേയും, അങ്ങനെയുള്ള പ്രവൃത്തിയോ നടപടികളോ ചെയ്തതോ പുറപ്പെടുവിച്ചതോ ആയ സമയത്ത് കമ്മീഷനിൽ ഏതെങ്കിലും ഒഴിവുണ്ടായിരുന്നു എന്ന കാരണത്താൽ മാത്രം അസാധുവായി കരുതപ്പെടുവാൻ പാടുള്ളതല്ല.

(4) കമ്മീഷൻ പുറപ്പെടുവിച്ച ഏതെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളോ നിർദ്ദേശങ്ങളോ നിലവിലുണ്ടെങ്കിലും ഒരു അടിയന്തിരഘട്ടം നേരിടുന്നതിനായി സന്ദർഭം അപ്രകാരം ആവശ്യപ്പെടുന്ന പക്ഷം, സർക്കാരിന് ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് സർക്കാർ ആവശ്യമെന്ന് കരുതുന്ന നിർദ്ദേശങ്ങൾ നിയമാനുസരണം പുറപ്പെടുവിക്കാവുന്നതാണ്.

(5) കമ്മീഷന്റെ നിർദ്ദേശങ്ങൾ പോലീസ് വകുപ്പിന് ബാധകമായിരിക്കുന്നതാണ്:

എന്നാൽ, സർക്കാരിന് കാരണങ്ങൾ എഴുതി രേഖപ്പെടുത്തിയതിനുശേഷം കമ്മീഷന്റെ ഏതൊരു ശുപാർശയെയോ നിർദ്ദേശത്തെയോ പൂർണ്ണമായോ ഭാഗികമായോ നിരസിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

26. പോലീസിന്റെ പ്രവർത്തനം വിലയിരുത്തൽ.- (1) സംസ്ഥാന സുരക്ഷാ കമ്മീഷൻ, മുൻ സാമ്പത്തിക വർഷത്തിലെ പോലീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും അടുത്ത സാമ്പത്തിക വർഷത്തിലേക്കുള്ള പ്രവർത്തന നിലവാരം നിർദ്ദേശിക്കുന്നതിനുമായി പോലീസ് പ്രവർത്തനങ്ങളിലോ പൊതുഭരണത്തിലോ സോഷ്യോളജി അല്ലെങ്കിൽ ക്രിമിനോളജി പഠനങ്ങളിലോ സുപരിചിതരായ മൂന്നു വിദഗ്ധർ അടങ്ങുന്ന ഒരു പാനലിനെ ഓരോ വർഷവും നിയമിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന പാനലിലെ അംഗങ്ങൾ തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ അംഗങ്ങളായി തുടരുവാൻ പാടുള്ളതല്ല.

(3) കുറ്റകൃത്യങ്ങളുടെ രജിസ്റ്റർ ചെയ്യൽ, ബോധപൂർവ്വം പരിമിതപ്പെടുത്തിയ കുറ്റകൃത്യ സ്ഥിതിവിവരക്കണക്കുകൾ പോലീസ് തയ്യാറാക്കുന്നത് നിരുത്സാഹപ്പെടുത്തി, കുറ്റകൃത്യങ്ങൾ കുറഞ്ഞുവരുന്നു എന്ന് സൂചിപ്പിക്കുന്നതിനായി അത്തരം കണക്കുകൾ തെളിവായെടുക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിച്ചുകൊണ്ടും പോലീസ് വകുപ്പിലെ മനുഷ്യശേഷിവിനിയോഗവും വിഭവവിനിയോഗവും പോലീസ് നൽകുന്ന വിവിധ സേവനങ്ങളും പോലീസിന്റെ എല്ലാ മേഖലകളിലുമുള്ള പ്രവർത്തനങ്ങളും സംബന്ധിച്ച് ഗുണമേന്മനിലവാരങ്ങൾ ആവഷ്കരിക്കാൻ ശ്രദ്ധിച്ചുകൊണ്ടും പോലീസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന സുരക്ഷാ കമ്മീഷന് മാനദണ്ഡങ്ങൾ നിശ്ചയിക്കാവുന്നതാണ്.

(4) സംസ്ഥാന സുരക്ഷാ കമ്മീഷൻ ഓരോ വർഷവും അടുത്ത സാമ്പത്തിക വർഷത്തിൽ വിവിധ യൂണിറ്റുകളും ശാഖകളും കൈവരിക്കേണ്ടതായ കർത്തവ്യ നിർവ്വഹണനിലവാരം നിശ്ചയിക്കേണ്ടതും ആയത് നടപ്പുസാമ്പത്തിക വർഷം മാർച്ച് മാസം ഒന്നാം തീയതിക്കുമുമ്പായി ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്.

## അദ്ധ്യായം V

## പോലീസുദ്യോഗസ്ഥന്റെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും

27. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കർത്തവ്യം - തന്നിൽ ഭരമേൽപ്പിക്കപ്പെട്ട കൃത്യനിർവ്വഹണ മേഖലയിൽ, ഈ ആക്റ്റ് പ്രകാരം നിഷ്കർഷിക്കപ്പെട്ട പോലീസ് ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുന്നതിനുവേണ്ടി ന്യായയുക്തവും നിയമാനുസൃതവുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുക്കേണ്ടത് ഓരോ പോലീസ് ഉദ്യോഗസ്ഥന്റെയും കർത്തവ്യമായിരിക്കുന്നതാണ്.

28. പോലീസുദ്യോഗസ്ഥന്റെ പ്രതികരണം - ഡ്യൂട്ടിയിലായിരിക്കുന്ന ഓരോ പോലീസ് ഉദ്യോഗസ്ഥനും മാനസികവും ശാരീരികവുമായി ജാഗരൂകമായിരിക്കേണ്ടതും പോലീസിന്റെ ചുമതലകളുടെ നിർവ്വഹണം നിയമാനുസൃതം ആവശ്യമുള്ള ഏതെങ്കിലും സാഹചര്യം അയാളുടെ ശ്രദ്ധയിൽപ്പെട്ടാൽ കർത്തവ്യ നിർവ്വഹണത്തിനായി പ്രായോഗികമായി കഴിയുന്നിടത്തോളം വേഗത്തിൽ പ്രതികരിക്കേണ്ടതുമാണ്.

29. പോലീസുദ്യോഗസ്ഥരുടെ പെരുമാറ്റം - (1) ഡ്യൂട്ടിയിലുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥരും പൊതുജനങ്ങളോടുള്ള ഇടപെടലുകളിൽ മര്യാദയും ഔചിത്യവും അവസരോചിതമായ സഹാനുഭൂതിയും പ്രകടിപ്പിക്കേണ്ടതും സഭ്യവും മാന്യവുമായ ഭാഷ ഉപയോഗിക്കേണ്ടതുമാണ്.

(2) നിയമപരമായ ഏതെങ്കിലും ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയല്ലാതെ പോലീസുദ്യോഗസ്ഥർ ആർക്കെങ്കിലും എതിരായി ബലപ്രയോഗം നടത്തുവാനോ ബലപ്രയോഗം നടത്തുമെന്നോ അല്ലെങ്കിൽ പ്രതികൂലമായ ഏതെങ്കിലും പോലീസ് നടപടിയോ നിയമനടപടിയോ സ്വീകരിക്കും എന്നോ ആരേയും ഭീഷണിപ്പെടുത്തുവാനോ പാടുള്ളതല്ല.

(3) പോലീസുദ്യോഗസ്ഥർ കുറ്റകൃത്യത്തിനിരയായവരോട് പ്രത്യേകമായ സഹാനുഭൂതി പെരുമാറ്റത്തിൽ പ്രകടിപ്പിക്കേണ്ടതും സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, കഴിവുകളിൽ വ്യത്യസ്തരായവർ എന്നിവരുടെ പ്രത്യേകാവശ്യങ്ങൾക്ക് പരിഗണന നൽകുന്നവരുമായിരിക്കേണ്ടതാണ്.

(4) പോലീസുദ്യോഗസ്ഥർ അനാവശ്യമായ ആക്രമണോത്സുകതാ പ്രകടനം വർജ്ജിക്കേണ്ടതും പ്രകോപനമുണ്ടായാൽ തന്നെയും ആത്മനിയന്ത്രണമില്ലാത്ത പെരുമാറ്റം ഒഴിവാക്കേണ്ടതുമാണ്.

(5) പോലീസുദ്യോഗസ്ഥരുടെ പരിചരണത്തിലോ കസ്റ്റഡിയിലോ ഉള്ള ആരോടും മോശമായി പെരുമാറുവാനോ സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കുവാനോ പാടുള്ളതല്ല.

(6) പോലീസുദ്യോഗസ്ഥർ പൊതു സ്ഥലത്ത് പ്രത്യക്ഷപ്പെടുമ്പോൾ ശാരീരികമായി സുസജ്ജരായിരിക്കേണ്ടതും, ഏതെങ്കിലും ചുമതല ശുഷ്കാന്തിയോടുകൂടി ആ സമയം നിർവ്വഹിച്ചതുമൂലമല്ലാതെ, മലിനമായതോ വൃത്തിയോ വെടിപ്പോ ഇല്ലാത്തതോ ആയ അവസ്ഥയിലല്ല എന്ന് സ്വയം ശ്രദ്ധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

30. പോലീസ് ഉദ്യോഗസ്ഥർ നല്ല ആരോഗ്യസ്ഥിതി കാത്തു സൂക്ഷിക്കേണ്ടതാണെന്ന് - (1) എല്ലാ പോലീസ് ഉദ്യോഗസ്ഥരും ശാരീരികവും മാനസികവുമായ നല്ല ആരോഗ്യനില കാത്തുസൂക്ഷിക്കേണ്ടതാണ്.

(2) സംസ്ഥാന പോലീസ് മേധാവിക്ക്, ഈ വിഷയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചേക്കാവുന്ന ഏതെങ്കിലും നിർദ്ദേശത്തിന് വിധേയമായി, പ്രായം, ലിംഗഭേദം, ജോലിയുടെ സ്വഭാവം, പൊതു സമൂഹത്തിൽ പൊതുവെ നിലവിലുള്ള അവസ്ഥ എന്നിവയ്ക്ക് മതിയായ പരിഗണന നൽകിക്കൊണ്ട്, ഒരു പോലീസ് ഉദ്യോഗസ്ഥൻ കാത്തുസൂക്ഷിക്കേണ്ട ശാരീരികവും മാനസികവുമായ കാര്യശേഷിയുടെ നിലവാരം വിനിർദേശിക്കാവുന്നതാണ്.

(3) ഏതെങ്കിലും പരിക്കോ ചുമതലാനിർവ്വഹണമോ ചുമതലാനിർവ്വഹണത്തിനിടയിൽ നേരിട്ട സാഹചര്യം മൂലമോ ദീർഘനാളത്തെ അസുഖം കൊണ്ടോ (2) -ാം ഉപവകുപ്പുപ്രകാരം വിനിർദ്ദേശിക്കപ്പെട്ട നിലവാരം കാത്തുസൂക്ഷിക്കുന്നതിന് സാധിക്കുന്നില്ല എങ്കിൽ യാതൊരു പോലീസ് ഉദ്യോഗസ്ഥനോടും, ശാരീരിക നിലവാരം പുലർത്തുന്നതിൽ വീഴ്ചവരുത്തി എന്ന കാരണത്താൽ വിവേചനം കാണിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി പോലീസ് ജോലി ചെയ്യുവാൻ ശാരീരികവും മാനസികവും ആയ കാര്യശേഷി ഇല്ലാത്ത ഒരാളെ നിർബന്ധിത പെൻഷനോ പ്രത്യേക ആനുകൂല്യങ്ങളോ നൽകി സർവ്വീസിൽ നിന്ന് വിടുതൽ ചെയ്യാവുന്നതാണ്.

(4) സർക്കാർ, കേരളാപോലീസിലെ അംഗങ്ങൾക്കിടയിൽ മാനസികവും ശാരീരികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനവും അടിസ്ഥാന സൗകര്യങ്ങളും നൽകുന്ന പ്രത്യേക സംവിധാനങ്ങൾ വിഭവശേഷിയ്ക്ക് വിധേയമായി ഏർപ്പെടുത്തേണ്ടതാണ്.

31. പോലീസ് വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതാണെന്ന് - (1) ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റേയോ പ്രവർത്തനങ്ങൾ സംബന്ധിച്ച് പോലീസ് അവരുടെ കർത്തവ്യ നിർവ്വഹണത്തിനിടയിൽ ശേഖരിക്കുന്ന എല്ലാ വിവരങ്ങളും, ഏതെങ്കിലും ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനല്ലാതെ, രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

(2) കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനോ തടയുന്നതിനോ വേണ്ടി വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത് ഔദ്യോഗിക ആവശ്യങ്ങളിൽ ഉൾപ്പെടുന്നതാണ്.

(3) പത്രങ്ങളിലോ ഏതെങ്കിലും ദൃശ്യമാധ്യമങ്ങളിലോ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി സംസ്ഥാന പോലീസ് മേധാവിയുടെ അനുമതിയില്ലാതെ കസ്റ്റഡിയിലുള്ള വ്യക്തികളെ പ്രദർശിപ്പിക്കുവാനോ അവരുടെ ഫോട്ടോ എടുക്കുന്നത് അനുവദിക്കുവാനോ പത്രസമ്മേളനം നടത്തുവാനോ പാടുള്ളതല്ല.

32. പോലീസുദ്യോഗസ്ഥന്റെ വിശദീകരണ ബാദ്ധ്യത – (1) ഏതൊരു ആളിനോ അല്ലെങ്കിൽ അയാളുടെ താല്പര്യം സംരക്ഷിക്കുന്ന ഏതെങ്കിലും പ്രതിനിധിക്കോ, തന്റെ ശരീരത്തെയോ, സ്വത്തിനെയോ, കീർത്തിയെയോ പ്രതികൂലമായി ബാധിച്ച ഏതൊരു പോലീസ് നടപടിയുടെയും കാരണം അന്വേഷിക്കുന്നതിനും അറിയുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഒരു പോലീസ് ഉദ്യോഗസ്ഥൻ, ഏതെങ്കിലും ഒരാളിന്റെ ശരീരത്തെയോ സ്വത്തിനേയോ കീർത്തിയേയോ അപായപ്പെടുത്തുവാനോ അവയെ പ്രതികൂലമായി ബാധിക്കുവാനോ സാദ്ധ്യതയുള്ള ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും അത്തരം പ്രവൃത്തിയെ നിയന്ത്രിക്കുന്ന ഏതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരമോ ഓരോ പ്രത്യേക സാഹചര്യത്തിലും ന്യായമായി പ്രായോഗികമായ രീതിയിൽ തന്റെ നടപടികൾ സംബന്ധിച്ച് രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്;

എന്നാൽ, നടന്നുകൊണ്ടിരിക്കുന്ന അന്വേഷണത്തിനോ, വിചാരണയ്ക്കോ രാഷ്ട്രത്തിന്റെ സുരക്ഷാതാല്പര്യത്തിനോ, ഹാനികരമാകുമെന്ന കാരണത്താൽ, ഏതെങ്കിലും ആളിന് വിവരം നൽകാതിരിക്കുന്നതിന് ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ തടസ്സമായിരിക്കയില്ല.

33. പോലീസിനും പൊതുജനങ്ങൾക്കും ഓഡിയോ, വീഡിയോ, അല്ലെങ്കിൽ ഇലക്ട്രോണിക് റിക്കാർഡുകൾ സൂക്ഷിച്ചു വയ്ക്കാവുന്നതാണെന്ന് – (1) പോലീസിന് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനിടയിൽ ചെയ്ത ഏതൊരു പ്രവൃത്തിയുടെയും ഓഡിയോ, വീഡിയോ അല്ലെങ്കിൽ ഇലക്ട്രോണിക് റിക്കാർഡുകൾ തയ്യാറാക്കി സൂക്ഷിക്കാവുന്നതും അങ്ങനെയുള്ള റിക്കാർഡുകൾ പോലീസ് നടപടിയുടെ സത്യാവസ്ഥ ചോദ്യം ചെയ്യപ്പെടുന്ന ഏതൊരു നടപടിക്രമങ്ങളിലും ഉപയോഗപ്പെടുത്താവുന്നതുമാണ്.

(2) ഒരു പോലീസ് ഉദ്യോഗസ്ഥനും, ഏതെങ്കിലും പൊതുസ്ഥലത്തോ സ്വകാര്യ സ്ഥലത്തോ നടക്കുന്ന ഏതെങ്കിലും പോലീസ് പ്രവർത്തനത്തിന്റെയോ നടപടിയുടെയോ ഓഡിയോ, വീഡിയോ അല്ലെങ്കിൽ ഇലക്ട്രോണിക് റിക്കാർഡുകൾ പൊതുജനങ്ങളിൽ ആരെങ്കിലും നിയമവിധേയമായി എടുക്കുന്നതിനെ തടയുവാൻ പാടുള്ളതല്ല.

34. പോലീസിന് പരാതി എങ്ങനെ നൽകണമെന്ന്.– 1973 ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974 ലെ 2–ാം കേന്ദ്ര ആക്റ്റ് ) വ്യവസ്ഥകൾക്ക് വിധേയമായി പോലീസിനുള്ള ഒരു പരാതി വാങ്മൂലമോ രേഖമൂലമായോ ആംഗ്യത്തിലൂടെയോ അടയാളത്തിലൂടെയോ അല്ലെങ്കിൽ ഡിജിറ്റലോ ഇലക്ട്രോണിക്കോ ആയ ഉപാധികളിലൂടെയോ നൽകാവുന്നതും പരാതിയിന്മേൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ ഉചിതമായ നിയമനടപടി എടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

35. സാക്ഷികളോട് പോലീസ് മാന്യമായി പെരുമാറേണ്ടതാണെന്ന്.- (1) നിയമാനുസൃതമായി താൻ ഔദ്യോഗികമായി ആരായേണ്ടുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് വസ്തുതകളും സാഹചര്യങ്ങളും ഏതെങ്കിലും ആളിന് അറിവുണ്ടെങ്കിൽ ഒരു പോലീസ് ഉദ്യോഗസ്ഥന് അത്തരം ആളിനെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കികൊണ്ട് ആ ആളിനോട് അക്കാര്യം ആരാഞ്ഞ് അറിയുന്നതിനുള്ള നടപടി എടുക്കാവുന്നതാണ്.

(2) സാധാരണയായി, അത്തരം എല്ലാ ആളുകളെയും, അവരുടെ താമസസ്ഥലത്തോ ജോലി സ്ഥലത്തോ അവർ അവിടെ ഉള്ളപ്പോൾ സമീപിക്കേണ്ടതും ഈ ആവശ്യത്തിനായി കുട്ടികളെയോ, സ്ത്രീകളെയോ, മുതിർന്ന പൗരന്മാരെയോ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തുവാൻ പാടില്ലാത്തതുമാണ്.

(3) ഏതെങ്കിലും വസ്തുതയോ സാഹചര്യമോ ആരാഞ്ഞറിയുന്നതിനായി പോലീസിനെ സഹായിക്കേണ്ടി വന്നു എന്ന കാരണത്താൽ ഏതെങ്കിലും ആൾക്ക് ഏതെങ്കിലും ദിവസം തന്റെ വേതനം നഷ്ടമാകുന്നത്ര ഗൗരവതരമായ അസൗകര്യം ഉണ്ടാകുകയാണെങ്കിൽ അയാൾക്ക് ക്രിമിനൽ ജസ്റ്റിസ് മിസ്സലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ നിന്ന് പൊതുവായി നിർണ്ണയിച്ചേക്കാവുന്ന മാനദണ്ഡങ്ങൾക്കു വിധേയമായി സംസ്ഥാന പോലീസ് മേധാവി നിശ്ചയിക്കുന്ന തുക നൽകേണ്ടതാണ്.

36. ആവശ്യപ്പെട്ടാൽ തിരിച്ചറിയുന്നതിനുള്ള വ്യക്തിവിവരങ്ങൾ നൽകേണ്ടതാണെന്ന് - (1) ഒരു പോലീസ് ഉദ്യോഗസ്ഥൻ മതിയായ കാരണങ്ങളാൽ ആവശ്യപ്പെട്ടാൽ ഏതൊരാളും തന്നെ തിരിച്ചറിയുന്നതിനുള്ള വ്യക്തിവിവരങ്ങൾ നൽകേണ്ടതാണ്.

(2) ഒരു വ്യക്തിയുടെ തിരിച്ചറിയൽ ഉറപ്പാക്കുന്നതിനാവശ്യമായ ഉചിതവും ന്യായവുമായ നടപടികൾ ആ പോലീസ് ഉദ്യോഗസ്ഥന് സ്വീകരിക്കാവുന്നതും ഈ ആവശ്യത്തിലേക്കായി ഓരോ സന്ദർഭത്തിനും ഉചിതമായ രീതിയിൽ അങ്ങനെയുള്ള വ്യക്തിപരമായ തിരിച്ചറിയൽ രേഖകൾ പ്രസ്തുത പോലീസുദ്യോഗസ്ഥന് സൃഷ്ടിക്കുകയോ തയ്യാറാക്കുകയോ ചെയ്യാവുന്നതുമാണ്.

(3) യാതൊരാളിനേയും അയാൾ നൽകിയ തിരിച്ചറിയൽ വിവരങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്ന കാരണത്താൽ മാത്രം ഈ വകുപ്പു പ്രകാരമുള്ള അധികാരം കാരണമാക്കി ഒരു രീതിയിലും അറസ്റ്റുചെയ്യുവാനോ കസ്റ്റഡിയിൽ സൂക്ഷിക്കുവാനോ സഞ്ചാര നിയന്ത്രണത്തിന് വിധേയനാക്കാനോ പാടുള്ളതല്ല.

(4) ഈ വകുപ്പു പ്രകാരം അധികാരം വിനിയോഗിക്കുന്ന എല്ലാ പോലീസുദ്യോഗസ്ഥരും സ്വയം മറ്റുള്ളവർക്ക് കാണത്തക്ക വിധത്തിൽ തിരിച്ചറിയൽ ബാഡ്ജ് അല്ലെങ്കിൽ കാർഡ് ധരിച്ചിരിക്കേണ്ടതും ആരെങ്കിലും ആവശ്യപ്പെട്ടാൽ അങ്ങനെയുള്ള ഔദ്യോഗിക തിരിച്ചറിയൽ രേഖ അവരെ കാണിക്കേണ്ടതുമാണ്.

37. സ്വകാര്യ സ്ഥലങ്ങളിൽ പോലീസിനുള്ള പ്രവേശനം.- സുരക്ഷ ഉറപ്പാക്കുന്നതിനോ ആസന്നമായ അപകടം ഒഴിവാക്കുന്നതിനോ വേണ്ടി ഓരോ പോലീസ് ഉദ്യോഗസ്ഥനും ആചാരം, മര്യാദ, സ്വകാര്യത, ഔചിത്യം എന്നിവയ്ക്ക് തക്കതായ പരിഗണന നൽകിക്കൊണ്ട്, ശരിയെന്നും മതിയായതെന്നും അങ്ങനെയുള്ള ഉദ്യോഗസ്ഥനു ന്യായീകരണ ബാദ്ധ്യസ്ഥതയും ഉത്തരവാദിത്വവും ഉള്ള കാരണമുണ്ടെങ്കിൽ, ഏതൊരു സ്വകാര്യ സ്ഥലത്തും പ്രവേശനമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഒരു പോലീസ് ഉദ്യോഗസ്ഥൻ, ഈ അധികാരം വിനിയോഗിക്കുന്നതിനു മുമ്പ്, കെട്ടിടത്തിന്റെയും പരിസരത്തിന്റെയും ചുമതലയുള്ള വ്യക്തിയുടെ സഹകരണവും സമ്മതവും നേടാൻ സാദ്ധ്യമാകുന്നിടത്തോളം ശ്രമിക്കേണ്ടതാണ്.

38. കുറ്റകൃത്യം തടയുന്നതിന് പോലീസ് ഇടപെടേണ്ടതാണെന്ന് - (1) ഒരു പോലീസ് ഉദ്യോഗസ്ഥൻ അയാളുടെ സാന്നിദ്ധ്യത്തിലോ സമീപത്തോ നടന്നു കൊണ്ടിരിക്കുന്നതോ നടക്കാൻ പോകുന്നതോ ആയ ഏതെങ്കിലും കുറ്റകൃത്യം അയാളുടെ കഴിവിന്റെ പരമാവധി നിയമപരമായി ഇടപെട്ട് തടയേണ്ടതും അവസാനിപ്പിക്കേണ്ടതുമാണ്.

(2) ഈ ആവശ്യത്തിനായി അയാൾക്ക് സ്ഥലത്തുള്ള ഏതെങ്കിലും കായശക്തിയുള്ള പ്രായപൂർത്തിയായ വ്യക്തിയുടെ സേവനം നിയമാനുസൃതം ആവശ്യപ്പെടാവുന്നതും സ്വീകരിക്കാവുന്നതും ന്യായമായ കാരണമില്ലാതെ യാതൊരാളും സ്ഥലത്ത് സന്നിഹിതനായ ഉദ്യോഗസ്ഥൻ നൽകിയ അപ്രകാരമുള്ള നിയമാനുസൃതവും ന്യായവുമായ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുവാൻ പാടില്ലാത്തതുമാകുന്നു.

(3) അപ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിക്കാതിരുന്നു എന്ന കാരണം കൊണ്ടുമാത്രം ഒരു വ്യക്തിയെ ഒരു പോലീസ് ഉദ്യോഗസ്ഥനും അറസ്റ്റ് ചെയ്യാനോ നീക്കം ചെയ്യാനോ പാടുള്ളതല്ല. മാത്രമല്ല ആവശ്യപ്പെട്ട സേവനം തത്സമയം നൽകിയില്ല എന്ന കാരണത്താൽ അയാൾക്കെതിരായി ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതിയില്ലാതെ യാതൊരു നിയമ നടപടികളും സ്വീകരിക്കാനും പാടില്ലാത്തതാകുന്നു.

39. പോലീസിന്റെ നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് - (1) ഈ ആക്റ്റിൻ കീഴിലുള്ള തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഒരു പോലീസ് ഉദ്യോഗസ്ഥൻ നൽകുന്ന നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ എല്ലാവരും പാലിക്കേണ്ടതാണ്.

(2) നിയമം അനുശാസിക്കുന്ന ഏതെങ്കിലും നിർദ്ദേശം അനുസരിക്കപ്പെടുന്നു എന്നുറപ്പുവരുത്തുന്നതിന് ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ, റഗുലേഷനോ, ഉത്തരവോ പ്രകാരം ഒരു പോലീസ് ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായ ഏതെങ്കിലും നിയമാനുസൃത ചുമതല നിർവ്വഹിക്കുന്നതിനിടയ്ക്ക്, ഒരു പോലീസ് ഉദ്യോഗസ്ഥന്,-

(എ) ഏതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ ഏതെങ്കിലും നിയമത്തിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവോ പ്രകാരമോ ശിക്ഷാർഹമായ ഒരു കുറ്റകൃത്യം ചെയ്യാൻ ഒരുങ്ങുന്ന ഒരാൾക്ക് അത് തടയുന്നതിനായി മുന്നറിയിപ്പു നൽകാവുന്നതാണ്;

(ബി) ഏതൊരു ആളോടും, അയാൾ സ്വന്തം കാര്യത്തിലോ മറ്റൊരാളുടെ കാര്യത്തിലോ തന്റെ ചുമതലയിലുള്ള ഏതെങ്കിലും കാര്യത്തിലോ പ്രവർത്തിക്കേണ്ട രീതി നിർണ്ണയിക്കുന്ന ഏതൊരു നിയമവും പാലിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്;

(സി) (എ)-യും (ബി)-യും ഇനങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, കുറ്റം ചെയ്തുകൊണ്ടിരിക്കുന്നതോ അല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ കുറ്റകൃത്യം ചെയ്തതോ ആയ ഏതൊരാളേയും, അങ്ങനെയുള്ള അറസ്റ്റ് നിയമാനുസൃതം ആവശ്യമാണെന്ന് കരുതുന്നപക്ഷം, അറസ്റ്റ് ചെയ്യാവുന്നതാണ്;

(ഡി) കുറ്റകൃത്യം ചെയ്യാനുപയോഗിച്ചതോ, അതിനുവേണ്ടി ഉടൻ ഉപയോഗിക്കാൻ പോകുന്നതോ ആയ ഏതൊരു വസ്തുവും പിടിച്ചെടുക്കാവുന്നതാണ്;

(ഇ) ഏതെങ്കിലും ഒരു വസ്തുവുമായി ബന്ധപ്പെട്ട് ഒരു കുറ്റകൃത്യം നടന്നിട്ടുണ്ടെങ്കിൽ, അത്തരത്തിലുള്ള കുറ്റകൃത്യം തടയുന്നതിനോ അതേപ്പറ്റി അന്വേഷണം നടത്തുന്നതിനോ, അത്തരം പിടിച്ചെടുക്കൽ ആവശ്യമാണെങ്കിൽ, ആ വസ്തു പിടിച്ചെടുക്കാവുന്നതാണ്.

40. <u>പോലീസിന് നീക്കം ചെയ്യാമെന്ന്.</u>-(1) പൊതുജനങ്ങൾ ഹാജരുള്ള സ്ഥലത്ത് അഞ്ചോ അതിലധികമോ ആളുകൾ, ഒരു പോലീസ് ഉദ്യോഗസ്ഥൻ നൽകിയ ഏതെങ്കിലും നിർദ്ദേശം ചെറുത്തു നിൽക്കുകയോ നിരസിക്കുകയോ അല്ലെങ്കിൽ അവ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ, പ്രസ്തുത പോലീസ് ഉദ്യോഗസ്ഥന്, ഈ ആക്റ്റിലെയോ മറ്റേതെങ്കിലും നിയമത്തിലെയോ ഏതെങ്കിലും വ്യവസ്ഥ പ്രകാരം അയാൾക്ക് കൈക്കൊള്ളാവുന്ന മറ്റേതെങ്കിലും നടപടിയെ ബാധിക്കാതെ തന്നെ, അത്തരം ആളുകളെ പൊതുജനങ്ങൾക്ക് പ്രവേശനമുള്ളതും സമീപത്തുള്ളതും പരസ്യപ്പെടുത്തിയതുമായ ഒരു സ്ഥലത്തേക്ക് നീക്കം ചെയ്യിക്കാവുന്നതും, അവരുടെ പേരും മേൽവിലാസവും ആരാഞ്ഞ് അറിഞ്ഞ് രേഖപ്പെടുത്തിയതിനുശേഷം, അവരെ എത്രയും വേഗം വിട്ടയയ്ക്കേണ്ടതുമാണ്:

എന്നാൽ, യാതൊരു കാരണവശാലും അപ്രകാരം നീക്കം ചെയ്തവരെ മൂന്നു മണിക്കൂറിൽ കൂടുതൽ സൂക്ഷിക്കുവാൻ പാടുള്ളതല്ല.

(2) മൂന്നു മണിക്കൂറുകൾക്കകം വിട്ടയക്കപ്പെടുന്ന അങ്ങനെയുള്ള കൂട്ടായ നീക്കം ചെയ്യൽ ഒരു കുറ്റകൃത്യത്തെ സംബന്ധിച്ച അറസ്റ്റായി കരുതപ്പെടുവാൻ പാടുള്ളതല്ല.

41. <u>പ്രത്യേക അധികാരപ്പെടുത്തൽ ആവശ്യമുള്ള കുറ്റകൃത്യങ്ങളിൽ പോലീസ് നടപടി.</u> - (1) ഒരു പോലീസ് ഉദ്യോഗസ്ഥന്, തന്റെ പദവിയാലോ അധികാരിതയാലോ അറസ്റ്റുചെയ്യുവാനോ പിടിച്ചെടുക്കുവാനോ ഏതെങ്കിലും പ്രത്യേക നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും കൊഗ്നൈസബിൾ കുറ്റത്തിൽ പ്രത്യക്ഷത്തിൽതന്നെ വ്യക്തമായി ഉൾപ്പെട്ട ഒരാളെയോ വസ്തുവിനെയോ, നടപടികൾ സ്വീകരിക്കുന്നതിന് നിയമപരമായി ക്ഷമതയുള്ള മറ്റൊരു പോലീസ് ഉദ്യോഗസ്ഥനോ അധികാരിയോ വന്നെത്തി നിയമപ്രകാരം നടപടികൾ എടുക്കുന്നത് സാദ്ധ്യമാക്കുന്നതിനുവേണ്ടി, പരമാവധി ആറുമണിക്കൂർ സമയത്തേക്ക് കാത്തുസൂക്ഷിക്കാവുന്നതാണ്.

(2) മേൽ ഉപവകുപ്പു പ്രകാരം ലഭ്യമായ അധികാരം ഒരു പോലീസുദ്യോഗസ്ഥൻ ഉപയോഗിക്കുന്നത് അയാൾ അപ്രകാരം പ്രവർത്തിച്ചില്ലെങ്കിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെയോ അധികാരിയുടെയോ അഭാവംമൂലം കുറ്റവാളി രക്ഷപ്പെടുവാനോ തെളിവുകൾ നശിപ്പിക്കപ്പെടുവാനോ ന്യായമായ സാദ്ധ്യതയുള്ള സാഹചര്യങ്ങളിൽ മാത്രമായിരിക്കേണ്ടതാണ്.

(3) അപ്രകാരം ഒരു പോലീസ് ഉദ്യോഗസ്ഥൻ പ്രവർത്തിക്കുമ്പോൾ ആയത് ന്യായമായ പ്രായോഗികതയ്ക്ക് വിധേയമായി സ്ഥലത്ത് ലഭ്യമായ യോഗ്യരായ സാക്ഷികളുടെ സാന്നിദ്ധ്യത്തിലും ആളിനെയോ വസ്തുവിനെയോ കാത്തുസൂക്ഷിക്കേണ്ടത് ആ പ്രത്യേക സാഹചര്യത്തിൽ ന്യായവും യുക്തവും ഉചിതവുമായ സ്ഥലത്തും ആയിരിക്കേണ്ടതാണ്.

42. ക്രമസമാധാനപാലനവും അപായങ്ങൾ തടയലും.-(1) ഏതെങ്കിലും സ്ഥലത്ത് ഗുരുതരമായ ക്രമരാഹിത്യമോ സമാധാന ലംഘനമോ, കൂടിയിരിക്കുന്ന ജനങ്ങൾക്ക് പ്രകടമായതും ഉടൻ സംഭവിക്കാവുന്നതുമായ അപായമോ തടയുന്നതിനുവേണ്ടി അത്തരം സ്ഥലത്തു സന്നിഹിതനായ അധികാരിതയുള്ള ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, അയാൾക്ക് ആവശ്യമെന്ന് കരുതുന്ന ന്യായമായ നിർദ്ദേശങ്ങൾ അത്തരം സ്ഥലങ്ങളിലെ ആളുകളുടെ പെരുമാറ്റം സംബന്ധിച്ച് നൽകാവുന്നതും അത്തരം നിർദ്ദേശങ്ങൾ എല്ലാ ആളുകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

(2) ഏതു പോലീസ് ഉദ്യോഗസ്ഥനും, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി, പൊതുജനസാന്നിദ്ധ്യമുള്ള സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള, എല്ലാ പൊതുസ്ഥലങ്ങളിലേക്കും സ്വതന്ത്രമായ പ്രവേശനമുണ്ടായിരിക്കുന്നതാണ്.

43. പോലീസ് യൂണിഫോം വ്യത്യസ്തവും പ്രത്യേകവും എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്നതും ആയിരിക്കേണ്ടതാണെന്ന് - (1) പോലീസ് ഉദ്യോഗസ്ഥരുടെ യൂണിഫോം, വ്യത്യസ്തവും പ്രത്യേകവും എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയുന്നതുമായിരിക്കണം എന്ന ആവശ്യം മുൻനിർത്തി, സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള പൊതുവായ അംഗീകാരത്തോടുകൂടി, എല്ലാ പദവിയിലും വിഭാഗങ്ങളിലും ഉള്ള പോലീസ് ഉദ്യോഗസ്ഥരുടെ യൂണിഫോം എന്തായിരിക്കണം എന്ന് വിനിർദ്ദേശിക്കാവുന്നതാണ്.

(2) യൂണിഫോം ധരിക്കേണ്ട സന്ദർഭങ്ങളും രീതിയും യൂണിഫോം നിർബന്ധമായും ധരിച്ചിരിക്കേണ്ടതും ഇച്ഛാനുസരണം ധരിക്കേണ്ടതും ധരിക്കേണ്ടതില്ലാത്തതുമായ ജോലികളും ഏതെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് വിനിർദ്ദേശിക്കാവുന്നതാണ്.

(3) പോലീസ് ഉദ്യോഗസ്ഥൻ എപ്പോഴും തന്റെ യൂണിഫോം ഉചിതവും യോഗ്യവും കേടുപാടുകൾ ഇല്ലാത്തതും ആയ സ്ഥിതിയിൽ, വൃത്തിയോടുകൂടി സൂക്ഷിക്കേണ്ടതാണ്.

(4) ഔദ്യോഗിക ആവശ്യങ്ങൾക്കായി അങ്ങനെ ചെയ്യുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനല്ലാത്ത യാതൊരാളും, കലാപരമോ ശാസ്ത്ര സംബന്ധിയായതോ ആയ ആവശ്യത്തിനല്ലാതെ, പോലീസ് യൂണിഫോമോ, പോലീസ് യൂണിഫോം എന്ന തോന്നൽ ഉളവാക്കുന്നതോ ആയ യാതൊരു വേഷവും ധരിക്കുവാൻ പാടില്ലാത്തതാണ്.

(5) ഒരു പ്രത്യേക വേഷം അത്തരമൊരു തോന്നൽ ഉളവാക്കുന്നുവോ എന്നത്, ആ വേഷം ധരിച്ചിരിക്കുന്ന ഒരു വ്യക്തി ഒരു നിരീക്ഷകനിൽ നിന്ന് സുമാർ ഇരുപത്തിയഞ്ച് മീറ്റർ അകലെ നിൽക്കുമ്പോൾ ആ വേഷധാരി യൂണിഫോം ധരിച്ച ഒരു പോലീസ് ഉദ്യോഗസ്ഥനാണെന്ന് നിരീക്ഷകന് തോന്നുന്നുണ്ടോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥൻ തീരുമാനിക്കേണ്ടതാണ്.

44. പോലീസ് ഡ്യൂട്ടി വാഹനങ്ങൾ വ്യത്യസ്തവും പ്രത്യേകവും തിരിച്ചറിയാൻ കഴിയുന്നതും ആയിരിക്കേണ്ടതാണെന്ന് – (1) സംസ്ഥാന പോലീസ് മേധാവിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, പോലീസ് വാഹനങ്ങൾ വ്യത്യസ്തവും പ്രത്യേകവും പൊതുജനങ്ങൾക്ക് എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയുന്നതുമായിരിക്കണമെന്ന ആവശ്യം മുൻനിർത്തി ഓരോ പോലീസ് ഡ്യൂട്ടി വാഹനത്തിന്റെയും നിറം, അടയാളങ്ങൾ, സജ്ജീകരണങ്ങൾ, വാഹനത്തിന്റെ ഭാഗമായി ഘടിപ്പിക്കേണ്ട ഉപകരണങ്ങൾ എന്നിവ വിനിർദ്ദേശിക്കാവുന്നതാണ്.

(2) വിനിർദ്ദേശിക്കപ്പെട്ട രൂപത്തിലുള്ള പോലീസിന്റെ എല്ലാ ഡ്യൂട്ടി വാഹനങ്ങളും അടിയന്തിരമോ പ്രധാനമായതോ ആയ മറ്റേതെങ്കിലും ജോലിയിൽ ആ സമയം വ്യാപൃതമല്ലെങ്കിൽ ഏതൊരാളിന്റെയും അടിയന്തിരമായ സഹായാഭ്യർത്ഥനയോട് പ്രതികരിച്ച് ന്യായവും സന്ദർഭോചിതവുമായ പോലീസ് സഹായം നൽകേണ്ടതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

(3) ഔദ്യോഗിക ആവശ്യത്തിനായി അങ്ങനെ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനല്ലാത്ത യാതൊരാളും, കലാപരമോ ശാസ്ത്രസംബന്ധിയോ ആയ ആവശ്യത്തിനല്ലാതെ ഏതൊരു വാഹനത്തേയും അത് ഒരു പോലീസ് വാഹനമാണെന്ന തോന്നൽ ഉളവാക്കുന്ന സ്ഥിതിയിൽ സൂക്ഷിക്കുവാനോ ഉപയോഗിക്കുവാനോ പാടില്ലാത്തതും ഒരു നിർദ്ദിഷ്ട വാഹനം അത്തരമൊരു തോന്നൽ ഉളവാക്കുന്നുവോ എന്നത് ആ വാഹനത്തിൽ നിന്ന് സുമാർ നൂറ് മീറ്റർ അകലെ നിൽക്കുന്ന ഒരു സാധാരണ നിരീക്ഷകന്, പ്രസ്തുത വാഹനം പോലീസിന്റെ ഡ്യൂട്ടി വാഹനമായി തോന്നുന്നുണ്ടോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥന് തീരുമാനിക്കാവുന്നതാണ്.

45. പ്രശ്നബാധിത പ്രദേശങ്ങളിൽ പ്രത്യേക അധികാരങ്ങൾ – (1) വർഗ്ഗീയമോ രാഷ്ട്രീയമോ ആയ കാരണങ്ങളാലോ അക്രമത്താലോ ഭീകരപ്രവർത്തനമോ ദേശവിരുദ്ധതയോ മൂലമോ ഏതെങ്കിലും പ്രദേശത്ത് അക്രമങ്ങളും, വിധ്വംസക പ്രവർത്തനങ്ങളും പൊതുസ്വത്ത് നശിപ്പിക്കലും വ്യാപകമായും ദുസ്സഹമായും ബാധിച്ചാൽ, സർക്കാരിന്, ആ പ്രദേശത്തെ ഒരു പ്രശ്നബാധിത പ്രദേശമായി പ്രഖ്യാപിക്കാവുന്നതാണ്.

(2) ഒരു പ്രദേശം പ്രശ്നബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടാൽ ജില്ലാ പോലീസ് മേധാവി നിയോഗിക്കുന്നതും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്തതുമായ ഉദ്യോഗസ്ഥന് ക്രമസമാധാന പാലനത്തിന്റെ താൽപ്പര്യാർത്ഥം,–

(എ) ആ പ്രദേശത്ത് ആളുകളുടെയും വാഹനങ്ങളുടെയും സഞ്ചാരത്തിന് ന്യായമായ പരിമിതികൾ ഏർപ്പെടുത്തുകയും;

(ബി) ആ പ്രദേശത്ത് ഏതെങ്കിലും ആളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ അയാൾ ക്രമസമാധാന പാലനത്തിന് ഭംഗം വരുത്തുന്ന പ്രവർത്തനങ്ങൾ നടത്തുമെന്ന് പോലീസിന് വസ്തുതാപരമായി ബോദ്ധ്യമുള്ള പക്ഷം, അയാൾ എവിടെയാണ് എന്ന് അയാൾ, പോലീസിനെ പോലീസ് നിർദ്ദേശിക്കുന്ന രീതിയിൽ അറിയിച്ചു കൊണ്ടിരിക്കണമെന്ന് അയാൾക്ക് ഉത്തരവ് നൽകുകയും;

(സി) ആ പ്രദേശത്ത് ആയുധങ്ങളുടെയും സ്ഫോടകവസ്തുക്കളുടെയും ലൈസൻസ് സസ്പെന്റ് ചെയ്യുകയും, ലൈസൻസ് ഉള്ളവരോട് അവരുടെ ആയുധങ്ങൾ സൂക്ഷിക്കുവാൻ പോലീസിനെ ഏൽപ്പിക്കാൻ നിർദ്ദേശിക്കുകയും;

(ഡി) ആ പ്രദേശത്തേക്ക് പ്രവേശിക്കുന്നതോ അല്ലെങ്കിൽ അവിടെ നിന്ന് വിട്ടുപോകുന്നതോ ആയ ഏതൊരാളെയോ, വാഹനത്തെയോ, കണ്ടെയ്നറെയോ പരിശോധിപ്പിക്കുകയും;

ചെയ്യാവുന്നതാണ്.

46. അറസ്റ്റ് ചെയ്യപ്പെട്ടവരുടെ മേലുള്ള നിയന്ത്രണം.- (1) ഒരു പോലീസ് ഉദ്യോഗസ്ഥന്, അയാൾ അറസ്റ്റ് ചെയ്തയാൾ കസ്റ്റഡിയിൽ നിന്നും നിയമവിരുദ്ധമായി രക്ഷപ്പെടുന്നില്ലാ എന്ന് ഉറപ്പുവരുത്തുവാൻ ഉചിതമായ ബന്ധന സംവിധാനങ്ങൾ ഉപയോഗിക്കാവുന്നതും അങ്ങനെ രക്ഷപ്പെടാൻ ശ്രമിക്കുന്ന ആൾക്കെതിരായി ആവശ്യമായ ബലപ്രയോഗം നടത്താവുന്നതുമാണ്.

(2) അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ, അറസ്റ്റ് ചെയ്യപ്പെട്ടയാൾ കൈവിലങ്ങിലല്ലാത്തപക്ഷം കസ്റ്റഡിയിൽ നിന്നും രക്ഷപ്പെടുമെന്നോ മറ്റുള്ളവരെയോ തന്നെത്തന്നെയോ ഉപദ്രവം ഏൽപ്പിക്കുമെന്നോ വിശ്വസിക്കാൻ തക്ക കാരണമില്ലെങ്കിലോ, പ്രസ്തുത കാരണങ്ങൾ ആ ഉദ്യോഗസ്ഥൻ എഴുതി രേഖപ്പെടുത്തിയിട്ടില്ലെങ്കിലോ അറസ്റ്റ് ചെയ്യപ്പെട്ടയാളെ നിയന്ത്രിക്കുന്നതിനായി കൈവിലങ്ങ് ഉപയോഗിക്കാൻ പാടുള്ളതല്ല.

(3) ഒരാൾ അറസ്റ്റ് ചെയ്യപ്പെട്ട് പോലീസ് കസ്റ്റഡിയിലിരിക്കുമ്പോൾ സന്ദർഭത്തിന് ന്യായമായി യോജിച്ച മാന്യമായ രീതിയിൽ അയാൾ പതിവായി ധരിച്ചു ശീലിച്ച വേഷം ഉപയോഗിക്കുവാൻ അയാളെ അനുവദിക്കേണ്ടതാണ്.

47. ചിത്തരോഗികൾ, മദ്യപാനികൾ, അസുഖമുള്ളവർ എന്നിവരെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നത് - (1) ബുദ്ധിഭ്രമത്താലോ, ചിത്തരോഗം മൂലമോ, ലഹരിയുടെ ഉപയോഗംമൂലമോ മറ്റുവിധത്തിലോ സ്വയം സംരക്ഷിക്കാൻ അശക്തരായതോ മറ്റുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കുവാനിടയുള്ളതോ ആയ ഒരാളെ പോലീസിന് സുരക്ഷാ കസ്റ്റഡിയിൽ എടുക്കാവുന്നതാണ്.

(2) അപ്രകാരം സുരക്ഷാ കസ്റ്റഡിയിൽ എടുക്കപ്പെട്ട ആളിന്റെ താൽപ്പര്യ സംരക്ഷണത്തിന് അത്തരം അടിയന്തിര നടപടി ആവശ്യമാണെങ്കിൽ ഒരു മെഡിക്കൽ സ്ഥാപനത്തോട് ആ ആളിനെ നിരീക്ഷണത്തിലോ ചികിത്സയിലോ ഇരുപത്തിനാല് മണിക്കൂറിൽ കവിയാത്ത സമയത്തേക്ക് സൂക്ഷിക്കണമെന്ന് രേഖാമൂലം അഭ്യർത്ഥിക്കാവുന്നതും സ്ഥാപനത്തിന്റെ അധികാരികൾ ആ അഭ്യർത്ഥന അനുസരിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

(3) നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരം പ്രസ്തുത വ്യക്തിയുടെ ചികിത്സയേയും കസ്റ്റഡിയേയും സംബന്ധിച്ച് തീരുമാനമെടുക്കാൻ ഏതെങ്കിലും മജിസ്ട്രേറ്റിന് ക്ഷമതയുണ്ടെങ്കിൽ, ആ വിവരം പ്രസ്തുത മജിസ്ട്രേറ്റിനെ കാലവിളംബം കൂടാതെ അറിയിക്കേണ്ടതും മജിസ്ട്രേറ്റിന്റെ ഉത്തരവുപ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

48. കുറ്റാരോപിതർക്കുള്ള വൈദ്യപരിശോധന - ഏതൊരു യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണറും, അദ്ദേഹത്തിന്റെ മുമ്പാകെ വൈദ്യ പരിശോധനയ്ക്കായി ഒരു പോലീസ് ഉദ്യോഗസ്ഥൻ ഹാജരാക്കുന്ന, കുറ്റം ആരോപിക്കപ്പെട്ടതോ സംശയിക്കപ്പെട്ടതോ ആയ ഒരാളെ ആ ഉദ്യോഗസ്ഥന്റെ ആവശ്യപ്രകാരം, ആവശ്യമായ വൈദ്യപരിശോധന നടത്തുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

49. കുറ്റാരോപിതർക്കുള്ള ചികിത്സ - (1) പോലീസ് കസ്റ്റഡിയിലുള്ള ആളുകളെ മതിയായ കാവലിലും പോലീസ് നിരീക്ഷണത്തിലും ചികിത്സിക്കുന്നതിനായി എല്ലാ ആശുപത്രികളും പ്രായോഗിക സാഹചര്യങ്ങളനുസരിച്ച് വേണ്ടത്ര സൗകര്യം നൽകേണ്ടതാണ്.

(2) പോലീസ് ആവശ്യപ്പെട്ടാൽ അത്തരം ആളുകളുടെ ചികിത്സാ സംബന്ധമായ എല്ലാ മെഡിക്കൽ രേഖകളുടെയും പകർപ്പ് ഉടൻ ഹാജരാക്കാൻ ആശുപത്രി അധികാരികൾ ബാദ്ധ്യസ്ഥരാണ്.

(3) ഏതെങ്കിലും അടിയന്തിരഘട്ടത്തിൽ ഒരു സ്വകാര്യ ആശുപത്രിയിൽ തുടക്കത്തിൽ പ്രവേശിക്കപ്പെട്ട ഏതൊരു ആളേയും ആരോഗ്യാവസ്ഥ പരിശോധിക്കുന്ന ഡോക്ടറുടെ അംഗീകാരത്തിനു വിധേയമായി കഴിയുന്നത്ര വേഗത്തിൽ സർക്കാർ ആശുപത്രിയിലേക്ക് മാറ്റേണ്ടതാണ്.

(4) പോലീസ് കസ്റ്റഡിയിലുള്ള ഒരാളുടെ വൈദ്യപരിശോധനയുടെയും ചികിത്സയുടെയും റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതരോ അവരുടെ ബന്ധുക്കളോ ആവശ്യപ്പെടുന്ന പക്ഷം നൽകേണ്ടതാണ്.

50. പോലീസ് കസ്റ്റഡിയിലുള്ളവരുടെ പരിക്ക് സംബന്ധിച്ച നടപടി -ശാരീരികമായി പരിക്കേറ്റ സ്ഥിതിയിൽ ഏതെങ്കിലും ആളിനെ പോലീസ് കസ്റ്റഡിയിൽ എടുക്കുമ്പോഴോ ഒരു പോലീസ് ഉദ്യോഗസ്ഥൻ നടത്തിയ ബലപ്രയോഗം കൊണ്ട് ശരീരത്തിൽ പരിക്കേറ്റ ആൾ പരിക്കിനെപ്പറ്റി പരാതിപ്പെടുമ്പോഴോ പരിക്കു പറ്റിയ കാര്യം പോലീസ് ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുമ്പോഴോ അത്തരം ആളെ ഏറ്റവും അടുത്തുള്ള യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ മുമ്പാകെ കൊണ്ടുപോകേണ്ടതും ആ മെഡിക്കൽ പ്രാക്ടീഷണർ പരിക്കിനെപ്പറ്റിയും അത് എങ്ങനെ സംഭവിച്ചുവെന്നും ആരാഞ്ഞറിഞ്ഞ് രേഖപ്പെടുത്തേണ്ടതും ആവശ്യമായ ചികിത്സ നൽകേണ്ടതുമാണ്:

എന്നാൽ പരിക്കേറ്റ ആളെ ഒരു മജിസ്ട്രേറ്റിനു മുമ്പാകെ, കൊണ്ടുപോകുന്നതിന് അയാളുടെ ആരോഗ്യ അവസ്ഥ അനുവദിക്കുമെങ്കിൽ, അയാളെ സ്റ്റേഷൻ ഹൗസ് ആഫീസർ ബന്ധപ്പെട്ട അധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ അത്തരം മജിസ്ട്രേറ്റിന്റെ അധികാരിതയ്ക്ക് പുറത്തുവരുന്ന സംഗതിയാണെങ്കിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ മുമ്പാകെ ഹാജരാക്കേണ്ടതും, അദ്ദേഹം പരിക്ക് പറ്റിയ രീതിയെ സംബന്ധിച്ച് അയാളുടെ വിശദീകരണം ആരാഞ്ഞറിയേണ്ടതുമാണ്:

എന്നുമാത്രമല്ല പരിക്കേറ്റയാളെ മജിസ്ട്രേറ്റിനു മുമ്പാകെ കൊണ്ടുപോകുവാൻ പറ്റാത്ത ആരോഗ്യ സ്ഥിതിയിലാണെങ്കിൽ, സംഭവത്തിന്റെയും സാഹചര്യത്തിന്റെയും വിവരണം സ്റ്റേഷൻ ഹൗസ് ഓഫീസർ ഉടൻതന്നെ അത്തരം മജിസ്ട്രേറ്റിന് അയച്ചുകൊടുക്കേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മെഡിക്കൽ ആഫീസർക്കും പരിക്ക് പറ്റിയ ആൾക്കും നൽകേണ്ടതും ആയത് അവർ കൈപ്പറ്റിയ വിവരം അംഗീകരിച്ച് രേഖാമൂലം എഴുതി വാങ്ങേണ്ടതുമാണ്.

51. <u>സേവനദാതാക്കൾ രേഖകൾ സൂക്ഷിക്കണമെന്ന്</u> – സർക്കാർ, ഈ ആവശ്യത്തിലേക്കായി കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ സേവനദാതാക്കളും അവർ മുഖാന്തിരം സേവനം ലഭിച്ച ആളുകളെ തിരിച്ചറിയുന്നതിനാവശ്യമായ കൃത്യമായ രേഖകൾ, നൽകപ്പെട്ട സേവനങ്ങളുടെ വിശദാംശങ്ങളോടുകൂടി സർക്കാർ നിശ്ചയിച്ചേക്കാവുന്ന കാലയളവിലേക്ക് സൂക്ഷിക്കേണ്ടതാണ്.

52. <u>സേവനദാതാക്കൾ പോലീസിന് വിവരം നൽകണമെന്ന്</u> – (1) ഏതെങ്കിലും സേവനം നൽകുന്ന എല്ലാ സേവനദാതാക്കളും നിയമാനുസൃതമായി നടത്തപ്പെടുന്ന പോലീസ് അന്വേഷണവുമായി ബന്ധമുള്ളതും അത്തരം സേവന ദാതാക്കളാൽ നൽകപ്പെട്ടതുമായ ഏതെങ്കിലും പ്രത്യേക സേവനത്തിന്റെയോ വിവിധ സേവനങ്ങളുടെയോ വിവരങ്ങളും രേഖകളും ഔദ്യോഗിക ചുമതലാ നിർവ്വഹണത്തിനിടെ ഒരു പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ നൽകേണ്ടതാണ്.

(2) അത്തരത്തിലുള്ള വിവരങ്ങളും, രേഖകളും അവ ആവശ്യപ്പെടുന്ന ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്ന ന്യായമായ സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

53. <u>സേവനദാതാക്കളുടെ പൂർവ്വകാലചരിത്രം പരിശോധിക്കൽ</u>.-സർക്കാരിന്, വിജ്ഞാപനത്തിലൂടെ, ഏതെങ്കിലും പ്രദേശത്തെയോ സേവന മേഖലയിലെയോ സേവനദാതാക്കളോട് അവർ പൊതുജനങ്ങൾക്ക് ഏതെങ്കിലും സേവനം ലഭ്യമാക്കാൻ തുടങ്ങുന്നതിനുമുമ്പായി ജില്ലാ പോലീസ് മേധാവിയിൽ നിന്നോ നിർണ്ണയിക്കപ്പെടാവുന്ന മറ്റു പോലീസ് അധികാരികളിൽ നിന്നോ അവരെപ്പറ്റിയും അവരുടെ ജീവനക്കാരെപ്പറ്റിയും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങണമെന്നും ഓരോ സേവനത്തിന്റെയും സാഹചര്യത്തിൽ അവരുടെ സമകാലീനമോ പൂർവ്വ കാലത്തോ ഉള്ള പ്രവർത്തനങ്ങളെപ്പറ്റി ന്യായമായി ആവശ്യമായ വിവരങ്ങൾ പോലീസിനു നൽകണമെന്നും, കൂടാതെ വിനിർദ്ദേശിക്കപ്പെടാവുന്ന കാലയളവിൽ അത്തരം പരിശോധനയ്ക്ക് ആവർത്തിച്ചു വിധേയരാവേണ്ടതാണെന്നും നിർദ്ദേശിക്കാവുന്നതാണ്.

എന്നാൽ, സേവനദാതാവിൽ നിന്നും അപ്രകാരം ലഭിക്കുന്ന വിവരങ്ങൾ ഏതെങ്കിലും ഒരു കുറ്റകൃത്യം തടയുന്നതിനോ അന്വേഷിക്കുന്നതിനോ ഏതെങ്കിലും പൊതു ആവശ്യത്തിനോ വേണ്ടിവന്നാലല്ലാതെ രഹസ്യമായി സൂക്ഷിക്കേണ്ടതും ഏതെങ്കിലും വ്യക്തിക്കോ പൊതുജനത്തിനോ വെളിപ്പെടുത്തി നൽകാൻ പാടില്ലാത്തതുമാകുന്നു.

54. മോഷ്ടിക്കപ്പെട്ടതോ നഷ്ടപ്പെട്ടതോ തേടുന്നതോ ആയ വസ്തുക്കളെ സംബന്ധിച്ച് സേവനദാതാക്കൾ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന്.- (1) നഷ്ടപ്പെട്ടതോ, മോഷ്ടിക്കപ്പെട്ടതോ ഏതെങ്കിലും കുറ്റകൃത്യത്തിന്റെ ഭാഗമായി കണ്ടുപിടിക്കേണ്ടതോ ആയ സാധന സാമഗ്രികളുടെ പട്ടിക ലഭ്യമായിടത്തോളമുള്ള തിരിച്ചറിയൽ വിവരങ്ങളോടുകൂടി ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, ഏതൊരു സേവനദാതാവിനെയും ഏൽപ്പിക്കാവുന്നതാണ്.

(2) അതിനുശേഷം അത്തരം ഏതെങ്കിലും സാധനം ആ സേവനദാതാവിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത സാധനം കൈവശമുള്ളയാളിന്റെ പേരും മേൽവിലാസവും അയാൾ ആരാഞ്ഞ് അറിയുവാൻ ശ്രമിക്കേണ്ടതും സാധനം തടഞ്ഞുവച്ച് ഉടൻതന്നെ ആ സാഹചര്യം ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള സേവനദാതാവിന്, അത്തരം സാധനം കൈവശമുള്ള ആൾ ശരിയായ മേൽവിലാസം തരുന്നില്ല എന്ന് വിശ്വസിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ആ ആളിനെ ഒരു മണിക്കൂറിലധികം വരാത്ത സമയത്തേക്ക് പോലീസ് എത്തുന്നതുവരെ തടഞ്ഞുനിർത്താവുന്നതാണ്.

55. പോലീസ് പിടിച്ചെടുത്ത വസ്തുക്കളുടെ സൂക്ഷിപ്പും കൈയൊഴിക്കലും.-(1) ഓരോ പോലീസ് സ്റ്റേഷനിലും പോലീസ് പിടിച്ചെടുത്തതോ പോലീസിന്റെ കൈവശത്തിൽ വന്നുചേർന്നതോ ആയ വസ്തുക്കൾ സൂക്ഷിക്കുന്നതിന് പര്യാപ്തമായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, അവിടെ സ്ഥലം പര്യാപ്തമല്ലെങ്കിൽ അവ സൂക്ഷിക്കുന്നതിനായി പോലീസ് സ്റ്റേഷൻ അല്ലാതെയുള്ള യോജ്യമായ ഒരു സ്ഥലം സർക്കാരിന്, വിജ്ഞാപനം ചെയ്യാവുന്നതാണ്.

(2) ഫോറൻസിക് പരിശോധനയ്ക്ക് ആവശ്യമുള്ള സാമ്പിളുകൾ ശേഖരിച്ചതിനുശേഷം, ക്ഷമതയുള്ള വിദഗ്ദ്ധന്റെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട കോടതികൾക്ക് മുൻകൂറായി അറിയിപ്പ് നൽകിയതിനുശേഷം സ്ഫോടകവസ്തു, ഹാനികരമായ രാസവസ്തുക്കൾ മുതലായ അപകടകരമായ വസ്തുക്കൾ പോലീസിന് നശിപ്പിക്കാവുന്നതാണ്.

എന്നാൽ, പൊട്ടിത്തെറിയോ ഹാനിയോമൂലമുണ്ടാകുന്ന അപകടം ആസന്നമാണെങ്കിൽ സാമ്പിൾ ശേഖരണം ഒഴിവാക്കാവുന്നതാണ്.

(3) നിയമപരമായ ഏതെങ്കിലും ആവശ്യത്തിന്, പിന്നീട് ഉപകരിക്കുവാൻ സാദ്ധ്യതയില്ലാത്ത, വേഗത്തിൽ നശിച്ചുപോകുന്ന സാധനങ്ങൾ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ലേലം ചെയ്ത് വിൽക്കേണ്ടതും അങ്ങനെ ലഭിക്കുന്ന തുക ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതും ആണ്.

(4) (എ) പോലീസ് പിടിച്ചെടുത്തതോ കോടതിയുടെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും വസ്തു പോലീസ് സൂക്ഷിക്കണമന്ന് ഏതെങ്കിലും കോടതി ഉത്തരവിടുമ്പോൾ, വസ്തുവിന്റെ സൂക്ഷിപ്പ് ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന് പ്രസ്തുത വസ്തു സുരക്ഷിതമായി സൂക്ഷിക്കുന്നതിന് തന്റെ നിയന്ത്രണത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ല എങ്കിൽ അക്കാര്യം കോടതിയിൽ ബോധിപ്പിക്കാവുന്നതാണ്.

(ബി) അപ്രകാരമുള്ള ഒരു സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വസ്തു സൂക്ഷിക്കുന്നതിന് അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തി ആ വസ്തു അവിടെ സൂക്ഷിക്കുന്നതിന് പ്രസ്തുത പോലീസുദ്യോഗസ്ഥനെ കോടതിക്ക് അനുവദിക്കാവുന്നതാണ്.

(സി) അപ്രകാരം കസ്റ്റഡിയിൽ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ സർക്കാർ നേരിട്ടോ ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ നിന്നോ പൂർണ്ണമായും വഹിക്കേണ്ടതാണ്.

(5) പോലീസ് പിടിച്ചെടുത്ത ഏതൊരു വസ്തുവും കോടതിയുടെ പൊതുവായതോ പ്രത്യേകമായതോ ആയ അനുവാദത്തോടുകൂടി, അതാതു സാഹചര്യങ്ങളിൽ അനുയോജ്യമായ ആളുകളുടെയോ ഏജൻസികളുടെയോ സ്ഥാപനങ്ങളുടെയോ സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കാവുന്നതാണ്.

56. <u>അവകാശിയില്ലാത്ത വസ്തുക്കൾ സംബന്ധിച്ച പോലീസ് നടപടി</u>.- (1) ഓരോ പോലീസ് ഉദ്യോഗസ്ഥനും ഇനി പറയുന്ന ജംഗമവസ്തുക്കളുടെ താൽക്കാലിക ചുമതല ഏറ്റെടുക്കേണ്ടതാണ്,-

(i) അയാൾ കണ്ടെടുത്തതോ, അയാൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതോ ആയ അല്ലെങ്കിൽ അയാളുടെ കൈവശമുള്ളതോ ആയ ആരും അവകാശമുന്നയിക്കാത്തതോ ഏറ്റെടുക്കാൻ വിസമ്മതിക്കുന്നതോ ആയ ജംഗമവസ്തുക്കൾ;

(ii) വസ്തുവിന്റെ ഉടമയ്ക്കോ ചുമതലക്കാരനോ ആയത് നീക്കം ചെയ്യണമെന്ന് വസ്തുവിൻമേലോ അതിനു സമീപത്തോ പതിച്ച നോട്ടീസ് മുഖേന നിർദ്ദേശം നൽകിയിട്ടും ന്യായമായ സമയത്തിനകം ആരും നീക്കം ചെയ്യാതെ ഏതെങ്കിലും പൊതു തെരുവിൽ കിടക്കുന്നതായി കാണപ്പെടുന്ന ജംഗമവസ്തുക്കൾ;

(2) (1)-ാം ഉപവകുപ്പു പ്രകാരം വസ്തുവിന്റെ ചുമതല ഏറ്റെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ ആ പ്രദേശത്ത് അത്തരം വസ്തുക്കൾ സാധാരണ കൈകാര്യം ചെയ്യുന്ന മാന്യനായ ഏതെങ്കിലും വ്യാപാരിയിൽ നിന്നും ആയതിന്റെ ഏകദേശ വിപണിവില തിട്ടപ്പെടുത്തി രേഖാമൂലം വാങ്ങിയശേഷം വസ്തുവിനെയും അതിന്റെ മൂല്യത്തെയും സംബന്ധിച്ച വിശദവിവരങ്ങൾ അതിന്റെ അധികാരിതയുള്ള ജില്ലാ പോലീസ് മേധാവിക്കും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനും നൽകേണ്ടതാണ്.

(3) അത്തരം ഏതെങ്കിലും വസ്തു സ്വാഭാവികമായി വേഗത്തിൽ നശിക്കുന്നതോ, കന്നുകാലിയോ ആണെങ്കിൽ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് അതിനെ ഉടൻതന്നെ പരസ്യലേലത്തിലൂടെ വിൽക്കാവുന്നതാണ്.

(4) (1) -ാം ഉപവകുപ്പിൻ കീഴിൽ ചുമതലയിലുള്ള വസ്തുവിന്റെ വിശദവിവരം പ്രതിപാദിച്ച് വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ മുമ്പാകെ വിളംബര തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം ഹാജരായി തന്റെ അവകാശം സ്ഥാപിക്കണമെന്ന് അതിൻമേൽ അവകാശമുന്നയിക്കാവുന്ന ഏതൊരാളോടും ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ പോലീസ് മേധാവി ഒരു വിളംബരം പുറപ്പെടുവിക്കേണ്ടതാണ്.

(5) പ്രസ്തുത വിളംബരത്തിൽ വ്യക്തമാക്കിയ വസ്തുവിന്റെ കൈവശത്തിന് ഏതെങ്കിലും ആൾക്ക് അവകാശമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, ആയതിന്റെ പിടിച്ചെടുക്കലിനും സൂക്ഷിപ്പിനും നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കിയതിന് ശേഷം അയാൾക്ക് അത് വിട്ടുകൊടുക്കാൻ ജില്ലാ പോലീസ് മേധാവിക്ക് ഉത്തരവാകാവുന്നതാണ്.

എന്നാൽ, അത്തരം ഉത്തരവ് അതിനനുസൃതമായി വസ്തുവിന്റെ കൈവശാവകാശം ലഭിക്കുന്ന ആളിൽ നിന്ന് അതിനെ പൂർണ്ണമായോ ഭാഗികമായോ വീണ്ടെടുക്കാനുള്ള മറ്റൊരാളിന്റെ നിയമസാധുതയുള്ള അവകാശങ്ങളെ ഒരു വിധത്തിലും ബാധിക്കുന്നതല്ല.

(6) ജില്ലാ പോലീസ് മേധാവിക്ക്, (5)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും വസ്തു ആർക്കാണോ വിട്ടുകൊടുക്കുന്നത് അയാളിൽ നിന്നും അദ്ദേഹത്തിന് ബോദ്ധ്യമുള്ള സെക്യൂരിറ്റി വാങ്ങാവുന്നതാണ്.

എന്നാൽ ജില്ലാ പോലീസ് മേധാവിക്ക് ബോദ്ധ്യം വരുന്ന ന്യായമായ കാരണങ്ങളില്ലാതെ കൈവശാവകാശം നൽകപ്പെട്ട വസ്തു ഏറ്റെടുത്തുകൊണ്ടുപോകുന്നതിന് രണ്ടു ദിവസത്തിലധികം കാലതാമസം വരുത്തിയാൽ ജില്ലാ പോലീസ് മേധാവിക്ക് (8)-ാം ഉപവകുപ്പു പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

(7) വിളംബരത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ യാതൊരാളും അപ്രകാരമുള്ള വസ്തുവിൽ അവകാശവാദം സ്ഥാപിച്ചിട്ടില്ലെങ്കിൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവുകൾ പ്രകാരം, പ്രസ്തുത വസ്തു ഏതെങ്കിലും ഔദ്യോഗിക ആവശ്യത്തിനായി സാധാരണഗതിയിൽ വാങ്ങേണ്ട ഏതെങ്കിലും സാധനത്തിന് പകരമായി പോലീസ് വകുപ്പിൽ ഉപയോഗിക്കുകയോ അല്ലെങ്കിൽ പൊതുലേലത്തിലൂടെ വിൽപ്പന നടത്തി അതിൽ നിന്നും ലഭിക്കുന്ന തുക ക്രിമിനൽ ജസ്റ്റിസ് മിസ്സലേനിയസ് എക്സ്പെൻസസ് ഫണ്ടിലേക്ക് വരവ് വയ്ക്കുകയോ ചെയ്യാവുന്നതാണ്.

(8) (i) (1)-ാം ഉപവകുപ്പു പ്രകാരം പോലീസിന്റെ ചുമതലയിലുള്ള വസ്തുക്കളുടെ വലിപ്പവും സ്വഭാവവും പരിഗണിച്ച്, ആയത് സൂക്ഷിക്കുന്നതിന് ഈടാക്കേണ്ട ഫീസിന്റെ നിരക്ക് നിശ്ചയിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് കാലാകാലങ്ങളിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കാവുന്നതാണ്.

(ii) അത്തരം വസ്തു സൂക്ഷിക്കുന്നതിന് അവകാശിയിൽ നിന്ന് ഈടാക്കേണ്ട ഫീസ് അത്തരം വസ്തുവിന്റെ വിപണി വിലയുടെ പകുതിയായ ശേഷം ഏതു ദിവസവും പ്രസ്തുത വസ്തു ജില്ലാ പോലീസ് മേധാവിക്ക് ലേലത്തിൽ വിൽക്കാവുന്നതാണ്.

എന്നാൽ, അത്തരം വസ്തു പോലീസ് ഏറ്റെടുത്തതിനുശേഷമുള്ള ആദ്യത്തെ ഏഴ് ദിവസത്തേക്കോ അല്ലെങ്കിൽ അത് സർക്കാർ ഉപയോഗത്തിനായി എടുത്ത തീയതിക്ക് ശേഷമുള്ള ഒരു കാലയളവിലേക്കോ വസ്തുവിന്റെ യഥാർത്ഥ ഉടമസ്ഥനിൽ നിന്നും അപ്രകാരമുള്ള യാതൊരു തുകയും ഈടാക്കാൻ പാടുള്ളതല്ല.

(9) ആരും അവകാശമുന്നയിക്കാത്ത ഒരു വസ്തു ലേലത്തിൽ വിറ്റിട്ടുണ്ടെങ്കിലും പിന്നീട് യഥാർത്ഥ ഉടമയ്ക്ക് മറ്റൊരാൾ മുഖേന സാധനം അന്യായമായി കൈവശത്തിലല്ലാതായിത്തീർന്നു എന്നും ആ വിവരം അയാൾ യഥാസമയം അധികാരസ്ഥാനത്തെ നിയമപരമായി അറിയിച്ചിരുന്നു എന്നും വ്യക്തമായാൽ, ആ വസ്തു വിറ്റുകിട്ടിയ മുഴുവൻ തുകയും ഫീസ് ഇനത്തിൽ യാതൊന്നും കുറവു ചെയ്യാതെ യഥാർത്ഥ ഉടമയ്ക്ക് തിരികെ നൽകേണ്ടതാണ്.

(10) ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, ആരാണ് അവകാശി എന്നറിയില്ലാത്ത കന്നുകാലികളെയോ വേഗത്തിൽ നശിച്ചു പോകുന്ന ഒരു വസ്തുവിനെയോ ഒരു ദിവസത്തിൽ കൂടുതൽ കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതില്ലാത്തതും അവയെ ഉടനടി ലേലം നടത്തിയ കാരണത്താൽ ആർക്കെങ്കിലും എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആ ഉദ്യോഗസ്ഥൻ അതിന് ബാദ്ധ്യസ്ഥനല്ലാത്തതുമാകുന്നു.

(11) ആരും അവകാശമുന്നയിക്കാത്ത (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഒരു വസ്തു പോലീസിന്റെ കൈവശം വന്ന് മുപ്പത് ദിവസത്തിനുശേഷം പോലീസ് ഉദ്യോഗസ്ഥൻ മേൽവിവരിച്ച നടപടി പ്രകാരം ലേലം നടത്തി എന്ന കാരണത്താൽ ഏതെങ്കിലും ആളിന് യഥാർത്ഥമായോ സാങ്കൽപ്പികമായോ ഉണ്ടായ ഒരു നഷ്ടവും ഒരു പോലീസ് ഉദ്യോഗസ്ഥനും നികത്തേണ്ടതില്ലാത്തതാണ്.

57. കാണാതായ ആളുകളെ കണ്ടുപിടിക്കാൻ പോലീസ് ശ്രമിക്കണമെന്ന്.- (1) ഏതെങ്കിലും ഒരാളെ കാണാതായി എന്ന് ന്യായമായും സംശയിക്കാവുന്ന രീതിയിൽ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് ഏതെങ്കിലും വിവരം ലഭിക്കുമ്പോഴെല്ലാം,-

(എ) അത്തരം ആൾ അപകടത്തിലാണെന്നോ നിയമാനുസൃതമായ രക്ഷകർതൃ സംരക്ഷണത്തിലല്ല എന്നോ; അല്ലെങ്കിൽ

(ബി) അത്തരം ആൾ ആപൽക്കരമായ കുറ്റകൃത്യത്തിന് ഇരയായിരിക്കാമെന്നോ; അല്ലെങ്കിൽ

(സി) അത്തരം ആൾ ഏതെങ്കിലും കോടതി പ്രഖ്യാപിച്ച നിയമാനുസൃത അവകാശം നടപ്പിൽ വരുത്തുന്നതിൽ നിന്ന് ആരെയെങ്കിലും തടയുന്നതിനായി സ്വയം ഒളിച്ചിരിക്കുന്നതായോ,

വിശ്വസിക്കാൻ തക്ക സാഹചര്യങ്ങൾ ഉണ്ടെങ്കിൽ, അത്തരം ഉദ്യോഗസ്ഥൻ കൊഗ്നൈസബിൾ കുറ്റത്തിനായി നിർണ്ണയിക്കപ്പെട്ടതിന് സമാനമായ രീതിയിൽ വിവരം രജിസ്റ്റർ ചെയ്ത് കാണാതായ ആളെ കണ്ടെത്തുവാൻ സത്വരം പ്രവർത്തിക്കേണ്ടതാണ്.

(2) അത്തരം അന്വേഷണത്തിൽ അത്തരം ഉദ്യോഗസ്ഥനോ അയാൾ നിയോഗിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതൊരു സാക്ഷിയെയും ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്താവുന്നതും ഏതൊരു സ്ഥലത്തും പരിശോധന നടത്തുകയും ചെയ്യാവുന്നതുമാണ്.

(3) ഇക്കാര്യം അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ ചോദ്യങ്ങൾക്ക് എല്ലാ ആളുകളും സത്യസന്ധമായി ഉത്തരം നൽകേണ്ടതും ആ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തുന്ന അത്തരം മൊഴിയുടെ പകർപ്പ് സാക്ഷിക്ക് നൽകേണ്ടതും പകർപ്പ് ലഭിച്ചതിനുശേഷം അത്തരം പകർപ്പ് ലഭിച്ചതായി സാക്ഷി ഒപ്പിട്ടു നൽകേണ്ടതുമാണ്.

(4) ഈ വകുപ്പുപ്രകാരമുള്ള എല്ലാ തെരച്ചിലുകളും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾക്കനുസരിച്ച് നടത്തേണ്ടതാണ്.

(5) കാണാതായ ആളിനെ അന്വേഷണത്തിൽ കണ്ടെത്തിയാൽ ഉത്തരവാദിത്വമുള്ള രക്ഷാകർത്താക്കളെ രേഖാമൂലം ഏൽപ്പിക്കുകയോ അധികാരിതയുള്ള മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കുകയോ, ചെയ്യേണ്ടതാണ്.

(6) അപ്രകാരം ഹാജരാക്കപ്പെടുന്ന ആൾ ഒരു സ്ത്രീയോ കുട്ടിയോ ആണെങ്കിൽ ആ വ്യക്തിയുടെ സ്വകാര്യതയും താൽപര്യവും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ മജിസ്ട്രേറ്റ് സ്വീകരിക്കേണ്ടതാണ്.

58. കാണാതാകുന്ന സാധനങ്ങൾ സംബന്ധിച്ച രജിസ്റ്റർ പോലീസ് സൂക്ഷിക്കണമെന്ന്.-(1) ഒരു സ്റ്റേഷൻ ഹൗസ് ആഫീസർക്ക് ഏതെങ്കിലും ആളിന്റെ വിലപിടിപ്പുള്ള സാധനമോ സെക്യൂരിറ്റിയോ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വിശ്വസനീയമായ വിവരം ലഭിക്കുമ്പോൾ ആ ആഫീസർക്ക്, നഷ്ടപ്പെട്ട സാധനത്തിന്റെ മൂല്യവും സ്വഭാവവും അത്തരം ഒരു നടപടിക്രമത്തെ ന്യായീകരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, ആ ആവശ്യത്തിനായി സൂക്ഷിക്കുന്ന ഒരു രജിസ്റ്ററിൽ വിവരം രേഖപ്പെടുത്താവുന്നതും, സാധനം കണ്ടെത്താൻ ന്യായമായും ആവശ്യമായേക്കാവുന്ന അന്വേഷണം നടത്തിപ്പിക്കാവുന്നതും ആവശ്യപ്പെടുന്നവർക്ക് ആയത് നഷ്ടപ്പെട്ടു എന്ന് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്.

59. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റുകൾ പോലീസിന് നൽകാമെന്ന്.-ഏതൊരു ജില്ലാ പോലീസ് മേധാവിക്കും സ്റ്റേഷൻ ഹൗസ് ഓഫീസർക്കും ഒരാളുടെ അപേക്ഷ പ്രകാരം അയാൾ യാതൊരു കുറ്റകൃത്യത്തിലും ഉൾപ്പെട്ടിട്ടില്ലാ എന്ന് ഉചിതമായ അന്വേഷണത്തിനുശേഷം സർക്കാർ ഇതിലേക്കായി നിശ്ചയിച്ചേക്കാവുന്ന ഫീസ് ഈടാക്കിയതിനുശേഷം സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

60. സുരക്ഷാ ഉപദേശം പോലീസ് നൽകണമെന്ന്.-ഒരു ജില്ലാ പോലീസ് മേധാവിക്ക് അദ്ദേഹത്തിന്റെ അധികാരപരിധിയിലുള്ള ഏതെങ്കിലും സ്ഥലത്ത് വളരെ വിലപിടിപ്പുള്ള ജംഗമവസ്തുക്കൾ സൂക്ഷിച്ചിരിക്കുന്നുവെന്നോ അല്ലെങ്കിൽ ഏതെങ്കിലും പൊതു പ്രാധാന്യമുള്ള സ്ഥലം ഗുരുതരമായ സുരക്ഷാഭീഷണി നേരിടുന്നുവെന്നോ വിവരം ലഭിച്ചാൽ അദ്ദേഹം സ്വമേധയാ, ബന്ധപ്പെട്ട സ്ഥലത്തിന്റെ ചുമതലയുള്ള ആളിനോടോ ആളുകളോടോ കൂടിയാലോചിച്ച്, അനുയോജ്യമായ രീതിയിൽ ഒരു സുരക്ഷാപരിശോധന നടത്തിക്കാവുന്നതും അത്തരം പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ ചുമതലക്കാരനോട് ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ എടുക്കുവാൻ നിർദ്ദേശിക്കാവുന്നതുമാണ്:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും ഏതൊരാളെയും അയാളെ മറ്റ് വിധത്തിൽ നിർബന്ധിതനാക്കാത്ത ഒരു കാര്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ നിർബന്ധിക്കുന്നതായി കരുതപ്പെടേണ്ടതില്ല.

61. പോലീസ് ട്രാഫിക്ക് ക്രമീകരിക്കേണ്ടതും നിയന്ത്രിക്കേണ്ടതുമാണെന്ന്: ഡ്യൂട്ടിയിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് ക്രമരാഹിത്യം, തടസ്സം, അപകടം എന്നിവ ഒഴിവാകുന്നതിനുവേണ്ടി പൊതുസ്ഥലങ്ങളിൽ ട്രാഫിക് ക്രമീകരിക്കാവുന്നതും നിയന്ത്രിക്കാവുന്നതും, അതിനായി ബന്ധപ്പെട്ടവർക്കെല്ലാം ന്യായമായ നിർദ്ദേശങ്ങൾ നൽകാവുന്നതും അത്തരം നിർദ്ദേശങ്ങൾ എല്ലാവരും അനുസരിക്കേണ്ടതുമാണ്.

62.വ്യക്തികൾക്കും സ്വകാര്യസ്ഥാപനങ്ങൾക്കും സുരക്ഷ നൽകണമെന്ന് : (1) ജില്ലാ പോലീസ് മേധാവിക്കോ സംസ്ഥാന പോലീസ് മേധാവിക്കോ സ്റ്റേഷൻ ഹൗസ് ആഫീസർക്കോ ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ, ഏതെങ്കിലും പൊതുസ്ഥലത്തോ സ്വകാര്യസ്ഥലത്തോ, പൊതുജനത്തിനോ ഏതെങ്കിലും വ്യക്തിക്കോ ഭരണകൂടത്തിനോ സ്ഥാപനത്തിനോ എതിരായി ആസന്നമായ ഏതെങ്കിലും കുറ്റകൃത്യം തടയുന്നതിനോ ആസന്നമായ അപകടം തടയുന്നതിനോ ഒഴിവാക്കുന്നതിനോ വേണ്ടി കൂടുതൽ പോലീസ് സേനയെ സൗജന്യമായി വിന്യസിപ്പിക്കുന്നതിനു തീരുമാനം ഏടുക്കാവുന്നതാണ്.

(2) സാധാരണ പോലീസ് സേവനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ലഭ്യമായ പൊതുവായതും സാധാരണ അളവിലുള്ളതുമായ പോലീസ് ക്രമീകരണങ്ങൾക്ക് ഉപരിയായി, ഗുരുതരമായ കുറ്റകൃത്യം സംഭവിക്കണമെന്നുള്ള അപകടം ആസന്നമാണെന്ന് സംസ്ഥാന പോലീസ് മേധാവിക്കോ ജില്ലാ പോലീസ് മേധാവിക്കോ സ്റ്റേഷൻഹൗസ് ആഫീസർക്കോ മറ്റുവിധത്തിൽ ബോദ്ധ്യപ്പെടുന്നിടത്തൊഴികെയുള്ള സാഹചര്യങ്ങളിൽ ഒരു സ്വകാര്യ വ്യക്തിക്കോ സ്വകാര്യസ്വത്തിനോ മാത്രമായി സൗജന്യമായോ, ഫീസ് ഈടാക്കികൊണ്ടോ പ്രത്യേക പോലീസിനെ വർദ്ധിച്ച തോതിൽ നിർബന്ധമായി വിന്യസിപ്പിച്ചു കിട്ടുവാൻ ഒരു വ്യക്തിക്കും സ്ഥാപനത്തിനും അവകാശമുണ്ടായിരിക്കുന്നതല്ല.

(3) സർക്കാരിനോ സംസ്ഥാന പോലീസ് മേധാവിക്കോ, ഒരു വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ സംഘത്തിന്റെയോ അവരുടെ സ്വത്തുക്കളുടെയോ സംരക്ഷണത്തിനോ മാത്രമായി കൂടുതൽ പോലീസിനെ വിന്യസിപ്പിക്കാനുള്ള മാനദണ്ഡവും നടപടിക്രമവും ഈടാക്കേണ്ട ഫീസിന്റെ തോതും അത് ഈടാക്കേണ്ട സാഹചര്യങ്ങളും നിശ്ചയിക്കാവുന്നതാണ്.

63. കൊഗ്നൈസബിളായ കുറ്റത്തിലേക്ക് നയിക്കാവുന്ന തർക്കങ്ങളിൽ പോലീസ് നടപടി:- ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള തർക്കം എത്രയും പെട്ടെന്ന് പരിഹരിക്കാത്ത പക്ഷം ഒരു കോഗ്നൈസബിൾ കുറ്റമായി പരിണമിക്കുവാൻ സാധ്യതയുള്ള സാഹചര്യം, ആരെങ്കിലും ശ്രദ്ധയിൽപ്പെടുത്തിയാൽ സ്റ്റേഷൻ ഹൗസ് ആഫീസർ:-

(എ) ബന്ധപ്പെട്ട വ്യക്തികളുമായോ അക്കാര്യം അറിയാവുന്ന മറ്റുള്ളവരുമായോ സംസാരിച്ച് വസ്തുതകളും സാഹചര്യവും തിട്ടപ്പെടുത്തുവാനോ;

(ബി) തർക്കമുള്ള വ്യക്തികൾക്കോ അല്ലെങ്കിൽ ഏല്ലാ സംഘങ്ങൾക്കുമോ തർക്കത്തിന്റെ തുടർച്ചയായി നിയമവിരുദ്ധമായ എന്തെങ്കിലും പ്രവൃത്തി ചെയ്യുന്നതിനെതിരെ രേഖാമൂലം മുന്നറിയിപ്പു നൽകുവാനോ;

(സി) തർക്കമുള്ള വ്യക്തികളെയോ, സംഘങ്ങളേയോ പരസ്പര ചർച്ചയിലൂടെയോ മധ്യസ്ഥതയിലൂടെയോ പ്രശ്നം പരിഹരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുവാനോ;

(ഡി) തർക്കം പരിഹരിക്കുന്നതിന് അധികാരിതയും ക്ഷമതയുമുള്ള ഒരു കോടതിയെ സമീപിക്കണമെന്ന് വ്യക്തികളെയോ സംഘങ്ങളെയോ ഉപദേശിക്കുന്നതിനോ;

(ഇ) അധികാരിതയുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുമ്പാകെ ഹാജരായി വ്യക്തികളോടോ സംഘങ്ങളോടോ തർക്കപരിഹാരം തേടാൻ ആവശ്യപ്പെടുന്നതിനോ;

(എഫ്) 1973 ലെ ക്രമിനൽ നടപടി നിയമ സംഹിതയിലെ (1974 ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം ഒരു വ്യക്തിക്കോ എല്ലാ സംഘങ്ങൾക്കുമോ എതിരെ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിന് അധികാരിതയുള്ള മജിസ്ട്രേറ്റ് മുമ്പാകെ വസ്തുതകൾ റിപ്പോർട്ട് ചെയ്യുന്നതിനോ;

നടപടികൾ ഏടുക്കേണ്ടതാണ്.

64. <u>കമ്മ്യൂണിറ്റി പോലീസിംഗ്</u> (1) ജില്ലാ പോലീസ് മേധാവി, പോലീസിന്റെ കൃത്യനിർവ്വഹണത്തിൽ പൊതുവായ സഹായം നൽകാൻ വേണ്ടി ആ പ്രദേശത്തെ കമ്മ്യൂണിറ്റിയുടെ പ്രതിനിധികൾ എന്ന നിലയിൽ തദ്ദേശവാസികൾ ഉൾപ്പെടുന്ന കമ്മ്യൂണിറ്റി സമ്പർക്ക സമിതികൾ ഓരോ പോലീസ് സ്റ്റേഷനുവേണ്ടിയും രൂപീകരിക്കേണ്ടതാണ്.

(2) കമ്മ്യൂണിറ്റി സമ്പർക്ക സമിതിയിൽ പോലീസ് സ്റ്റേഷൻ അധികാര പരിധിയിലുള്ള സമൂഹത്തിലെ ഏല്ലാ വിഭാഗങ്ങളിലും സേവന, തൊഴിൽ മേഖലകളിലുമുള്ളവർക്കും സ്ത്രീകൾ, പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിഭാഗക്കാർ എന്നിവർക്കും ന്യായമായ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണ്.

(3)ക്രിമിനൽ കോടതി തൊട്ടുമുമ്പുള്ള അഞ്ച് വർഷക്കാലയളവിൽ തടവിനു ശിക്ഷിച്ചതോ അല്ലെങ്കിൽ അഴിമതി, സാന്മാർഗ്ഗിക അധഃപതനം, പെരുമാറ്റദൂഷ്യം എന്നീ കാരണങ്ങളാൽ ഏതെങ്കിലും ഉദ്യോഗത്തിൽ നിന്ന് ഡിസ്മിസ് ചെയ്തതോ, നീക്കം ചെയ്തതോ, ഡിസ്ചാർജ്ജ് ചെയ്തതോ അല്ലെങ്കിൽ നിർബന്ധിതമായി വിരമിക്കൽ നൽകിയതോ ആയ യാതൊരാളെയും കമ്മ്യൂണിറ്റി സമ്പർക്ക സമിതിയിലെ ഒരംഗമായി നാമനിർദ്ദേശം ചെയ്യാൻ പാടുള്ളതല്ല.

(4) കമ്മ്യൂണിറ്റി സമ്പർക്ക സമിതി ആ പ്രദേശത്ത് നിലവിലുള്ളതും ഉണ്ടായേക്കാവുന്നതുമായ പൊതുസ്വഭാവമുള്ള പോലീസ് സേവനാവശ്യങ്ങൾ പോലീസിന്റെ അർഹമായ പരിഗണനയ്ക്കായി കണ്ടെത്തുകയും ആ പ്രദേശത്തിന്റെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷ ഉറപ്പാക്കാനുള്ള കർമ്മ പദ്ധതികൾ വികസിപ്പിക്കേണ്ടതുമാണ്.

(5) കമ്മ്യൂണിറ്റി സമ്പർക്ക സമിതി ആവശ്യാനുസരണം യോഗം ചേരേണ്ടതാണ്.

(6) സമിതി യോഗങ്ങളിൽ ആ പ്രദേശത്തെ പൊതുജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

(7) കമ്മ്യൂണിറ്റി സമ്പർക്ക സമിതി ആ പ്രദേശത്ത് സംഭവിച്ച കുറ്റകൃത്യങ്ങളെക്കുറിച്ചും കുറ്റകൃത്യങ്ങൾ നടക്കാനുള്ള സാദ്ധ്യതയെക്കുറിച്ചുമുള്ള വിവരങ്ങൾ പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഓരോ പൗരനെയും പ്രോൽസാഹിപ്പിക്കേണ്ടതാണ്.

(8) കമ്മ്യൂണിറ്റി സമ്പർക്ക സമിതിക്ക് ഒരു പ്രത്യേക ആവശ്യത്തിനോ പ്രത്യേക പ്രദേശത്തിനോ പ്രത്യേക ചുമതലകൾക്കോ ആയി ഉപസമിതി രൂപീകരിക്കാവുന്നതാണ്.

(9)കമ്മ്യൂണിറ്റി സമ്പർക്ക സമിതിക്ക് സുരക്ഷിതത്വബോധം, രക്ഷാബോധം, കുറ്റകൃത്യ നിവാരണം, നിയമ സാക്ഷരത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്.

(10) കമ്മ്യൂണിറ്റി സമ്പർക്ക സമിതിക്ക് നിയമപ്രകാരമുള്ള പോലീസിന്റെ യാതൊരു അധികാരവും ഇല്ലാത്തതും കുറ്റാന്വേഷണമോ ക്രമസമാധാനപാലനമോ സമിതി സ്വയം ഏറ്റെടുക്കാൻ പാടില്ലാത്തതുമാണ്.

65. ബീറ്റ് പോലീസ് സേവനം.- (1) ഓരോ പോലീസ് സ്റ്റേഷന്റെയും അധികാരമേഖല വിവിധ പോലീസ് ബീറ്റുകളായി വിഭജിക്കേണ്ടതും ഓരോ ബീറ്റ് പ്രദേശത്തിനും സ്ഥിര അടിസ്ഥാനത്തിൽ ബീറ്റു നടത്തുന്നതിന് ബീറ്റ്പട്രോളുകളെ നിയോഗിക്കേണ്ടതുമാണ്.

(2) ഇനി പറയുന്ന കാര്യങ്ങൾ ബീറ്റ് പട്രോളിന്റെ കർത്തവ്യങ്ങളിലും, ഉത്തരവാദിത്വങ്ങളിലും, മറ്റുകാര്യങ്ങളോടൊപ്പം ഉൾപ്പെടുന്നതാണ്.-

(എ) ആ പ്രദേശത്ത് താമസിക്കുന്ന കമ്മ്യൂണിറ്റി സമ്പർക്ക സമിതിയിലെ അംഗങ്ങളുമായും സാമൂഹ്യ ജീവിതത്തിൽ സജീവ പങ്കാളിത്തമുള്ള പൗരന്മാരുമായും ബന്ധപ്പെടുക;

(ബി) ബീറ്റ് പ്രദേശത്ത് കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ ഓരോ സന്ദർശന സമയത്തും അവലോകനം ചെയ്യുക;

(സി) ബീറ്റ് പ്രദേശത്ത് കുറ്റവാളികൾ, തീവ്രവാദികൾ, സാമൂഹ്യവിരുദ്ധർ, ശ്രദ്ധിക്കപ്പെടേണ്ട അപരിചിതർ തുടങ്ങിയവർ ഉണ്ടെങ്കിൽ, അവരുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് പോലീസ് സ്റ്റേഷൻ ചുമതലയുള്ള ഉദ്യോഗസ്ഥനെ അറിയിക്കുക;

(ഡി) പ്രത്യേക നിരീക്ഷണത്തിന് വിധേയരായി കുറ്റവാളികൾ ആരെങ്കിലും ബീറ്റ് പ്രദേശത്ത് ഉണ്ടെങ്കിൽ അവരേയും, ക്രിമിനൽ പശ്ചാത്തലം ഉള്ളവരെയും ദുഃസ്വഭാവമുള്ളവരെയും നിരീക്ഷിക്കുക;

(ഇ) അക്രമത്തിന് സാധ്യതയുള്ള പ്രാദേശിക തർക്കങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ലഭ്യമായ എല്ലാ വിവരങ്ങളോടും കൂടി പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്യുക;

(എഫ്) മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ പ്രദേശത്തെ സംബന്ധിച്ച് ഏല്പിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും പോലീസ് ജോലികൾ നിർവ്വഹിക്കുക;

(ജി) പോലീസ് സേവനം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നുള്ള സങ്കടങ്ങളും, പരാതികളും രേഖപ്പെടുത്തി പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ അറിയിക്കുക; കൂടാതെ

(എച്ച്) സന്ദർശന സമയത്ത് നിർവ്വഹിച്ച ജോലികളെക്കുറിച്ച് രേഖകൾ സൂക്ഷിച്ച് അവ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് സമർപ്പിക്കുക.

66. <u>പൊതുജനങ്ങൾക്ക് പാരിതോഷികം</u> - ജില്ലാ പോലീസ് മേധാവിക്ക് സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി, മികച്ച സേവനം നൽകിയതിനോ, കുറ്റകൃത്യം തടയുന്നതിനോ, കുറ്റാന്വേഷണത്തിനോ ക്രമസമാധാനമോ സുരക്ഷയോ ഗതാഗത സുരക്ഷയോ കാത്തു സൂക്ഷിക്കുന്നതിനോ സഹായമോ വിവരമോ നൽകുന്നതിന് പൊതുജനങ്ങൾക്ക് പാരിതോഷികം വാഗ്ദാനം ചെയ്യാവുന്നതും അത് നല്കാവുന്നതുമാണ്.

67. <u>ലഹള തടയുന്നതിനായി കെട്ടിടവും പരിസരവും ഏറ്റെടുക്കൽ</u>- (1) ആസന്നമായ ലഹളയോ ഗുരുതരമായ സമാധാനഭഞ്ജനമോ തടയുന്നതിനോ അമർച്ചചെയ്യുന്നതിനോവേണ്ടി സ്ഥലത്ത് ഹാജരുള്ള ഏറ്റവും സീനിയറുമായ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥന് ഇരുപത്തിനാല് മണിക്കൂറിൽ കവിയാത്ത ഒരു കാലയളവിലേക്ക് ഏതെങ്കിലും കെട്ടിടമോ മറ്റ് സ്ഥലമോ താൽക്കാലികമായി അടച്ചിടുകയോ ഏറ്റെടുക്കുകയോ ചെയ്യാവുന്നതും അവിടെനിന്നും എല്ലാവരെയുമോ ഏതെങ്കിലും ആളുകളേയോ മാറ്റിനിർത്താവുന്നതും ആവശ്യമെന്ന് കരുതുന്ന വ്യവസ്ഥകളിന്മേൽ നിശ്ചയിക്കപ്പെട്ട ആളുകൾക്ക് മാത്രമായി അവിടെ പ്രവേശനം നൽകാവുന്നതും ബന്ധപ്പെട്ട എല്ലാ ആളുകളും അത്തരം ഉത്തരവുകളനുസരിച്ച് പെരുമാറാൻ ബാധ്യസ്ഥരായിരിക്കുന്നതുമാണ്.

എന്നാൽ അത്തരം നടപടികൾ സ്വീകരിക്കുമ്പോൾ അങ്ങനെയുള്ള കെട്ടിടമോ സ്ഥലമോ ഉപയോഗിക്കുന്ന സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, കഴിവിൽ വ്യത്യസ്തതയുള്ള ആളുകൾ എന്നിവർക്കുണ്ടാകാവുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് അത്തരം പ്രയാസങ്ങൾ പരമാവധി ഒഴിവാക്കേണ്ടതാണ്, എന്നു മാത്രമല്ല ഇരുപത്തിനാല് മണിക്കൂറിനുശേഷം അറുപത് ദിവസംവരെ അത്തരം നിർദ്ദേശങ്ങൾ നൽകുന്നതിനും നടപ്പിലാക്കുന്നതിനും ജില്ലാ മജിസ്ട്രേറ്റിന്റെ രേഖാമൂലമുള്ള ഉത്തരവ് ആവശ്യമായിരിക്കുന്നതാണ്.

(2) ജില്ലാ മജിസ്ട്രേറ്റിന് സ്വമേധയായോ, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവിനാൽ സങ്കടം അനുഭവിക്കുന്ന ഏതെങ്കിലും ആളിന്റെ അപേക്ഷയിന്മേലോ അങ്ങനെയുള്ള ഏതൊരു ഉത്തരവും റദ്ദു ചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്.

68. <u>അപകടങ്ങളോ ദുരന്തങ്ങളോ കൈകാര്യം ചെയ്യൽ</u>- ഏതെങ്കിലും സ്ഥലത്ത് ഗുരുതരമായ അപകടമോ ദുരന്തമോ സംഭവിക്കുന്ന സമയത്ത് ആസന്നവും ഗുരുതരവുമായ സമാധാനഭഞ്ജനത്തിനോ പൊതു സമാധാനലംഘനത്തിനോ പൊതുജനങ്ങൾക്ക് കാര്യമായ അസൗകര്യത്തിനോ ആപത്തിനോ കാരണമാകാൻ സാദ്ധ്യതയുള്ള ഏതെങ്കിലും തർക്കം, അഭിപ്രായഭിന്നത, വിവാദം, കുഴപ്പം എന്നിവ അവിടെ നിലനിൽക്കുന്നുവെന്ന് സ്ഥലത്ത് ഹാജരുള്ള ഏറ്റവും സീനിയറായ പോലീസ് ഉദ്യോഗസ്ഥൻ കരുതുന്ന പക്ഷം, എല്ലാ ആളുകളും പെരുമാറേണ്ടതെങ്ങനെയെന്ന് സന്ദർഭവും ആവശ്യവും അനുസരിച്ച് ന്യായമായ ഉത്തരവുകൾ അദ്ദേഹത്തിന് നൽകാവുന്നതും അങ്ങനെയുള്ള ഉത്തരവുകൾ ബന്ധപ്പെട്ട എല്ലാ ആളുകളും അനുസരിക്കേണ്ടതുമാണ്.

69. <u>അഗ്നിബാധ, ദുരന്തം അല്ലെങ്കിൽ അപകടം ഉണ്ടാകുന്ന അവസരങ്ങളിലെ നടപടികൾ</u> (1) അഗ്നിബാധയോ ദുരന്തമോ അപകടമോ ഉണ്ടാകുന്ന അവസരങ്ങളിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഫയർ സർവ്വീസിലെ അംഗത്തിനോ മജിസ്ട്രേറ്റിനോ അത്തരത്തിലുള്ള ആളിന്റെ അസാന്നിധ്യത്തിൽ ഒരു പബ്ലിക് സർവ്വന്റിനോ ഇനി പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്, അതായത്:-

(എ) ജീവനോ സ്വത്തോ സംരക്ഷിക്കുന്നതിനുള്ള രക്ഷാദുരിതാശ്വാസ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നവരെ നീക്കം ചെയ്യുകയോ നീക്കം ചെയ്യാൻ ഉത്തരവിടുകയോ ചെയ്യുക;

(ബി) രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവായതോ സ്വകാര്യമായതോ ആയ തെരുവ് അല്ലെങ്കിൽ വഴി അടയ്ക്കുക;

(സി) ജീവനും സ്വത്തും സംരക്ഷിക്കാനുള്ള രക്ഷാദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ നിർദ്ദേശത്തിന്മേൽ പ്രവർത്തിക്കുന്ന വർക്കോ, പൊതുവായതോ സ്വകാര്യമായതോ ആയ ഏതു വളപ്പിലും കടക്കുകയോ തുറക്കുകയോ പൊളിക്കുകയോ ഹോസ് പൈപ്പോ മറ്റ് ഉപകരണങ്ങളോ കടത്തിവിടുകയോ ചെയ്യുക;

(ഡി) ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് സത്വരം ആവശ്യമെന്ന് തോന്നുന്ന പ്രകാരമുള്ള ഉചിതവും ന്യായവുമായ നടപടികളെടുക്കുക;

(ഇ) ജീവനും സ്വത്തും സംരക്ഷിക്കുന്നതിൽ സ്വകാര്യമോ അല്ലാതെയോ ആയ ഉപകരണങ്ങളോ മറ്റ് കാര്യങ്ങളോ ആവശ്യപ്പെടാവുന്നതും അത് കൈവശമുള്ളവർ പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം നൽകേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ മൂലം സംഭവിച്ച ഏതൊരു നാശനഷ്ടവും, അഗ്നിബാധ, ദുരന്തം അല്ലെങ്കിൽ അപകടം എന്നിവയ്ക്കായുള്ള ഏതെങ്കിലും ഇൻഷ്വറൻസ് പോളിസിയുടെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന

അഗ്നിബാധ, ദുരന്തം അല്ലെങ്കിൽ അപകടം എന്നിവമൂലമുള്ള ഇൻഷ്വറൻസ് സംരക്ഷണത്തിനർഹമായ നാശനഷ്ടമായി കരുതപ്പെടേണ്ടതും അത്തരത്തിലുള്ള ഇൻഷ്വറൻസിന്റെ അഭാവത്തിൽ ജില്ലാ മജിസ്ട്രേറ്റ് തിട്ടപ്പെടുത്തിയേക്കാവുന്ന തുക ന്യായമായ നഷ്ട പരിഹാരമായി ബന്ധപ്പെട്ട കക്ഷികൾക്ക് സർക്കാരിന് നൽകാവുന്നതുമാണ്.

(3) ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനേയോ ഫയർ സർവ്വീസിലെ ഏതെങ്കിലും അംഗത്തെയോ മജിസ്ട്രേറ്റിനെയോ പബ്ലിക് സർവ്വന്റിനെയോ ന്യായമായ കാരണങ്ങൾ ഇല്ലാതെ അയാൾ ചെയ്ത ഏതെങ്കിലും പ്രവർത്തികൾ മൂലമുണ്ടായ നാശനഷ്ടങ്ങളുടെ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതല്ല.

70. പോലീസ് ഉപകരണം ലൈസൻസിംഗിൽ നിന്നും ഒഴിവാക്കണമെന്ന്;- പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിൽ പോലീസിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കേണ്ട ആവശ്യത്തിലേക്കായി ഔദ്യോഗിക ഉപയോഗത്തിലുള്ള ഉപകരണങ്ങളെയോ വസ്തുക്കളെയോ ഏതെങ്കിലും നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണെന്നോ ഏതെങ്കിലും സർക്കാർ ഏജൻസിക്കോ പബ്ലിക് അതോറിറ്റിക്കോ ഏതെങ്കിലും വാർഷിക ഫീസോ, ലൈസൻസ് ഫീസോ നൽകേണ്ടതാണെന്നോ ഉള്ള നിബന്ധനകളിൽ നിന്നും സർക്കാരിന് ഒഴിവാക്കാവുന്നതാണ്.

71. പോലീസ് ഉദ്യോഗസ്ഥൻ വിവരം മുതലായവ സമർപ്പിക്കാമെന്ന്- ഏതൊരു പോലീസ് ഉദ്യോഗസ്ഥനും ഏതൊരു ഔദ്യോഗിക വിവരവും ഒരു മജിസ്ട്രേറ്റ് മുൻപാകെ സമർപ്പിക്കാവുന്നതും കുറ്റം ചെയ്ത ഏതെങ്കിലും ആളിനെതിരായോ ഒരു സാധനം കണ്ടുപിടിക്കുന്നതിനായോ നിയമം മൂലം സമൻസോ, വാറണ്ടോ, സെർച്ച് - വാറണ്ടോ അത്തരത്തിലുള്ള നിയമപരമായ മറ്റ് പ്രോസസുകളോ പുറപ്പെടുവിക്കാൻ അപേക്ഷിക്കാവുന്നതു മാണ്.

## അദ്ധ്യായം-6

## പോലീസ് റെഗുലേഷനുകൾ

72. ട്രാഫിക് ക്രമീകരണ സമിതി – (1) ഓരോ ഗ്രാമ പഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും, കോർപ്പറേഷനിലും ട്രാഫിക് സംബന്ധമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി ട്രാഫിക് ക്രമീകരണ സമിതികൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരം രൂപീകരിക്കേണ്ടതാണ്.

(2) ട്രാഫിക് ക്രമീകരണ സമിതിയിൽ ബന്ധപ്പെട്ട തദ്ദേശ ഭരണത്തലവൻ അദ്ധ്യക്ഷനായിരിക്കേണ്ടതും ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ പോലീസ് മേധാവി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായിരിക്കുന്നതുമാണ്.

(3) ട്രാഫിക് ക്രമീകരണ സമിതി , ഓരോ പ്രദേശത്തും 1988 ലെ മോട്ടോർ വാഹന ആക്റ്റും (1988 ലെ 59), 2007 ലെ കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്റ്റും (2007 ലെ 8) അവയ്ക്ക് കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത രീതിയിൽ പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന അപായം, തടസ്സം, അസൗകര്യം മുതലായവ തടയുന്നതിനായി ട്രാഫിക് സംബന്ധിച്ച് ഇനിപ്പറയുന്ന കാര്യങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതും അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും പാലിക്കേണ്ടതുമാണ്.

(എ) പൊതുസ്ഥലങ്ങളിലെ എല്ലാ തരത്തിലുമുള്ള ട്രാഫിക്കിന്റെ രീതിയും സമയവും ക്രമീകരിക്കുക;

(ബി) പൊതുനിരത്തിലൂടെ സഞ്ചരിക്കുന്നവരുടെ ശ്രദ്ധ തിരിക്കാനോ അവർക്ക് അപകടകരമാകാനോ സാധ്യതയുള്ള രീതിയിൽ ഏതെങ്കിലും വസ്തുവിൽ കാണപ്പെടുന്ന കമാനം, തോരണം, ബാനർ, ഹോർഡിംഗുകൾ, അടയാളങ്ങൾ, പ്രതിരൂപങ്ങൾ, ലൈറ്റ് ഉപയോഗിച്ചുള്ള പ്രദർശനങ്ങൾ, നിർമ്മാണപ്രവൃത്തി, കച്ചവടം, വെൽഡിംഗ്, അന്തരീക്ഷ മലിനീകരണം, ശബ്ദശല്യം, പാറപൊട്ടിക്കൽ, ഖനനം, പടക്കംപൊട്ടിക്കൽ, പട്ടംപറപ്പിക്കൽ, വെടിമരുന്നുപ്രയോഗം എന്നിവ ക്രമീകരിക്കുകയും ആവശ്യമെങ്കിൽ നീക്കം ചെയ്യുകയും ചെയ്യുക;

(സി) തെരുവുകളിലൂടെ തടി, കഴ, ഏണി, ഇരുമ്പു പാളി, ബീമുകൾ, ബാറുകൾ, ബോയിലറുകൾ, കച്ചി, മണ്ണ്, കൈകാര്യം ചെയ്യാൻ പ്രയാസമുള്ള മറ്റ് വസ്തുക്കൾ എന്നിവ കൊണ്ടു പോകുന്നതിന്റെ വിധവും രീതിയും ക്രമീകരിക്കുക;

(ഡി) റോഡ് ഉപയോഗിക്കുന്നവർക്ക് അപകടമുണ്ടാക്കാവുന്ന സ്ഫോടകവസ്തുക്കളോ അല്ലെങ്കിൽ ഹാനികരമായ രാസവസ്തുക്കളോ പൊതുസ്ഥലങ്ങളിലൂടെ കൊണ്ടുപോകുന്നത് ക്രമീകരിക്കുക;

(ഇ) നിലംപതിക്കാൻ പോകുന്ന കെട്ടിടങ്ങളിൽ നിന്നോ മറ്റ് കാരണങ്ങളാലോ ഉള്ള അപകടം ഉണ്ടാകുമെന്ന് ന്യായമായ ബോദ്ധ്യമുള്ള സാഹചര്യങ്ങളിൽ ചില തെരുവുകൾ അടച്ചിടുകയോ ചില സ്ഥലങ്ങളിലേയ്ക്ക് ആരും പ്രവേശിക്കരുതെന്ന് നിഷ്കർഷിക്കുകയോ ചെയ്യുക;

(എഫ്) റോഡരുകിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ കെട്ടിടത്തിലേയ്ക്കും സ്ഥലത്തേയ്ക്കും തെരുവിൽ നിന്നും പൊതു സ്ഥലത്തു നിന്നും ഉള്ള പ്രവേശനത്തിന്റെ രീതിയും മാർഗ്ഗവും ക്രമീകരിക്കുക;

(ജി) ഇതു സംബന്ധിച്ച് സംസ്ഥാനത്തിനോ പോലീസ് വകുപ്പിനോ ഏതെങ്കിലും സാമ്പത്തിക ബാദ്ധ്യത വരുത്താതെ പൊതുജനങ്ങൾക്ക് ഗതാഗത നടത്തിപ്പിൽ സ്വമേധയാ സഹായിക്കാവുന്ന രീതി നിശ്ചയിക്കുക.

(4) ജില്ലാ പോലീസ് മേധാവിക്ക് ട്രാഫിക് ക്രമീകരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായി മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതും പ്രസ്തുത ഉത്തരവുകൾ ഏഴ് ദിവസത്തിനകം ബന്ധപ്പെട്ട ട്രാഫിക് ക്രമീകരണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്.

(5) ഇപ്രകാരം സമർപ്പിക്കപ്പെട്ട ഉത്തരവുകൾ ട്രാഫിക് ക്രമീകരണ സമിതി പരിഗണിക്കേണ്ടതും ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതുമാണ്.

എന്നാൽ, ട്രാഫിക് ക്രമീകരണ സമിതിയുടെ തീരുമാനം ഉണ്ടാകുന്നതുവരെ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവുകൾ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

6. ഒരു ജില്ലയിലെ ട്രാഫിക് ക്രമീകരണ സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലയ്ക്ക് മൊത്തമായി മേൽപ്പറഞ്ഞ കാര്യങ്ങളിൽ ട്രാഫിക് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ആയി ഒരു ജില്ലാതല ട്രാഫിക് ക്രമീകരണ സമിതി സർക്കാർ നിർണ്ണയിക്കുന്ന പ്രകാരം രൂപീകരിക്കേണ്ടതാണ്.

73. കായിക പരിശീലനത്തിന്റെ നിയന്ത്രണം- (1) നിർണ്ണയിക്കപ്പെടാവുന്ന ഒരു അധികാരസ്ഥാനം ഇതിലേക്കായി നൽകിയിട്ടുള്ള ഒരു പെർമിറ്റിലെ വ്യവസ്ഥകളനുസരിച്ചല്ലാതെ യാതൊരാളും ആക്രമണമോ സ്വയരക്ഷയോ സംബന്ധിച്ച അഭ്യാസരീതികൾ ഉൾക്കൊള്ളുന്ന കായിക പരിശീലനം പൊതുജനങ്ങൾക്കോ ഏതെങ്കിലും ആളിനോ ആളുകൾക്കോ നൽകുകയോ സംഘടിപ്പിക്കുകയോ അതിൽ പങ്കെടുക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല;

എന്നാൽ ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ-

(i)സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതോ സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതോ ആയ ഒരു വിദ്യാഭ്യാസ സ്ഥാപനം അതിന്റെ പാഠ്യപദ്ധതിയുടെയോ പഠനക്രമത്തിന്റെയോ ഭാഗമായി നടത്തുന്നതോ;

(ii)കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ഒരു ക്ലബ്ബോ, ജിംനേഷ്യമോ നൽകുന്നതോ;

ആയ ഏതെങ്കിലും പരിശീലനത്തിന് ബാധകമാകുന്നതല്ല.

(2) ഏതൊരാളും തന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള ഏതെങ്കിലും കെട്ടിടമോ പരിസരമോ ഇക്കാര്യത്തിൽ ഒരു പെർമിറ്റ് കൈവശമില്ലാത്ത ഏതെങ്കിലും ആൾക്ക് അത്തരം കായിക പരിശീലനം നടത്തുന്നതിനായി ഉപയോഗിക്കുന്നതിന് അനുവദിക്കുവാൻ പാടുള്ളതല്ല.

(3) (1) -ാം ഉപവകുപ്പിൻ കീഴിലുള്ള പെർമിറ്റ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും അപ്രകാരമുള്ള ഫീസ് നൽകിയതിനുശേഷവും നൽകേണ്ടതാണ്.

(4) ഈ ആക്റ്റ് അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരമാണ് അത്തരം പരിശീലനം നടത്തുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശീലനം നടത്തുന്ന ഏതൊരു സ്ഥലത്തും ഒരു സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരു പോലീസ് ഉദ്യോഗസ്ഥനും സ്വതന്ത്രമായ പ്രവേശനമുണ്ടായിരിക്കുന്നതാണ്.

74. പെർമിറ്റ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം - (1) 73-ാം വകുപ്പിന്റെ (1) -ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന് പ്രസ്തുത ഉപവകുപ്പിൻ കീഴിൽ നൽകിയിട്ടുള്ള ഒരു പെർമിറ്റ്.-

(എ) അത്തരം പെർമിറ്റ് കൈവശമുള്ളയാൾ നൽകേണ്ടതായ ഏതെങ്കിലും ഫീസ് യഥാവിധി നൽകിയിട്ടില്ലെങ്കിലോ;

(ബി) പെർമിറ്റ് കൈവശമുള്ളയാളോ അയാളുടെ ജോലിക്കാരനോ അല്ലെങ്കിൽ അയാളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ അനുമതിയോടുകൂടി അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റാരെങ്കിലുമോ പ്രസ്തുത പെർമിറ്റിലെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും ലംഘിക്കുകയാണെങ്കിലോ;

(സി) അത്തരം പെർമിറ്റ് കൈവശമുള്ള ആളെ ഒരു കോടതി, സദാചാരലംഘനം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിന് ശിക്ഷിച്ചിട്ടുണ്ടെങ്കിലോ;

(ഡി) അത്തരം പെർമിറ്റ് കൈവശം വയ്ക്കുന്ന ആൾ 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റ് (2007ലെ 34) പ്രകാരം സാമൂഹ്യവിരുദ്ധ പ്രവർത്തനവുമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെട്ടതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെങ്കിലോ;

ഉത്തരവുവഴി റദ്ദാക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) (1) -ാം ഉപവകുപ്പിൻകീഴിലെ ഉത്തരവിനെതിരെയുള്ള ഒരു അപ്പീൽ പരിശീലനം നടത്തുന്ന സ്ഥലം സ്ഥിതിചെയ്യുന്ന പ്രദേശത്ത് അധികാരിതയുള്ള ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് മുമ്പാകെ നൽകേണ്ടതാണ്.

75. <u>മാസ്സ്ഡ്രിൽ നിരോധിക്കുന്നതിനുള്ള അധികാരം</u> - (1) ജില്ലാ മജിസ്ട്രേറ്റിന്, പൊതുസമാധാനമോ പൊതുസുരക്ഷയോ സംരക്ഷിക്കുന്നതിനോ ക്രമസമാധാനപാലനത്തിനോ അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് കരുതുമ്പോഴൊക്കെയും ആയുമേന്തിക്കൊണ്ടുള്ള ഏതെങ്കിലും മാസ്ഡ്രില്ലോ കൂട്ടം ചേർന്നുള്ള പരിശീലനമോ ഏതെങ്കിലും ഘോഷയാത്രയിൽ ആയുധങ്ങൾ കൊണ്ടു നടക്കുന്നതോ അതിൽ പങ്കെടുക്കുന്നതോ അദ്ദേഹത്തിന്റെ അധികാരിതയുള്ള ഏതെങ്കിലും പ്രദേശത്ത് പൊതു നോട്ടീസുമൂലമോ വ്യക്തികൾക്കോ സംഘടനകൾക്കോ നൽകുന്ന ഉത്തരവ് വഴിയോ നിരോധിക്കാവുന്നതാണ്.

വിശദീകരണം - ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ''ആയുധങ്ങൾ'' എന്നാൽ ആക്രമണം നടത്താനുള്ള ആയുധമായി ഉപയോഗിക്കാൻ കഴിയുന്ന ഏതൊരു വസ്തുവും എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും തരത്തിലുള്ള ലാത്തിയോ വടിയോ ഉൾപ്പെടുന്നതുമാകുന്നു.

(2) ഈ വകുപ്പുപ്രകാരമുള്ള യാതൊരു നിരോധനത്തിനും മൂന്നുമാസത്തിൽ കൂടുതൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല;

എന്നാൽ, പൊതു സമാധാനമോ പൊതുസുരക്ഷയോ സംരക്ഷിക്കുന്നതിനോ ക്രസമാധാന പാലനത്തിനോ അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നുവെങ്കിൽ അതിന് ഗസറ്റ് വിജ്ഞാപനം വഴി, (1)-ാം ഉപവകുപ്പുപ്രകാരം ഒരു മജിസ്ട്രേറ്റ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ നിയമപ്രകാരമുള്ള കാലാവധി അവസാനിക്കുമായിരുന്ന ദിവസം മുതൽ ആറ് മാസത്തിൽ കവിയാതെയുള്ള കാലയളവിലേക്ക് കൂടി പ്രാബല്യത്തിൽ വരുത്താവുന്നതാണ്.

<u>76. ഏതെങ്കിലും തെരുവോ പൊതുസ്ഥലമോ റിസർവ്വ് ചെയ്യുന്നതിനുള്ള അധികാരം</u> - ജില്ലാ പോലീസ് മേധാവിക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പൊതുവായ നോട്ടീസുമൂലം ഏതെങ്കിലും തെരുവോ, പൊതുസ്ഥലമോ, ഏതെങ്കിലും പൊതുആവശ്യത്തിനായി താൽക്കാലികമായി നീക്കിവയ്ക്കാവുന്നതും അദ്ദേഹം നിശ്ചയിച്ചേക്കാവുന്ന നിബന്ധനകൾ പ്രകാരമല്ലാതെ അപ്രകാരം റിസർവ്വ് ചെയ്യപ്പെട്ട പ്രദേശത്ത് ജനങ്ങൾ പ്രവേശിക്കുന്നത് നിരോധിക്കാവുന്നതുമാണ്.

77. ശബ്ദംമൂലമുണ്ടാകുന്ന ശല്യം നിയന്ത്രിക്കൽ.- (1) ജില്ലാ പോലീസ് മേധാവിക്ക് ഒരു പ്രദേശത്ത് വസിക്കുന്ന പൊതുജനത്തിനോ, ആളിനോ, ശല്യം, ഉപദ്രവം, അരോചകത്വം, ഹാനി അല്ലെങ്കിൽ അപകട സാദ്ധ്യത എന്നിവ തടയുന്നതിനായി അപ്രകാരം ചെയ്യുന്നത് ആവശ്യമെന്ന് ബോധ്യപ്പെടുന്നുവെങ്കിൽ ഏതെങ്കിലും തെരുവിലോ തുറസ്സായ സ്ഥലത്തോ, മറ്റേതെങ്കിലും കെട്ടിടത്തിലോ;

(എ) ഏതെങ്കിലും വായ്പ്പാട്ടോ ഉപകരണ സംഗീതമോ പ്രസംഗമോ;

(ബി) ശബ്ദം ഉണ്ടാക്കുകയോ പുറപ്പെടുവിക്കുകയോ പുനഃപുറപ്പെടുവിക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്യാൻ കഴിയുന്ന ഏതെങ്കിലും ഉപകരണത്തിന്റെയോ ഉപായത്തിന്റെയോ ഏതെങ്കിലും രീതിയിലുള്ള ഉപയോഗംമൂലം ഉണ്ടാകുന്ന ശബ്ദങ്ങളോ;

(സി) ശബ്ദമോ ഒച്ചയോ ഉണ്ടാക്കുന്നതോ അതിനു കാരണമാകുന്നതോ ആയ ഏതെങ്കിലും കച്ചവടമോ തൊഴിലോ പ്രവർത്തനമോ;

നിരോധിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ വേണ്ടി പ്രത്യേകമായതോ പൊതുവായതോ ആയ യുക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

(2) ജില്ലാ പോലീസ് മേധാവിക്ക് സ്വമേധയായോ (1) -ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന്റെ അപേക്ഷയിന്മേലോ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് റദ്ദാക്കുകയോ രൂപഭേദപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

78. അക്രമം തടയുന്നതിനുള്ള റഗുലേഷനുകൾ- (1) ജില്ലാ പോലീസ് മേധാവിക്ക് പൊതുസമാധാനവും പൊതുസുരക്ഷയും സംരക്ഷിക്കേണ്ടതിന് ആവശ്യമെന്ന സാഹചര്യങ്ങളിൽ നിന്ന് ബോദ്ധ്യമായാൽ പതിനെഞ്ചു ദിവസത്തിൽ കവിയാത്ത സമയത്തേക്ക് പൊതുവായി വിളംബരപ്പെടുത്തിയതോ വ്യക്തികളെ സംബോധന ചെയ്തു കൊണ്ടോ ഉള്ള വിജ്ഞാപനം വഴി ഏതെങ്കിലും സ്ഥലത്ത്-

(എ) നശീകരണ വസ്തുവോ, സ്ഫോടകവസ്തുക്കളോ വെടിമരുന്നുകളോ കല്ലുകളോ മറ്റ് മിസൈലുകളോ അല്ലെങ്കിൽ മിസൈലുകൾ ഉണ്ടാക്കുന്നതിനോ തൊടുത്തുവിടുന്നതിനോ കഴിവുള്ള ഉപകരണങ്ങളോ ആക്രമണത്തിനുപയോഗിക്കാൻ കഴിയുന്ന ഏതെങ്കിലും ആയുധങ്ങളോ മറ്റേതെങ്കിലും വസ്തുക്കളോ തയ്യാറാക്കുന്നതോ ശേഖരിക്കുന്നതോ കൊണ്ടുപോകുന്നതോ;

(ബി) ജീവനുള്ളവരെയോ മൃതദേഹങ്ങളെയോ പ്രദർശിപ്പിക്കുന്നതോ ;

(സി) സാമുദായികമോ മതപരമോ ആയ വികാരം ആളിക്കത്തിക്കുന്നതോ, സദാചാരത്തിന്റെ പൊതു നിലവാരത്തെ ധ്വംസിക്കുന്നതോ പൊതു സമാധാനത്തെ ഗുരുതരമായി ബാധിക്കുന്നതോ രാഷ്ട്രത്തിന്റെ സുരക്ഷ അപായപ്പെടുത്തുന്നതോ ആയ ചിത്രങ്ങൾ, ചിഹ്നങ്ങൾ, പ്ലക്കാർഡുകൾ, അച്ചടിച്ച കടലാസുകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ, ഓഡിയോ വീഡിയോ റെക്കാർഡിംഗുകൾ, ഡിജിറ്റൽ റെക്കാർഡുകൾ, പോസ്റ്ററുകൾ, ബാനറുകൾ എന്നിവ തയ്യാറാക്കുന്നതോ, പ്രദർശിപ്പിക്കുന്നതോ, പ്രതിനിധീകരിക്കുന്നതോ, വിതരണം ചെയ്യുന്നതോ പ്രചരിപ്പിക്കുന്നതോ;

ഏതെങ്കിലും രീതിയിൽ നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു നിരോധനവും ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആൾ ഉപയോഗിച്ചതോ കൊണ്ടുപോയതോ ആയ ഏതൊരു വസ്തുവിനെയും ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥന് പിടിച്ചെടുക്കാവുന്നതാണ്.

79. പൊതുസമ്മേളനങ്ങൾ നിയന്ത്രിക്കൽ:- (1) ജില്ലാ പോലീസ് മേധാവിക്ക് ഒരു പ്രദേശത്തെ പൊതുസമാധാനമോ ശാന്തിയോ ക്രമസമാധാനമോ സംരക്ഷിക്കുന്നതിനായി അത്തരം നടപടി ന്യായയുക്തമാണെന്ന് ഉത്തമബോദ്ധ്യം വരികയാണെങ്കിൽ ഏതൊരു രീതിയിലുമുള്ള പൊതുസമ്മേളനമോ ഘോഷയാത്രയോ പൊതുവായി വിളംബരം ചെയ്ത വിജ്ഞാപനം വഴി അനുവദിക്കാവുന്നതോ നിയന്ത്രിക്കാവുന്നതോ ക്രമീകരിക്കാവുന്നതോ ആണ്.

(2) (1) -ാം ഉപവകുപ്പിൻകീഴിൽ വിളംബരപ്പെടുത്തിയ ഏതൊരു വിജ്ഞാപനത്തിനും അതിന്റെ വിളംബരത്തീയതി മുതൽ പതിനഞ്ചു ദിവസത്തിൽ കൂടുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(3) സർക്കാരിന് സ്വമേധയായോ ഏതെങ്കിലും വ്യക്തിയുടെ അപേക്ഷയിന്മേലോ അന്വേഷണം നടത്തി (1) -ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ഉത്തരവും റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ അതിന്റെ കാലാവധി നീട്ടുകയോ ചെയ്യാവുന്നതാണ്.

(4) തിരക്കുള്ള പൊതുനിരത്തുകളിലെ പ്രകടനങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുന്നില്ലായെന്ന് ഉറപ്പുവരുത്താനായി സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഒരു ഉത്തരവിലൂടെ അത്തരം പ്രകടനങ്ങളോ, റാലിയോ, സമ്മേളനമോ, നിർദ്ദിഷ്ട സ്ഥലങ്ങളിലോ നഗരപ്രദേശങ്ങളിലെ ഏതെങ്കിലും നിർദ്ദേശിക്കപ്പെട്ട വഴികളിലൂടെയോ മാത്രമേ നടത്താവൂ എന്ന് വ്യക്തമാക്കാവുന്നതാണ്.

80. ജില്ലാ മജിസ്ട്രേറ്റ് റഗുലേഷനുകൾ ഉണ്ടാക്കണമെന്ന്- (1) ജില്ലാ മജിസ്ട്രേറ്റിന് അദ്ദേഹം ഉചിതമെന്ന് കരുതുന്ന ഏതെങ്കിലും തദ്ദേശ പ്രദേശത്ത് തദ്ദേശാധികാരസ്ഥാനവും ജില്ലാ പോലീസ് മേധാവിയുമായി കൂടിയാലോചിച്ച്, കാലാകാലങ്ങളിൽ ഇനി പറയുന്നവയ്ക്കായി റെഗുലേഷനുകൾ ഉണ്ടാക്കി വിജ്ഞാപനം ചെയ്യാവുന്നതാണ്.

(എ) പൊതുസ്വത്തിന് കേടുപാട് വരുത്തുന്നതോ വൃത്തിഹീനമാക്കുന്നതോ നശിപ്പിക്കുന്നതോ പൊതു ശുചിത്വത്തെയോ അല്ലെങ്കിൽ പരിസരത്തെയോ അപകടപ്പെടുത്തുന്നതോ ജലാശയങ്ങളും ജലസ്രോതസ്സുകളും മലിനപ്പെടുത്തുന്നതോ ആയ ഏതൊരു പ്രവൃത്തിയും തടയുക;

(ബി) തദ്ദേശാധികാരസ്ഥാനങ്ങൾ ഉൾപ്പെടെ ക്ഷമതയുള്ള അധികാരസ്ഥാനം നിശ്ചയിക്കുന്ന സമയങ്ങളിലും സ്ഥലങ്ങളിലും അല്ലാതെ ഏതെങ്കിലും പൊതുസ്ഥലത്ത് ഏതെങ്കിലും വസ്തുക്കൾ നിക്ഷേപിക്കുന്നത് തടയുക;

(സി) നിർദ്ദിഷ്ട റഗുലേഷനുകൾക്കനുസൃതമായിട്ടല്ലാതെ തെരുവുകളിലൂടെയോ തെരുവുകളിലെ വീടുകളിലേക്കോ, കെട്ടിടങ്ങളിലേയ്ക്കോ,വീടുകളിൽ നിന്നോ കെട്ടിടങ്ങളിൽ നിന്നോ വിസർജ്ജ്യവസ്തുക്കളോ ഉപദ്രവകരമായ വസ്തുക്കളോ സാധനങ്ങളോ കൊണ്ടുപോകുന്നത് ആവശ്യമായ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി നിയന്ത്രിക്കുക;

(ഡി) ഏതെങ്കിലും തെരുവിലൂടെ പകർച്ചവ്യാധികളോ സാംക്രമികരോഗങ്ങളുള്ളതോ ആയ ആളുകളെയോ മൃഗങ്ങളെയോ മൃഗങ്ങളുടെയോ മനുഷ്യരുടെയോ ശവശരീരമോ അവയുടെ ഭാഗങ്ങളോ അറവുശാലകളിൽ നിന്നുള്ള ഉച്ഛിഷ്ടമോ മാരകമായ ജൈവ രാസ പദാർത്ഥങ്ങളോ ഇലക്ട്രോണിക് വേസ്റ്റുകളോ പ്രദർശിപ്പിക്കുന്നതോ കൊണ്ടുപോകുന്നതോ ക്രമീകരിക്കുക.

(ഇ) ഏതെങ്കിലും തെരുവോ, പൊതുസ്ഥലമോ ഉപയോഗിക്കുന്നവർക്ക് അപകടം ഉണ്ടായേക്കാവുന്ന തരത്തിലുള്ള കെട്ടിടങ്ങൾ, പ്ലാറ്റ്ഫോമുകൾ മറ്റുതരത്തിലുള്ള എടുപ്പുകൾ എന്നിവയുടെ നിർമ്മാണം അറ്റകുറ്റപ്പണി, പൊളിച്ചുനീക്കൽ എന്നിവ ക്രമീകരിക്കുക;

(എഫ്) ട്രാഫിക്കിനെ ബാധിക്കാവുന്ന വിധത്തിൽ വൈദ്യുതി, ജലം, മാലിന്യനിർമ്മാർജ്ജനം, വിവരവിനിമയം, വാർത്താവിനിമയം, നിർമ്മാർജ്ജനം, കേടുപാടുതീർക്കൽ, പരസ്യം, കുഴിയെടുക്കൽ, വേർതിരിക്കൽ മുതലായ ആവശ്യങ്ങൾക്കായി നിരത്തുകളിൽ ഏതെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് അത്തരം പ്രവൃത്തി സമയത്ത് പോലീസിന് ബദൽ സംവിധാനം ചെയ്യുന്നതിനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനും അത്തരത്തിലുള്ള ജോലികൾ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപിപ്പിച്ചു നടത്തുന്നതിനും ബന്ധപ്പെട്ട വകുപ്പുകളും പോലീസും തമ്മിലുള്ള ഏകോപനത്തിനുമുള്ള നടപടികൾ ആവഷ്കരിച്ച് ക്രമീകരിക്കുക;

(ജി) പകർച്ചവ്യാധിയോ സാംക്രമികരോഗമോ തടയുന്നതിന് സ്ഥലവാസികളെക്കൊണ്ട് അവരവരുടെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള കെട്ടിടവും പരിസരവും ശുചിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും രോഗബാധിതരോ രോഗം ഉണ്ടെന്ന് സംശയിക്കപ്പെടുന്നതോ ആയ ആളുകളെയോ, മൃഗങ്ങളെയോ മാറ്റിപ്പാർപ്പിക്കുന്നതിനും ക്രമീകരണം ചെയ്യുക;

(എച്ച്) വഴിയാത്രക്കാർക്കോ പരിസരവാസികൾക്കോ ഉണ്ടാകുന്ന തടസ്സങ്ങൾ, അസൗകര്യങ്ങൾ, ബുദ്ധിമുട്ടുകൾ, അപായസാദ്ധ്യത, അപകടം അല്ലെങ്കിൽ മുറിവ് മുതലായവ തടയുന്നതിനുവേണ്ടി;-

(i) പൊതുവിഹാരസ്ഥലങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും;

(ii) തെരുവുകളിലും പൊതുസ്ഥലങ്ങളിലും അവിടെയുള്ള കെട്ടിടങ്ങളിലും പൊതു സുരക്ഷയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളും;

(iii) പാറ പൊട്ടിക്കലും;

(iv) ഏതെങ്കിലും നിർമ്മാണം, കേടുപാട് തീർക്കൽ അല്ലെങ്കിൽ അറ്റകുറ്റപ്പണിയും;

(v) ഏതെങ്കിലും വാണിജ്യ പ്രവർത്തനങ്ങളും;

നിയന്ത്രിക്കുക.

(2) അപ്രകാരമുള്ള ഓരോ റെഗുലേഷനും അത് എവിടെയാണോ നടപ്പിലാക്കേണ്ടത് അവിടെ പ്രസിദ്ധീകരിക്കേണ്ടതും ബന്ധപ്പെട്ട എല്ലാ ആളുകളും ആയത് പാലിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

81. തർക്കം നിലനിൽക്കുന്ന ആൾക്കൂട്ടങ്ങളിലെ ക്രമസമാധാനപാലനം - (1) ഏതെങ്കിലും സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള ചടങ്ങോ പ്രകടനമോ പ്രദർശനമോ സംഘടിതമായ ജനക്കൂട്ടമോ ആയി ബന്ധപ്പെട്ട് അതിന്റെ നടത്തിപ്പിലോ അതിൽ പങ്കെടുക്കുന്നതിനെപ്പറ്റിയോ ഉള്ള ഒരു തർക്കമോ വാഗ്വാദമോ നിലനിൽക്കുന്നുവെന്നും ആയത് സമാധാനഭഞ്ജനത്തിലേക്ക് നയിക്കാൻ സാദ്ധ്യതയുണ്ടെന്നും ജില്ലാ മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെട്ടാൽ, ബന്ധപ്പെട്ട വ്യക്തികൾ എങ്ങനെ പെരുമാറണമെന്നതിനെ സംബന്ധിച്ച് അത്തരം സാഹചര്യങ്ങൾക്കനുസൃതമായി അദ്ദേഹത്തിന് ഉചിതമായ ഉത്തരവുകൾ നൽകാവുന്നതാണ്.

(2) അത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ജില്ലാ മജിസ്ട്രേറ്റ് ബന്ധപ്പെട്ട ആളുകളുടെയും കക്ഷികളുടെയും പ്രത്യക്ഷമായ നിയമാവകാശങ്ങൾക്കും ഏതെങ്കിലും സ്ഥാപിത ആചാരങ്ങൾക്കും ന്യായമായ പരിഗണന നൽകിയിരിക്കേണ്ടതാണ്.

(3) അങ്ങനെയുള്ള എല്ലാ ഉത്തരവുകളും അത് നടപ്പിലാക്കുന്ന പ്രദേശത്ത് പ്രസിദ്ധപ്പെടുത്തേണ്ടതും ബന്ധപ്പെട്ട എല്ലാ ആളുകളും ആയതിന് വിധേയമാകും വിധം പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു ഉത്തരവും അധികാരിതയുള്ള ഒരു കോടതി പുറപ്പെടുവിച്ച വിധിക്കോ ഉത്തരവിനോ വിരുദ്ധമാണെന്ന് ജില്ലാ മജിസ്ട്രേറ്റിന് ബോധ്യപ്പെടുകയാണെങ്കിൽ അവ പിൻവലിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടതുമാണ്.

82. അവശ്യസേവനങ്ങൾ നൽകേണ്ട ആളുകൾ - (1) ജില്ലാ മജിസ്ട്രേറ്റിനോ സർക്കാരിനോ ഏതെങ്കിലും പ്രാദേശിക സ്ഥലങ്ങളിൽ നിലനിൽക്കുന്ന സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട്, സമാധാനം നിലനിർത്തുന്നതിന് ആവശ്യമായതോ പൊതുജനങ്ങൾക്ക് അപകടം ഒഴിവാക്കുന്നതിനോ ഏതെങ്കിലും അപകടങ്ങളിൽ നിന്നോ ദുരന്തങ്ങളിൽ നിന്നോ ജീവനും സ്വത്തിനും അപായം സംഭവിക്കുന്നത് തടയുന്നതിനോ വേണ്ടി ഏതെങ്കിലും ആളുകളുടെയോ ആളുകളുടെ സംഘങ്ങളുടെയോ സ്ഥാപനങ്ങളുടെയോ തൊഴിൽപരമായതോ മാനസികമോ ശാരീരികമോ കായികമോ ആയ സേവനങ്ങളെ ആവശ്യപ്പെടാനും അത്തരം ആളുകളും സംഘങ്ങളും സ്ഥാപനങ്ങളും അത്തരം സേവനങ്ങൾ അവരുടെ കഴിവിന്റെ പരമാവധി നൽകുവാൻ ബാധ്യസ്ഥരായിരിക്കുന്നതുമാണ്.

(2) അത്തരം സേവനം നൽകുന്ന അളുകളും സ്ഥാപനങ്ങളും ന്യായമായ പ്രതിഫലത്തിനും അവർക്ക് ചെലവായ തുക മടക്കിക്കിട്ടുവാനും അർഹരായിരിക്കുന്നതും ജില്ലാ മജിസ്ട്രേറ്റ് അങ്ങനെയുള്ള തുക അവർക്കു നൽകുവാൻ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

83. പ്രത്യേക സുരക്ഷാ മേഖലകൾ – (1) സർക്കാരിന്, സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശയിന്മേലോ മറ്റു വിധത്തിലോ ആ പ്രദേശത്തുള്ള വിശിഷ്ട വ്യക്തിക്കോ അല്ലെങ്കിൽ സംരക്ഷണം നൽകപ്പെടുന്ന ആളിനോ അല്ലെങ്കിൽ അവിടെ സ്ഥിതിചെയ്യുന്ന ഏതെങ്കിലും പ്രധാനപ്പെട്ട സ്ഥാപനത്തിനോ പരിസരങ്ങൾക്കോ നേരെയുള്ള കടുത്ത സുരക്ഷാഭീഷണിയുടെ കാരണത്താൽ, ഏതെങ്കിലും പ്രദേശത്തെ ഒരു പ്രത്യേക സുരക്ഷാ മേഖലയായി പ്രഖ്യാപിക്കാവുന്നതാണ്.

(2) സർക്കാരിന്, അങ്ങനെയുള്ള പ്രത്യേക സുരക്ഷാമേഖലയിലെ കെട്ടിട പരിസരങ്ങളുടേയും വാഹനങ്ങളുടേയും ഉപയോഗത്തെ സംബന്ധിച്ചും പ്രസ്തുത പ്രദേശത്തെ വ്യക്തികളുടേയും വാഹനങ്ങളുടേയും വസ്തുക്കളുടേയും നീക്കം സംബന്ധിച്ചും ന്യായമായ നിയന്ത്രണങ്ങൾ നിർദ്ദേശിക്കാവുന്നതും, പ്രസ്തുത നിയന്ത്രണങ്ങൾ പാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് പോലീസുദ്യോഗസ്ഥർ നൽകാവുന്നതുമാണ്.

## അദ്ധ്യായം 7

## സേവന വ്യവസ്ഥകൾ

84. സേവന വ്യവസ്ഥകൾ സർക്കാർ നിശ്ചയിക്കണമെന്ന് – 1968 ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റിലേയും (1968 ലെ 19) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി പോലീസ് ഉദ്യോഗസ്ഥരുടെ നിയമനം, പരിശീലനം, ശമ്പളം, സ്ഥലംമാറ്റം, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവിൻ പ്രകാരം സർക്കാരിന് നിശ്ചയിക്കാവുന്നതാണ്.

എന്നാൽ, ഇന്ത്യൻ പോലീസ് സർവ്വീസിൽ അംഗങ്ങളായുള്ള ഉദ്യോഗസ്ഥരെ സംബന്ധിക്കുന്ന വ്യവസ്ഥകൾ 1951 ലെ ഓൾ ഇന്ത്യ സർവ്വീസസ് ആക്റ്റും (1951ലെ 61–ാം കേന്ദ്ര ആക്റ്റ്) അതിന്റെ കീഴിലുള്ള ചട്ടങ്ങളും പ്രകാരമായിരിക്കണം.

85. പോലീസ് ഉദ്യോഗസ്ഥർ അച്ചടക്കത്തിന് വിധേയരായിരിക്കണം. – പോലീസ് ഉദ്യോഗസ്ഥരും, പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കുന്നതിന് തെരഞ്ഞെടുത്തശേഷം പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും അച്ചടക്കം സംബന്ധിച്ച വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും അവർ,–

(എ)സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ നിശ്ചയിക്കുന്ന വിധത്തിൽ പൊതു അഭിപ്രായ പ്രകടനം, സംഘംചേരൽ, രാഷ്ട്രീയ പ്രവർത്തനം, കർത്തവ്യത്തിൽ നിന്നും പിൻമാറൽ, അവരിൽ നിന്നും പ്രതീക്ഷിക്കുന്ന പൊതുവായതും സ്വകാര്യമായതുമായ പെരുമാറ്റം എന്നിവയിൽ ന്യായമായ നിയന്ത്രണങ്ങൾ സ്വീകരിക്കുന്നതിനും;

(ബി) അവരുടെ നിയമപരമായ കർത്തവ്യങ്ങൾ നിയമാനുസൃതമായി മതിയായ ധൈര്യത്തോടും നിശ്ചയദാർഢ്യത്തോടും നിഷ്പക്ഷതയോടുംകൂടി തങ്ങളുടെ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തി നിർവ്വഹിക്കേണ്ടതിനും;

(സി) പോലീസിന് നേരിട്ടെടുക്കാവുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും എല്ലായ്പ്പോഴും നിയമം നടപ്പിലാക്കുന്നതിനും തങ്ങളുടെ എല്ലാ കഴിവും നിയമവിധേയമായി പ്രയോജനപ്പെടുത്തുന്നതിനും;

(ഡി) അധികാരപ്പെട്ട മേലുദ്യോഗസ്ഥർ, മജിസ്ട്രേറ്റുമാർ, ജുഡീഷ്യൽ ഉദ്യോഗസ്ഥർ എന്നിവരുടെ ഉത്തരവുകൾ നിയമാനുസൃതം നടപ്പിലാക്കുവാനും മേലുദ്യോഗസ്ഥരുടെ വ്യക്തമായ അനുമതിയില്ലാതെ തങ്ങളുടെ ജോലിയിൽ നിന്നും സ്വയം പിന്മാറാതിരിക്കുന്നതിനും;

(ഇ) ചുമതലപ്പെട്ട അധികാരി നിശ്ചയിക്കുന്ന രീതിയിലുള്ള യൂണിഫോം നിശ്ചിത അവസരത്തിലും നിശ്ചിത കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴും ധരിക്കുന്നതിനും;

(എഫ്) സംസ്ഥാന പോലീസ് മേധാവി പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ച് ഓരോ കർത്തവ്യങ്ങളിൽ ഏർപ്പെടുമ്പോഴും മറ്റ് അവസരങ്ങളിലും പെരുമാറുന്നതിനും;

ബാധ്യസ്ഥരായിരിക്കുന്നതാണ്.

86. പോലീസ് ഉദ്യോഗസ്ഥ നിയമനത്തിനുള്ള അയോഗ്യതകൾ- (1) ഏതൊരാളും -

(എ) ഭാരത പൗരൻ അല്ലാതിരിക്കുകയോ;

(ബി) അക്രമോത്സുകതയോ അസാന്മാർഗ്ഗികതയോ ഉൾക്കൊള്ളുന്ന ഒരു ക്രിമിനൽ കുറ്റത്തിന് കോടതി ശിക്ഷിച്ചിട്ടുള്ളതോ;

(സി) മാനസികമായോ ശാരീരികമായോ പെരുമാറ്റം കൊണ്ടോ പോലീസിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അയോഗ്യനായതോ;

(ഡി) രാഷ്ട്രീയ പാർട്ടിയിൽ അംഗത്വമുള്ളതോ പോലീസ് സേനയിൽ നിയമനം ലഭിച്ചശേഷം നേരത്തേ ലഭിച്ച അംഗത്വം അവസാനിപ്പിക്കാൻ തയ്യാറാകാതിരിക്കുന്നതോ;

(ഇ) ഏതെങ്കിലും സാമൂഹ്യമോ, സാംസ്കാരികമോ, മതപരമോ, ശാസ്ത്രസംബന്ധിയോ ആയ സംഘടനയിലെ ഭാരവാഹിത്വം സർക്കാരോ, സംസ്ഥാന പോലീസ് മേധാവിയോ, ജില്ലാ പോലീസ് മേധാവിയോ ആവശ്യപ്പെട്ടിട്ടും ഉപേക്ഷിക്കുവാനോ അവസാനിപ്പിക്കുവാനോ തയ്യാറാകാതിരിക്കുന്നതോ;

(എഫ്) ഏതെങ്കിലും നിരോധിക്കപ്പെട്ടിട്ടുള്ള സംഘടനയിൽ അംഗമായിരിക്കുകയോ;

ആയാൽ പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടാനോ പോലീസ് ഉദ്യോഗസ്ഥനായി ജോലിയിൽ തുടരുവാനോ അർഹതയില്ലായിരിക്കുന്നതാണ്.

(2) ഒരു വ്യക്തിക്കെതിരെ കോടതിയിൽ അക്രമോത്സുകതയ്ക്കും അസാന്മാർഗ്ഗിക പ്രവർത്തികൾക്കും ക്രിമിനൽ കേസ് നിലവിലുണ്ടെങ്കിലും അയാൾക്ക് പോലീസ് ഉദ്യോഗസ്ഥനായി നിയമനത്തിൽ പങ്കെടുക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നതിനും പരിശീലനത്തിനും അർഹതയുണ്ടായിരിക്കുമെങ്കിലും അയാൾ കുറ്റവിമുക്തനായശേഷം മാത്രമേ സ്ഥിരം നിയമനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(3) ഒരു പോലീസ് ഉദ്യോഗസ്ഥൻ നിയമനത്തിന് ശേഷം എപ്പോഴെങ്കിലും (1) -ാം ഉപവകുപ്പിൽ (എ) മുതൽ (എഫ്) വരെയുള്ള ഇനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെ ഉടനെ തന്നെ നിയമന അധികാരിക്ക് സസ്പെന്റ് ചെയ്യാവുന്നതും, മറിച്ച് തെളിയിക്കുന്നതിന് ന്യായമായ അവസരം നൽകിയതിന് ശേഷം അയാളെ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടുകയോ, നീക്കം ചെയ്യുകയോ, നിർബന്ധമായി വിരമിപ്പിക്കുകയോ ചെയ്യാവുന്നതുമാണ്.

87. പോലീസ് ഉദ്യോഗസ്ഥർ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണ്- (1) ഈ ആക്റ്റ് അനുസരിച്ച് പോലീസ് സേനയിൽ ചേരുന്ന ഓരോ അംഗവും പരിശീലനം വിജയകരമായി പൂർത്തിയാക്കിക്കഴിഞ്ഞ് നിയമനാധികാരിക്ക് മുമ്പാകെയോ അദ്ദേഹത്താൽ നിയുക്തനായ ഒരു വ്യക്തിയുടെ മുമ്പാകെയോ നിശ്ചിത രീതിയിലുള്ള ഒരു പ്രതിജ്ഞ എടുക്കുവാൻ ബാധ്യസ്ഥനാണ്.

(2) അപ്രകാരം പ്രതിജ്ഞ എടുക്കുവാൻ ഒരാൾ വിസമ്മതിക്കുകയാണെങ്കിൽ അയാളുടെ നിയമനം അസാധുവാകുന്നതാണ്.

88. പോലീസ് ഉദ്യോഗസ്ഥർക്ക് അധികാരത്തിന്റെ രേഖ നൽകേണ്ടതാണ്.-(1) ഒരു വ്യക്തി പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നതോടെ ആ വ്യക്തിക്ക് ഈ ആക്റ്റ് അനുസരിച്ച് പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തുന്ന രേഖ നൽകേണ്ടതാണ്.

എന്നാൽ, സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കാതെ ഒരു വ്യക്തിയെ പോലീസ് ഉദ്യോഗസ്ഥനായി നിയമിക്കുവാൻ പാടുള്ളതല്ല.

(2) വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ഒരു വ്യക്തിയുടെ പരിശീലന കാലയളവ് നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.

89. പോലീസ് ഉദ്യോഗസ്ഥർ എല്ലായ്പ്പോഴും ഡ്യൂട്ടിയിലായിരിക്കുമെന്ന്- അവധിയിലോ, സസ്പെന്റ് ചെയ്തിട്ടുള്ളതോ, പ്രത്യേകമായി ഒഴിവാക്കിയിട്ടുള്ളതോ അല്ലാതെയുള്ള മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും ഈ ആക്റ്റ് അനുസരിച്ചുള്ള എല്ലാ കാര്യങ്ങൾക്കും, എല്ലായ്പ്പോഴും കർത്തവ്യ നിർവ്വഹണത്തിന് ബാധ്യസ്ഥരും, ഏതു സമയത്തും സംസ്ഥാന പോലീസ് മേധാവി തീരുമാനിക്കുന്നത് അനുസരിച്ച് ഇന്ത്യയിലെ ഏതു ഭാഗത്തും ജോലി ചെയ്യുന്നതിന് ബാധ്യസ്ഥരുമായിരിക്കും.

90. പോലീസ് ഉദ്യോഗസ്ഥർ ഏതു വിഭാഗത്തിലും സേവനമനുഷ്ഠിക്കണമെന്ന്- സംസ്ഥാന പോലീസിലെ മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും അവരെ തെരഞ്ഞെടുത്തതും, നിയമിച്ചതും ഏതുവിഭാഗത്തിലാണെങ്കിലും, സംസ്ഥാന പോലീസ് മേധാവി ഉത്തരവിടുന്നപക്ഷം അവർ പോലീസ് സേനയിൽ നിർവ്വഹിക്കേണ്ട ഏതൊരു ജോലിയിലും താൽക്കാലികമായി നിയമിക്കപ്പെടുവാൻ ബാധ്യസ്ഥരാണ്.

91 പോലീസ് ഉദ്യോഗസ്ഥർ കർത്തവ്യത്തിൽ നിന്ന് പിൻമാറുവാൻ പാടില്ലാത്തതാണെന്ന് - (1) സംസ്ഥാന പോലീസ് മേധാവിയുടേയോ, അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ വ്യക്തമായ അനുമതിയില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനും തന്റെ ഉദ്യോഗത്തിൽ നിന്നും രാജി വയ്ക്കുകയോ, കർത്തവ്യത്തിൽ നിന്ന് സ്വയം പിൻമാറുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) നിയമാനുസരണം അവധിയിൽ പ്രവേശിച്ച് ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ഒരു ഉദ്യോഗസ്ഥൻ അനുവദിച്ച അവധിയുടെ കാലാവധി പൂർത്തിയാക്കിയശേഷം ന്യായമായ കാരണം കൂടാതെ തിരികെ ജോലിയിൽ പ്രവേശിക്കുന്നില്ലെങ്കിൽ ആ ഉദ്യോഗസ്ഥൻ ഈ വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള രീതിയിൽ ജോലിയിൽ നിന്ന് സ്വയം വിട്ടു നിൽക്കുന്നതായി കണക്കാക്കുവുന്നതാണ്.

92. പോലീസ് ഉദ്യോഗസ്ഥർ മറ്റ് തൊഴിലിൽ ഏർപ്പെടരുതെന്ന് - സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥർ ഒഴികെയുള്ള ഏതൊരു പോലീസ് ഉദ്യോഗസ്ഥനും ഈ ആക്റ്റ് പ്രകാരമുള്ള ജോലി അല്ലാതെ മറ്റ് യാതൊരു തൊഴിലിലോ, ഉദ്യോഗത്തിലോ ഏർപ്പെടുവാൻ പാടുള്ളതല്ല.

93. സസ്പെൻഷനിലുള്ള പോലീസ് ഉദ്യോഗസ്ഥർ അധികാരം വിനിയോഗിക്കരുതെന്ന് - (1) ഒരു പോലീസ് ഉദ്യോഗസ്ഥൻ താൻ വഹിക്കുന്ന തസ്തികയിൽ നിന്നും സസ്പെൻഷനിൽ ആയാൽ ആ പോലീസ് ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായ അധികാരങ്ങളും പ്രത്യേക അവകാശങ്ങളും ഇല്ലാതാകുന്നതാണ്.

(2) സസ്പെന്റ് ചെയ്യപ്പെടുന്നതിന് മുമ്പ് ബാധകമായിരുന്ന അച്ചടക്കം സംബന്ധിച്ച ചട്ടങ്ങൾക്കും നിയന്ത്രണ അധികാരികൾക്കും സസ്പെന്റ് ചെയ്യപ്പെട്ട ആൾ പൂർണ്ണമായും വിധേയനായിരിക്കുന്നതാണ്.

(3) ഒരു ഉദ്യോഗസ്ഥന് തന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന താഴ്ന്ന പദവിയിലുള്ള ഉദ്യോഗസ്ഥനെ അയാളുടെ നിശ്ചിതമായ ചുമതലകളിൽ നിന്ന് അയാൾ സസ്പെൻഷനിൽ അല്ലെങ്കിൽ പോലും ഏത് സമയത്തും പൂർണ്ണമായോ ഭാഗികമായോ മാറ്റി നിർത്താവുന്നതാണ്.

(4) (3) -ാം ഉപവകുപ്പ് അനുസരിച്ച് നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ, നിയന്ത്രണം ഏർപ്പെടുത്തി ഇരുപത്തിനാല് മണിക്കൂറിനകം നടപടിക്കുള്ള കാരണങ്ങളും വസ്തുതകളും നിയമനാധികാരിയെ രേഖാമൂലം അറിയിക്കേണ്ടതും നിയമനാധികാരി ഏഴ് ദിവസത്തിനുള്ളിൽ നടപടി സ്ഥിരീകരിക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നില്ലെങ്കിൽ നിയന്ത്രണ നടപടികൾക്ക് സാധുത ഇല്ലാതാവുന്നതുമാണ്.

94. പോലീസ് ഉദ്യോഗസ്ഥരുടെ ജോലി സമയം- (1) പോലീസ് ഉദ്യോഗസ്ഥർ ആവശ്യാനുസരണം എത്ര സമയം ജോലി ചെയ്യുവാനും ബാധ്യസ്ഥരാണെങ്കിലും സാധാരണയായി ഒരു ദിവസം എട്ട് മണിക്കൂറിൽ കൂടുതൽ ജോലി അവരിൽ നിന്ന് പ്രതീക്ഷിക്കുവാൻ പാടുള്ളതല്ല.

(2) ഒഴിവാക്കാനാകാത്തതോ അടിയന്തിരമോ ആയ ജോലി ഉണ്ടാകുമ്പോൾ പോലീസ് ഉദ്യോഗസ്ഥരുടെ ജോലി സമയം ഒരു ദിവസം എട്ട് മണിക്കൂറിൽ കൂടാവുന്നതാണ്.

എന്നാൽ, ഏതെങ്കിലും ഇരുപത്തിനാല് മണിക്കൂർ കാലയളവിൽ എട്ട് മണിക്കൂറിലധികം ജോലി ചെയ്തു എന്ന കാരണത്താൽ ഒരു പോലീസ് ഉദ്യോഗസ്ഥനും മേലുദ്യോഗസ്ഥരുടെ അനുമതിയില്ലാതെ തനിക്ക് നൽകപ്പെട്ട ഏതെങ്കിലും ജോലി ചെയ്യാതിരിക്കുകയോ, ഏതെങ്കിലും അടിയന്തിരമോ അത്യാവശ്യമോ ആയ ജോലിയിൽ നിന്ന് സ്വയം പിൻവാങ്ങുകയോ ചെയ്യാൻ പാടുള്ളതല്ല.

95. പോലീസ് ഉദ്യോഗസ്ഥർ ഭീരുത്വം പ്രകടിപ്പിക്കരുതെന്ന് - (1) പോലീസ് ഉദ്യോഗസ്ഥർ നിയമപരമായ ചുമതല നിർവ്വഹിക്കുന്നതിനിടയിൽ സാഹചര്യത്തിന് അനുസൃതമായി ശാരീരിക അപകടസാദ്ധ്യത നേരിടുന്നതിന് സന്നദ്ധരായിരിക്കേണ്ടതാണ്.

(2) ഭീരുത്വംമൂലം ഒരു പോലീസ് ഉദ്യോഗസ്ഥൻ തന്റെ ജോലിക്കിടയിൽ ന്യായമായ പ്രവൃത്തിയിൽ നിന്ന് പിൻമാറുകയോ അന്യായമായ പ്രവൃത്തിയിൽ ഏർപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) ഒരു പോലീസ് ഉദ്യോഗസ്ഥൻ തന്റെ നിയമപരമായ ചുമതല നിറവേറ്റുന്നതിൽ നിന്നും ഏതെങ്കിലും വ്യക്തിയോടോ വസ്തുവിനോടോ ഉള്ള ഭയംമൂലം അനധികൃതമായി പിൻവാങ്ങുകയാണെങ്കിൽ ആ ഉദ്യോഗസ്ഥനെ ഭീരുത്വത്തിന് കുറ്റക്കാരനായി കരുതേണ്ടതാണ്.

(4)ഒരു പ്രവൃത്തിമൂലം ആസന്നമരണമോ ഗുരുതരമായ പരിക്കോ ഉറപ്പാണ് എന്ന് ന്യായമായും കരുതാവുന്ന സാഹചര്യത്തിൽ ആ പ്രവൃത്തി സ്വമേധയാ ചെയ്യുവാൻ ഒരു പോലീസ് ഉദ്യോഗസ്ഥനേയും ഈ വകുപ്പിലുള്ള യാതൊന്നും തന്നെ നിർബന്ധിക്കുന്നതല്ല.

96. പോലീസ് ഉദ്യോഗസ്ഥർ അഴിമതിയും പീഡനവും റിപ്പോർട്ട് ചെയ്യണമെന്ന് - (1) തന്റെ സാന്നിദ്ധ്യത്തിലും തനിക്ക് വ്യക്തമായി അറിയാവുന്ന സാഹചര്യത്തിലും അഴിമതിയോ കസ്റ്റഡിയിലുള്ള ഒരാളിനെതിരായി കുറ്റകൃത്യം സമ്മതിപ്പിക്കുന്നതിനോ തെളിവുണ്ടാക്കുന്നതിനോ വേണ്ടിയുള്ള ശാരീരിക പീഡനമോ നടക്കുകയാണെന്ന് ഒരു പോലീസ് ഉദ്യോഗസ്ഥന് ഉത്തമ ബോദ്ധ്യം ഉള്ള സാഹചര്യത്തിൽ, ആയത് നേരിട്ട് ചുമതലപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെയോ ജില്ലാ പോലീസ് മേധാവിയേയോ അറിയിക്കുവാൻ ആ പോലീസ് ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഉത്തമവിശ്വാസത്തോടുകൂടി അപ്രകാരം അറിയിക്കുന്നത് തന്നെക്കാൾ ഉയർന്ന ശ്രേണിയിലുള്ള ഉദ്യോഗസ്ഥനെതിരെയാണ് എന്നുള്ള കാരണത്താൽ മാത്രം ആ പ്രവൃത്തി അച്ചടക്കലംഘനമായി കണക്കാക്കാൻ പാടുള്ളതല്ല.

(3) അപ്രകാരം അറിയിച്ചില്ല എന്ന ഒറ്റക്കാരണത്താൽ ഒരു പോലീസുദ്യോഗസ്ഥൻ പ്രസ്തുത അഴിമതിയിലോ, പീഡനത്തിലോ പങ്കാളിയായോ സംരക്ഷകനായോ സഹായിയായോ പ്രവർത്തിച്ചു എന്ന് കരുതപ്പെടുവാൻ പാടുള്ളതല്ല.

എന്നാൽ, അപ്രകാരം അറിയിക്കാതിരിക്കുന്ന പോലീസുദ്യോഗസ്ഥനെ വകുപ്പുതല അച്ചടക്ക നടപടികൾക്ക് വിധേയനാക്കേണ്ടതാണ്.

97. പോലീസ് ഉദ്യോഗസ്ഥരുടെ കുറഞ്ഞ ഉദ്യോഗ കാലാവധി- (1) സംസ്ഥാന പോലീസ് മേധാവി, റേഞ്ചിന്റെ ചുമതലയുള്ള ഇൻസ്പെക്ടർ ജനറൽമാർ, പോലീസ് ജില്ലയുടെ ചുമതലയുള്ള പോലീസ് സൂപ്രണ്ടുമാർ അല്ലെങ്കിൽ കമ്മീഷണർമാർ, സ്റ്റേഷൻ ഹൗസ് ആഫീസർമാർ എന്നിവർക്ക് ഏറ്റവും കുറഞ്ഞത് രണ്ട് വർഷം ഉദ്യോഗകാലാവധി സർക്കാർ ഉറപ്പാക്കേണ്ടതാണ്.

എന്നാൽ, സർവ്വീസിൽ നിന്ന് വിരമിക്കൽ പ്രൊമോഷൻ, തരംതാഴ്ത്തൽ, സസ്പെൻഷൻ, അവധി തുടങ്ങിയ സാഹചര്യങ്ങളിൽ ഇത് ബാധകമാകുന്നതല്ല.

(2)ഇനി (എ) മുതൽ (എഫ്) വരെ പറയുന്ന കാരണങ്ങളാൽ സർക്കാരിനോ നിയമനാധികാരിക്കോ പ്രഥമദൃഷ്ട്യാ ബോദ്ധ്യം വരികയാണെങ്കിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ, അയാളുടെ പേരിൽ സ്വീകരിക്കാനിടയുള്ള നിയമപരമോ വകുപ്പുതലത്തിലോ ഉള്ള നടപടികൾ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം മുൻവിധിയില്ലാതെ നിലനിർത്തിക്കൊണ്ട്, അയാളെ സാധാരണ ഉദ്യോഗ കാലാവധിയായ രണ്ട് വർഷം പൂർത്തിയാകുന്നതിന് മുമ്പ് സ്ഥലം മാറ്റാവുന്നതാണ്

(എ) അയാൾ അച്ചടക്ക നടപടിക്ക് വിധേയനാവുക.

(ബി) അക്രമോത്സുകതയോ അസാന്മാർഗികതയോ ഉൾപ്പെടുന്ന ഒരു ക്രിമിനൽ കുറ്റകൃത്യത്തിലോ അഴിമതിയിലോ ഉൾപ്പെട്ടതായി അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കണ്ടെത്തുക.

(സി) ശാരീരികമായോ മാനസികമായോ കൃത്യനിർവ്വഹണത്തിന് അപ്രാപ്യനായിരിക്കുക.

(ഡി) അയാളുടെ പ്രവർത്തനം വിലയിരുത്തുന്ന മേലുദ്യോഗസ്ഥൻ അയാൾ കാര്യക്ഷമമായി ജോലി ചെയ്യുന്നില്ലാ  എന്ന് രേഖാമൂലം റിപ്പോർട്ട് ചെയ്യുക.

(ഇ) അയാളുടെ അധികാരപരിധിയിൽ പോലീസിന്റെ കാര്യക്ഷമത സംബന്ധിച്ച് പൊതുജനങ്ങൾക്ക് കാര്യമായ അതൃപ്തി ഉണ്ടാവുക.

(എഫ്) വഹിച്ച് കൊണ്ടിരിക്കുന്ന സ്ഥാനത്ത് നിന്ന് സ്ഥലംമാറ്റം വേണമെന്ന് അയാൾ രേഖാമൂലം ആവശ്യപ്പെടുക.

98. സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥർ.-(1) ജില്ലാ പോലീസ് മേധാവിക്ക്, സർക്കാർ ഉത്തരവുകൾക്ക് വിധേയമായി,  രേഖാമൂലമുള്ള ഉത്തരവിലൂടെ സൽസ്വഭാവിയും ആരോഗ്യവാനും സന്നദ്ധനുമായ പതിനെട്ടു വയസ്സിനും അറുപത് വയസ്സിനും ഇടയിൽ പ്രായമുള്ളതും സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥൻ ആകുവാൻ യോഗ്യനുമായ വ്യക്തിയെ ക്രമസമാധാന പരിപാലനത്തിന് പോലീസിനെ സഹായിക്കുന്നതിന് താൽക്കാലികമായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഓരോ സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനും നിയമിക്കപ്പെടുമ്പോൾ,-

(എ) സർക്കാർ അംഗീകരിച്ച ഒരു സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്;

(ബി) ഒരു സാധാരണ പോലീസ് ഉദ്യോഗസ്ഥനുള്ളതുപോലുള്ള അധികാരങ്ങളും പരിരക്ഷകളും ഉണ്ടായിരിക്കുന്നതും അതുപോലുള്ള ഭരണപരവും അച്ചടക്കത്തെ സംബന്ധിക്കുന്നതുമായ നിയന്ത്രണങ്ങൾക്ക് വിധേയനായിരിക്കുന്നതുമാണ്;

(സി) സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള വേതനം ലഭിക്കുന്നതാണ്.

(3) സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനായി ഒരാളിനെ നിയമിക്കുന്നു എന്നുള്ളത് കൊണ്ടുമാത്രം അയാളെ സർക്കാർ ജോലിയിൽ സ്ഥിരമായോ താൽക്കാലികമായോ എടുത്തതായി കണക്കാക്കുവാൻ പാടില്ലാത്തതും, അയാൾക്ക് ഇതേ കാരണത്തിന്മേൽ ഭാവിയിൽ പോലീസ് സേനയിൽ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതുമല്ല.

(4) ക്രമസമാധാനപാലനത്തിന് വളരെയധികം ആളുകളെ അടിയന്തിരമായി ആവശ്യമുള്ള പ്രത്യേക പരിതസ്ഥിതിയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാവുന്നതാണ്.

(5) സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥർ വിമുക്തഭടന്മാരോ, വിരമിച്ച പോലീസുദ്യോഗസ്ഥരോ, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർപ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയിൽ പ്രവർത്തനപരിചയമുള്ളവരോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സമാനവിഭാഗത്തിൽപ്പെടുന്നവരോ ആയിരിക്കേണ്ടതാണ്.

(6) സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഏതു സമയത്തും മുന്നറിയിപ്പില്ലാതെയും, പ്രത്യേകിച്ച് കാരണം കാണിക്കാതെയും, നഷ്ടപരിഹാരം നൽകാതെയും ജില്ലാ പോലീസ് മേധാവിക്ക് അവസാനിപ്പിക്കാവുന്നതാണ്.

(7) സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ നൽകുവാനോ കേസുകൾ, പരാതികൾ എന്നിവയുടെ അന്വേഷണത്തിന് അവരെ ചുമതലപ്പെടുത്തുവാനോ പാടുള്ളതല്ല.

99. <u>വ്യക്തിപരമായ ദാസ്യവൃത്തി നിരോധിക്കുന്നു</u>.-(1) പോലീസ് സേനയുടെ അന്തസ്സിന് നിരക്കാത്തതും തരംതാഴ്ന്നതുമായ രീതിയിൽ മറ്റൊരാളുടെ വ്യക്തിപരമായ ആവശ്യാനുസരണം ദാസ്യവൃത്തി ചെയ്യുവാൻ ഒരു പോലീസ് ഉദ്യോഗസ്ഥനോട് ആവശ്യപ്പെടാനോ അയാളെ അതിന് നിർബന്ധിക്കാനോ പാടില്ലാത്തതാണ്.

എന്നാൽ, ഈ വകുപ്പിൽ പ്രതിപാദിക്കുന്ന യാതൊന്നും തന്നെ പോലീസിന്റെ ഏതെങ്കിലും ചുമതല നിയമാനുസരണം നിർവ്വഹിക്കുന്നതിനാവശ്യമായ ഏതെങ്കിലും പ്രവൃത്തികളിൽ നിന്നും വിട്ടുനിൽക്കുവാനുള്ള അവകാശം ഒരു ഉദ്യോഗസ്ഥനും നൽകുന്നതല്ല.

100. <u>പ്രവൃത്തി കൃത്യനിർവ്വഹണമാണോ അല്ലയോ എന്നുള്ളത്</u>.- കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യവഹാരമോ ചികിത്സയോ നഷ്ടപരിഹാരമോ ക്ഷേമകാര്യമോ സംബന്ധിച്ച് സാമ്പത്തിക സഹായമോ നിയമസഹായമോ മറ്റു സൗകര്യങ്ങളോ ഒരു പോലീസുദ്യോഗസ്ഥന് നൽകേണ്ടതാണോ എന്ന് പരിഗണിക്കുന്ന സന്ദർഭത്തിൽ,-

(എ) ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രവൃത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ചെയ്തതാണെന്നോ;

(ബി) ഒരു സംഭവം പോലീസ് ഉദ്യോഗസ്ഥന്റെ നിയമാനുസരണമുള്ള ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾമൂലമോ അല്ലെങ്കിൽ ആ ഉദ്യോഗസ്ഥനോ മറ്റുദ്യോഗസ്ഥരോ കൈക്കൊണ്ട പോലീസ് നടപടികൾ മൂലമുളവായ വിദ്വേഷം കൊണ്ടോ ഉണ്ടായതാണെന്നോ;

(സി) പോലീസ് ഉദ്യോഗസ്ഥനുണ്ടായ പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ സംഭവിച്ചതാണെന്നോ;

(ഡി) ഒരു പോലീസ് ഉദ്യോഗസ്ഥനുണ്ടായ പരിക്കോ നഷ്ടമോ അയാളോ മറ്റ് പോലീസുദ്യോഗസ്ഥരോ നിയമാനുസരണം ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തിയതുമൂലം ഉണ്ടായ വിദ്വേഷത്തിന്റെ ഫലമായി ഉണ്ടായതാണെന്നോ;

തീരുമാനിക്കേണ്ടതായുണ്ടെങ്കിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്റെ അപേക്ഷയിന്മേൽ സംസ്ഥാന പോലീസ് മേധാവിക്കോ ജില്ലാ പോലീസ് മേധാവിക്കോ ഉചിതമായ അന്വേഷണം നടത്തി പ്രസ്തുത ഉദ്യോഗസ്ഥന് സാമ്പത്തികസഹായമോ നിയമസഹായമോ മറ്റു സൗകര്യങ്ങളോ നൽകുന്നത് സംബന്ധിച്ച് തീരുമാനിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

എന്നാൽ, ഈ തീരുമാനം മതിയായ കാരണങ്ങളുണ്ടെങ്കിൽ സർക്കാരിന് പുനഃപരിശോധിക്കാവുന്നതും ഉചിതമായ തീരുമാനം അന്തിമമായി കൈക്കൊള്ളാവുന്നതുമാണ്.

101. വകുപ്പുതല ശിക്ഷണ നടപടികൾ.-(1) ഈ ആക്റ്റിൻകീഴിലോ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിലോ അവയ്ക്ക് കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവോ പ്രകാരമോ ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ പെരുമാറ്റദൂഷ്യമോ, കുറ്റമോ ചെയ്യുകയാണെങ്കിൽ ആയതിന് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള അച്ചടക്കം, ശിക്ഷ, അപ്പീൽ മുതലായവ സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം അയാളെ വകുപ്പുതല ശിക്ഷണ നടപടിക്ക് വിധേയനാക്കാവുന്നതാണ്.

(2) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെതിരെ ചട്ടങ്ങൾ അനുസരിച്ചുള്ള ശിക്ഷണ നടപടിക്ക് പുറമേ കോടതി മുമ്പാകെ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടി ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് ഉത്തരവിടാവുന്നതാണ്.

(3) ഒരു പോലീസ് ഉദ്യോഗസ്ഥനെ ഈ വകുപ്പുപ്രകാരമുള്ള വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ട് ഏതെങ്കിലും ശിക്ഷണ നടപടികൾക്ക് വിധേയനാക്കുന്നതുമൂലം, ഈ ആക്റ്റ് ഉൾപ്പെടെ യാതൊരു ആക്റ്റിൻ കീഴിലും അയാൾ ക്രിമിനൽ കുറ്റവാളിയാണെന്നോ ക്രിമിനൽ നിയമപ്രകാരം ശിക്ഷാവിധിക്ക് വിധേയനായ ആളാണെന്നോ വ്യാഖ്യാനിക്കുവാൻ പാടുള്ളതല്ല.

(4) വകുപ്പുതല അന്വേഷണം പൂർത്തിയായശേഷം കുറ്റക്കാരനാണെന്ന് കാണുന്ന പോലീസ് ഉദ്യോഗസ്ഥനെതിരായി താഴെ (എ) മുതൽ (ക്യു)വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ശിക്ഷണ നടപടി അധികാരിതയുള്ള ഉദ്യോഗസ്ഥനോ സർക്കാരിനോ സ്വീകരിക്കാവുന്നതാണ്.

(എ) പിഴ;

(ബി) ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധിക ജോലി;

(സി) സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കുക;

(ഡി) ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കുക;

(ഇ) ജോലിയും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകൽ;

(എഫ്)നിശ്ചിത പ്രത്യേക ജോലി ചെയ്യുന്നതിൽ നിന്നോ, നിശ്ചിത പ്രത്യേക പദവി നൽകുന്നതിൽ നിന്നോ നിരോധിക്കുക;

(ജി) താക്കീത്;

(എച്ച്) ശാസന;

(ഐ) സഞ്ചിത ഫലത്തോടെയല്ലാതെയുള്ള ഇൻക്രിമെന്റ് തടയൽ;

(ജെ) സഞ്ചിത ഫലത്തോടെയുള്ള ഇൻക്രിമെന്റ് തടയൽ;

(കെ) പ്രൊമോഷൻ തടൽ;

(എൽ)സഞ്ചിത ഫലമില്ലാതെ ശമ്പളം കുറയ്ക്കുക;

(എം) സഞ്ചിത ഫലത്തോടെ ശമ്പളം കുറയ്ക്കുക;

(എൻ) സീനിയോറിറ്റിയിലോ റാങ്കിലോ തരംതാഴ്ത്തുക;

(ഒ) നിർബന്ധിത വിരമിക്കൽ;

(പി) നീക്കം ചെയ്യൽ;

(ക്യു) പിരിച്ചുവിടൽ.

(5) മേൽപ്പറഞ്ഞ (ജി) മുതൽ (ക്യു)വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾ ഒറ്റയ്ക്കോ (എ) മുതൽ (എഫ്) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾക്ക് പുറമേയോ നൽകാവുന്നതാണ്.

(6) മുകളിൽ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കുവാൻ പാടുള്ളതല്ല.

(7) ഈ വകുപ്പിലുള്ള യാതൊന്നും തന്നെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെ അച്ചടക്കനടപടിയുമായി സംബന്ധിക്കുന്ന കാര്യങ്ങൾ ബന്ധപ്പെട്ട അധികാരിയുടെയോ, ഏതെങ്കിലും കോടതിയുടെയോ പരിഗണനയിൽ കൊണ്ടുവരുന്നതിൽ നിന്ന് തടയുന്നതല്ല.

(8) (1) ഒരു പോലീസുദ്യോഗസ്ഥനെ ഒരു ക്രിമിനൽ കോടതിയുടെ വിചാരണയ്ക്ക് ശേഷം വെറുതെ വിടുകയാണെങ്കിൽ അതേ സംഗതിക്ക് വകുപ്പുതല ശിക്ഷണ നടപടി സ്വീകരിക്കാവുന്നതാണെങ്കിലും അതേ വസ്തുതകളുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണത്തിൽ അതേ കുറ്റത്തിന് ശിക്ഷണനടപടിക്ക് വിധേയനാക്കുവാൻ പാടുള്ളതല്ല.

(2) ധാർമ്മിക അധഃപതനമോ മറ്റ് ഗൗരവസ്വഭാവമുള്ള പെരുമാറ്റ ദൂഷ്യമോ ഉള്ള കുറ്റത്തിനാണ് കോടതി ശിക്ഷിച്ചിട്ടുള്ളതെങ്കിൽ ആ പോലീസ് ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട അച്ചടക്ക അധികാരിക്കോ സംസ്ഥാന പോലീസ് മേധാവിക്കോ സർക്കാരിനോ കുറ്റകൃത്യത്തിന്റെ സ്വഭാവം പരിഗണിച്ച് നിർബന്ധിതമായി വിരമിപ്പിക്കുകയോ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്യാവുന്നതാണ്.

(9) മുകളിൽ (എ) മുതൽ (എച്ച്) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണനടപടികൾ അച്ചടക്കം, ശിക്ഷണം മുതലായവ സംബന്ധിച്ച് ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിശദമായ നടപടിക്രമങ്ങൾ പാലിക്കാതെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന് നിരപരാധിത്വം തെളിയിക്കാനുള്ള ന്യായമായ അവസരം നൽകിയശേഷം അധികാരപ്പെട്ട ഉദ്യോഗസ്ഥന് തീരുമാനിക്കാവുന്നതാണ്.

(10) ഓരോ റാങ്കിലുമുള്ള ഉദ്യോഗസ്ഥർക്കെതിരായി വിവിധ ശിക്ഷണ നടപടികൾ ഏതെല്ലാം അധികാരികൾക്ക് സ്വീകരിക്കാമെന്നത് പോലീസിന്റെ അച്ചടക്കം, ശിക്ഷ, അപ്പീൽ എന്നിവയെ സംബന്ധിക്കുന്ന ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

102. സംസ്ഥാന പോലീസ് മേധാവി ശിക്ഷണനടപടികൾ ക്രോഡീകരിക്കേണ്ടതാണ്.-സർക്കാരിന്റെ നിർദ്ദേശത്തിന് വിധേയമായി സംസ്ഥാന പോലീസ് മേധാവി, സമാനസ്വഭാവമുള്ള പെരുമാറ്റ ദൂഷ്യങ്ങൾക്ക് നൽകാവുന്ന ഏറ്റവും കൂടിയതും കുറഞ്ഞതുമായ ശിക്ഷണനടപടികൾ നിശ്ചയിച്ച് ക്രോഡീകരിക്കേണ്ടതാണ്.

എന്നാൽ, ഏതെങ്കിലും സാഹചര്യത്തിൽ ക്രോഡീകരിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ ശിക്ഷണനടപടി സ്വീകരിക്കണം എന്നുണ്ടെങ്കിൽ അത് സംസ്ഥാന പോലീസ് മേധാവിയുടെ അംഗീകാരത്തോടുകൂടി ആയിരിക്കേണ്ടതാണ്.

103. അപ്പീലും റിവിഷനും.-പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്ന വകുപ്പുതല ശിക്ഷണനടപടികളിന്മേൽ അപ്പീൽ, റിവിഷൻ എന്നിവയ്ക്കുള്ള നടപടിക്രമം ഇത് സംബന്ധിച്ച ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

104. പോലീസ് വെൽഫയർ ബ്യൂറോ.-(1) സംസ്ഥാന പോലീസിൽ പോലീസ് ഉദ്യോഗസ്ഥരുടെ ക്ഷേമം സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും അഡീഷണൽ ഡയറക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു പോലീസ് വെൽഫയർ ബ്യൂറോ ഉണ്ടായിരിക്കേണ്ടതാണ്.

(2) ബ്യൂറോയുടെ ചുമതലകളും കർത്തവ്യങ്ങളും മറ്റു കാര്യങ്ങളോടൊപ്പം, പോലീസ് ഉദ്യോഗസ്ഥരുടെ ക്ഷേമകാര്യങ്ങളുടെ ഭരണനിർവ്വഹണവും നിരീക്ഷണവും ഉൾപ്പെടെ ഇനി പറയുന്നവ ആയിരിക്കുന്നതാണ്, അതായത്.-

(എ) ആരോഗ്യസംരക്ഷണം, പ്രത്യേകിച്ച് ഗുരുതരവും വിട്ടുമാറാത്തതുമായ രോഗബാധിതരായവർക്കും സർവ്വീസിൽ നിന്ന് വിരമിച്ച പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും ഉള്ള ആരോഗ്യ സംരക്ഷണ പദ്ധതികൾ;

(ബി) ജോലിക്കിടയിൽ പരിക്ക് ഏൽക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ത്വരിതവും ഉദാരവുമായ വൈദ്യസഹായം;

(സി) ജോലിക്കിടയിൽ മരണമടയുന്നവരുടെ അവകാശികളുടെ സാമ്പത്തിക സുരക്ഷ;

(ഡി) വിരമിക്കലിനുശേഷമുള്ള പോലീസുദ്യോഗസ്ഥരുടെ സാമ്പത്തിക സുരക്ഷ;

(ഇ) ഗ്രൂപ്പ് ഭവനനിർമ്മാണവും ഗ്രൂപ്പ് വായ്പാസൗകര്യങ്ങളും;

(എഫ്) പോലീസുദ്യോഗസ്ഥരുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ;

(ജി) പോലീസ് ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ;

(എച്ച്) നിയമപരമായ കർത്തവ്യനിർവ്വഹണവുമായി നേരിട്ട് ബന്ധം ഉള്ളതോ കർത്തവ്യനിർവ്വഹണത്തിന്റെ പേരിൽ ഉണ്ടായ വിരോധം മൂലമോ പോലീസ് ഉദ്യോഗസ്ഥന് നിയമനടപടികൾ നേരിടേണ്ടിവരുമ്പോൾ അത് കാര്യക്ഷമമായി പ്രതിരോധിക്കാനുള്ള നിയമപരമായ സൗകര്യം ഏർപ്പെടുത്തൽ.

(3) ബ്യൂറോയിൽ സംസ്ഥാന പോലീസ് മേധാവി നിശ്ചയിക്കുന്ന പത്തിൽ കവിയാത്ത ഉപദേശക അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരെ സംസ്ഥാന പോലീസ് മേധാവി പോലീസിലെ വിവിധ റാങ്കുകളിൽ നിന്ന് രണ്ട് വർഷത്തേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതുമാണ്.

(4) ബ്യൂറോ, പോലീസിന്റെ ക്ഷേമം സംബന്ധിച്ച നയങ്ങളും മാനദണ്ഡങ്ങളും നിശ്ചയിക്കേണ്ടതും വിവിധ പോലീസ് യൂണിറ്റുകളിലെ ക്ഷേമപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

(5) പോലീസ് ഉദ്യോഗസ്ഥരുടെ ക്ഷേമപ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും വേണ്ടി ബ്യൂറോയുടെ നിയന്ത്രണത്തിലും ഭരണനിർവ്വഹണത്തിലും ഒരു പോലീസ് ക്ഷേമനിധി രൂപീകരിക്കേണ്ടതും അതിൽ ഇനിപ്പറയുന്ന രീതിയിൽ ധനം സ്വരൂപിക്കാവുന്നതുമാണ്,-

(എ) സർക്കാരിന്റെ ധനസഹായവും സർക്കാർ അനുവദിക്കുന്ന മറ്റു രീതിയിലുള്ള നിക്ഷേപങ്ങളും വായ്പകളും;

(ബി) പോലീസ് ഉദ്യോഗസ്ഥരുടെ അംശാദായം;

(സി) ശിക്ഷണ നടപടിയായി പോലീസുദ്യോഗസ്ഥരിൽ നിന്ന് വസൂലാക്കുന്ന പിഴ;

(ഡി) സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന പ്രകാരം വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള സംഭാവന;

(ഇ) ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന സ്ഥാപനത്തിൽ നിന്നോ പരിപാടികളിൽ നിന്നോ ഉള്ള പ്രവർത്തനലാഭം;

(എഫ്) പോലീസ് സേവനത്തിനായി ഏതെങ്കിലും വ്യക്തിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഈടാക്കുന്ന തുകയിൽ സർക്കാർ അനുവദിക്കുന്ന ഒരു നിശ്ചിത ശതമാനം.

105. പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് – (1) സർക്കാരിന്, പോലീസ് ഡയറക്ടർ ജനറൽ ചെയർമാനായും, പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത മറ്റു നാല് സീനിയർ പോലീസ് ഉദ്യോഗസ്ഥർ അംഗങ്ങളായും ഉള്ള ഒരു വകുപ്പുതല പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും, ബോർഡിന്റെ പ്രവർത്തനത്തിനായുള്ള നടപടിക്രമവും ബോർഡ് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അനുവർത്തിക്കേണ്ട മാനദണ്ഡങ്ങളും സർക്കാരിന് ഉത്തരവുപ്രകാരം നിർദ്ദേശിക്കാവുന്നതാണ്.

106. ബോർഡിന്റെ ചുമതലകൾ – (1) ബോർഡ് ഇനിപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്,–

(എ) ഇൻസ്പെക്ടർ മുതൽ താഴോട്ടുള്ള റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, പ്രൊമോഷൻ തുടങ്ങിയ സേവനം സംബന്ധിച്ച കാര്യങ്ങളിലുള്ള പരാതിയും അപ്പീലും ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും വിശദമായി പരിശോധിച്ച് തീരുമാനിക്കുകയോ അതു സംബന്ധിച്ച് ഉചിതമായ ശുപാർശ സമർപ്പിക്കുകയോ ചെയ്യുക;

(ബി) വനിതാ പോലീസുദ്യോഗസ്ഥരുടെ ജോലി സംബന്ധമായ സവിശേഷ പ്രശ്നങ്ങൾ പഠിക്കുകയും അത് സംബന്ധിച്ച പരാതികൾക്ക് തീർപ്പു കല്പിക്കുകയും ആവശ്യമായ കാര്യങ്ങളിൽ ശുപാർശ സമർപ്പിക്കുകയും ചെയ്യുക;

(സി) സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനങ്ങൾ, പൊതുവിലോ പ്രത്യേക വിഷയങ്ങൾ സംബന്ധിച്ചോ, അവലോകനം ചെയ്യുക; കൂടാതെ

(ഡി) സർക്കാർ കാലാകാലങ്ങളിൽ ബോർഡിനെ ഏൽപ്പിക്കുന്ന മറ്റ് ചുമതലകൾ.

(2) ബോർഡിന്റെ ശുപാർശകൾക്ക് സർക്കാർ മതിയായ പരിഗണന നൽകേണ്ടതാണ്.

(3) സർക്കാരിന്, സ്വമേധയായോ ബന്ധപ്പെട്ട വ്യക്തിയുടെ പരാതിയിന്മേലോ മതിയായ കാരണങ്ങൾ രേഖപ്പെടുത്തികൊണ്ട് ബോർഡിന്റെ ഏതൊരു തീരുമാനവും ഉത്തരവും വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

107. കീഴുദ്യോഗസ്ഥരുടെ പരാതികൾക്കുള്ള പരിഹാരം- (1) സംസ്ഥാന പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ ഓരോ പോലീസ് ജില്ലയിലും നാമനിർദ്ദേശം ചെയ്യേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യേഗസ്ഥൻ ആഴ്ചയിൽ ഒരു ദിവസം പോലീസ് സബ് ഇൻസ്പെക്ടറുടെയും അതിനുതാഴെ പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും പരാതികൾ കേൾക്കുന്നതിനോ സ്വീകരിക്കുന്നതിനോ വേണ്ടി നീക്കിവയ്ക്കേണ്ടതുമാണ്.

(2) പ്രസ്തുത ഉദ്യോഗസ്ഥൻ പരാതി പഠിക്കുകയും പരിശോധിക്കുകയും ഉചിതമായ പരിഹാര നടപടി സംബന്ധിച്ച ശുപാർശകൾ ജില്ലാ പോലീസ് മേധാവിക്കും ജില്ലാ പോലീസ് മേധാവിയുടെ അധികാരപരിധിക്ക് പുറത്തുള്ള സംഗതിയാണെങ്കിൽ ജില്ലാ പോലീസ് മേധാവി വഴി സംസ്ഥാന പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിനും നൽകേണ്ടതാണ്.

108. ഇൻഷ്വറൻസ് പരിരക്ഷയും, ബത്തകളും, ചികിത്സാസൗകര്യങ്ങളും – (1) എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ ജോലിക്കിടയിലോ കൃത്യനിർവ്വഹണംമൂലം ഉണ്ടായ വിരോധം കാരണമായുണ്ടായ ആക്രമണത്തിലോ, സംഭവിക്കുന്ന പരിക്ക്, അംഗഭംഗം, മരണം എന്നിവയ്ക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ സർക്കാർ നൽകേണ്ടതാണ്.

(2) ഭീകരപ്രവർത്തനം തടയുന്ന യൂണിറ്റുകൾ, ബോംബ് നിർവ്വീര്യ സ്ക്വാഡുകൾ, കമാന്റോ ഗ്രൂപ്പുകൾ തുടങ്ങിയവപോലുള്ള വലിയ അപകടസാദ്ധ്യതയുള്ളതെന്ന് സംസ്ഥാന പോലീസ് മേധാവി നിശ്ചയിക്കുന്ന പ്രത്യേക വിഭാഗങ്ങളിൽ നിയമിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ജോലിയിൽ ഉൾപ്പെട്ടിരിക്കുന്ന അപകടസാദ്ധ്യതകൾക്ക് ആനുപാതികമായി പ്രത്യേക റിസ്ക് അലവൻസ് നൽകേണ്ടതാണ്.

(3) മെച്ചപ്പെട്ട ആരോഗ്യവും ശാരീരിക ക്ഷമതയും നിലനിർത്തുന്നതിന് സഹായകമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ പോലീസ് ഉദ്യോഗസ്ഥർക്ക് ഏർപ്പെടുത്തേണ്ടതാണ്.

(4) ഒരു പോലീസ് ഉദ്യോഗസ്ഥന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഉണ്ടായ അക്രമത്തിന്റെ ഫലമായോ കർത്തവ്യ നിർവ്വഹണംമൂലമുള്ള വിരോധം കാരണം ഉണ്ടായ ആക്രമണത്തിലോ പരിക്കോ അംഗഭംഗമോ ഉണ്ടാകുകയാണെങ്കിൽ അയാൾക്ക് സർക്കാർ ഉചിതവും പര്യാപ്തവുമായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

എന്നാൽ, ഈ നഷ്ടപരിഹാരം അയാൾക്ക് ചട്ടങ്ങൾ പ്രകാരം അർഹതയുള്ള വൈദ്യസഹായത്തിനുള്ള ചെലവുകൾക്ക് പുറമേയുള്ളതായിരിക്കേണ്ടതാണ്.

(5) ഒരു പോലീസുദ്യോഗസ്ഥൻ (4) -ാം ഉപവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരം തന്റെ കർത്തവ്യ നിർവ്വഹണത്തിനിടയിൽ മരിക്കുകയാണെങ്കിൽ അയാളുടെ നിയമപ്രകാരമുള്ള അവകാശികൾക്ക് സർക്കാർ, അർഹമായതും പര്യാപ്തവുമായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

എന്നാൽ, അങ്ങനെയുള്ള നഷ്ടപരിഹാരം അയാളുടെ കുടുംബത്തിന് ചട്ടങ്ങൾ പ്രകാരം അർഹമായിട്ടുള്ള സാധാരണ ആനുകൂല്യങ്ങൾക്ക് പുറമേയായിരിക്കേണ്ടതാണ്.

(6) കർത്തവ്യനിർവ്വഹണത്തിനിടയിൽ പരിക്കേൽക്കുന്ന പോലീസ് ഉദ്യോഗസ്ഥന് സർക്കാർ ചിലവിൽ മതിയായതും മികച്ച നിലവാരത്തിലുളളതുമായ ചികിത്സയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതും അയാളെ പരിക്കേറ്റ ഉടനെ പരിശോധിക്കുന്ന ഡോക്ടറുടെ ശുപാർശ അനുസരിച്ചുള്ള സ്ഥാപനത്തിൽ ചികിത്സിക്കാവുന്നതുമാണ്.

109. <u>പോലീസ് അസോസിയേഷനുകൾ</u> - സർക്കാരിന്, നിർണ്ണയിക്കപ്പെടുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി വ്യത്യസ്ത റാങ്കുകളിലും വിഭാഗങ്ങളിലുമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് അസ്സോസിയേഷനുകൾ രൂപീകരിക്കാൻ അനുമതി നൽകാവുന്നതാണ്.

110. <u>പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി-</u> (1) സർക്കാർ-

(i) പോലീസ് സൂപ്രണ്ടിന്റെയും അതിനുമുകളിലുള്ള പോലീസ് ഉദ്യോഗസ്ഥരുടേയും എല്ലാ തരത്തിലുള്ള നടപടി ദൂഷ്യത്തെപ്പറ്റിയുള്ള പരാതികൾ;

(ii) കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ മരണത്തിന് കാരണമാകൽ അല്ലെങ്കിൽ ഏതെങ്കിലും ആളെ ഗുരുതരമായി പരിക്കേല്പിക്കൽ അല്ലെങ്കിൽ ബലാൽസംഗം എന്നിവ സംബന്ധിച്ച് മറ്റു പദവികളിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ഗുരുതര സ്വഭാവത്തിലുള്ള പരാതികൾ എന്നിവ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനുമായി ഒരു സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന അതോറിറ്റിയിൽ ഇനി പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നതാണ്. അതായത്-

(i) ഹൈക്കോടതിയിൽ നിന്നും വിരമിച്ച ഒരു ജഡ്ജി, അതോറിറ്റിയുടെ ചെയർപേഴ്സണായിരിക്കേണ്ടതാണ്.;

(ii) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(iii) പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നൽകുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച അനുയോജ്യരായ ഉദ്യോഗസ്ഥരുടെ മൂന്നംഗ പാനലിൽ നിന്നും പ്രതിപക്ഷ നേതാവുമായി ആലോചിച്ച് സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തി;

(v) സംസ്ഥാനത്തെ ലോകായുക്ത നൽകുന്ന അനുയോജ്യരായ റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ മൂന്നംഗ പാനലിൽ നിന്നും പ്രതിപക്ഷ നേതാവുമായി ആലോചിച്ച് സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തി;

(3) സർക്കാർ, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും പ്രസ്തുത പദവിവരെയുമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനുമായി ജില്ലാതലത്തിൽ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(4) ജില്ലാ അതോറിറ്റിയിൽ ഇനി പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നതാണ്. അതായത്-

(i) വിരമിച്ച ഒരു ജില്ലാ ജഡ്ജി ചെയർപേഴ്സണായിരിക്കേണ്ടതാണ്.

(ii) ജില്ലാ കളക്ടർ; കൂടാതെ

(iii) ജില്ലാ പോലീസ് മേധാവി;

എന്നാൽ, ഒരു ജില്ലാ അതോറിറ്റിയുടെ ചെയർപേഴ്സനെ ഒന്നിലധികം ജില്ലാ അതോറിറ്റികളുടെ ചെയർപേഴ്സണായി നിയമിക്കാവുന്നതാണ്.

(5) സംസ്ഥാന അതോറിറ്റിയുടെയും ജില്ലാ അതോറിറ്റിയുടെയും അംഗങ്ങളുടെ സേവന വേതന വ്യവസ്ഥകളും അതോറിറ്റികളുടെ നടപടിക്രമങ്ങളും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(6) സർക്കാർ അതോറിറ്റിയുമായോ അതോറിറ്റികളുമായോ കൂടിയാലോചിച്ച്, അവയുടെ ശരിയായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകേണ്ടതും ഏർപ്പെടുത്തേണ്ടതുമാണ്.

(7) സംസ്ഥാന അതോറിറ്റിക്കും ജില്ലാതല അതോറിറ്റികൾക്കും, അവ അന്വേഷണം നടത്തുമ്പോൾ, 1908 ലെ സിവിൽ നടപടി നിയമസംഹിത (1908 ലെ 5 -ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഇനി പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്. അതായത്-

(എ) ഏതൊരു ആളിനേയും സമൺ ചെയ്യുന്നതിനും ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുന്നതിനും;

(ബി) ഏതൊരു രേഖയും കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും, കൂടാതെ

(ഡി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യങ്ങൾക്കും;

(8) കംപ്ലെയിന്റ്സ് അതോറിറ്റികളുടെ പ്രവർത്തനത്തിന് ആവശ്യമായ രേഖകൾ ഹാജരാക്കൽ, രേഖകളുടെ പരിശോധന, ആവശ്യമായ കാര്യങ്ങളിൽ വിദഗ്ദ്ധ സഹായം തുടങ്ങിയവ ഉറപ്പുവരുത്തുന്നതിന് എല്ലാ സർക്കാർ ഉദ്യോഗസ്ഥരും സാധ്യമായ സഹായം ചെയ്യേണ്ടതാണ്.

(9) വകുപ്പുതല അന്വേഷണം ആരംഭിക്കുക, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുക എന്നീ കാര്യങ്ങൾ സംബന്ധിച്ച് ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ അതോറിറ്റി നൽകുന്ന ശുപാർശ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

111. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പരാതികൾ നൽകാവുന്നതാണ്- ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭാ അദ്ധ്യക്ഷൻമാർ, നിയമസഭാ അംഗങ്ങൾ, പാർലമെന്റ് അംഗങ്ങൾ, കോർപ്പറേഷൻ മേയർമാർ എന്നീ ജനപ്രതിനിധികൾക്ക് അവരുടെ ശ്രദ്ധയിൽപ്പെട്ടതോ ആരെങ്കിലും അവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നതോ ആയ പോലീസിന് എതിരായ എല്ലാത്തരം പരാതികളും പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് നൽകാവുന്നതും ഉചിതമായ അന്വേഷണം നടത്തിയശേഷം ഫലം കംപ്ലയിന്റ് അതോറിറ്റി ജനപ്രതിനിധിയെ അറിയിക്കേണ്ടതുമാണ്.

112. കംപ്ലയിന്റ്സ് അതോറിറ്റികളുടെ നടപടി ത്വരിതപ്പെടുത്തേണ്ടതാണെന്ന്- (1) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി അവയുടെ പരിഗണനയ്ക്ക് വരുന്ന പരാതികളിന്മേൽ സത്വരമായ നടപടി സ്വീകരിക്കേണ്ടതാണ്.

(2) കംപ്ലയിന്റ്സ് അതോറിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന കാര്യങ്ങളിൽ അതോറിറ്റിക്ക് യോഗ്യമെന്ന് ബോദ്ധ്യമുള്ള സംഗതികളിൽ ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ ഏത് ഉദ്യോഗസ്ഥനോടും ആവശ്യപ്പെടാവുന്നതും ആ ഉദ്യോഗസ്ഥൻ അത് നിർവ്വഹിക്കേണ്ടതുമാണ്.

(എ) ഒരു സാക്ഷിയെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തുക;

(ബി) പ്രസക്തമായ രേഖകൾ കണ്ടെത്തി പരിശോധിച്ച് പിടിച്ചെടുക്കുക;

(സി) പ്രസ്തുത ഉദ്യോഗസ്ഥന് അധികാരമോ കഴിവോ പ്രാവീണ്യമോ ഉള്ള പരിശോധനയോ പരീക്ഷണമോ നടത്തുക;

(ഡി) ഓരോ പരാതിയുടേയും സാഹചര്യം പരിഗണിച്ച് ന്യായമായ സഹായം അതോറിറ്റിക്ക് നൽകുക.

(3) കംപ്ലയിന്റ്സ് അതോറിറ്റിക്ക് അതിന്റെ പരിഗണനയിലുള്ള പരാതിയുടെ മുഖ്യവിഷയം സംബന്ധിച്ച് പോലീസിൽ നിന്നും സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്.

(4) കംപ്ലയിന്റ്സ് അതോറിറ്റി നടത്തുന്ന അന്വേഷണവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥന് തെളിവ് ഹാജരാക്കുന്നതിനും നേരിട്ട് മൊഴി നൽകുന്നതിനും ഉചിതവും പ്രായോഗികവുമായ അവസരങ്ങളിൽ സാക്ഷികളെ എതിർ വിസ്താരം നടത്തുന്നതിനും അവസരം അനുവദിക്കേണ്ടതാണ്.

## അദ്ധ്യായം VIII

## കുറ്റങ്ങളും ശിക്ഷകളും

113. ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം- (1) ഈ ആക്റ്റ് പ്രകാരം ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യത്തെ സംബന്ധിച്ചും സർക്കാരിനോ ഏതൊരു പോലീസ് ഉദ്യോഗസ്ഥനോ ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഒരു പബ്ലിക് സെർവെന്റിനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

(2) യാതൊരു കോടതിയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ ആരോപിക്കപ്പെട്ടതും ഈ ആക്റ്റിൻ കീഴിലുള്ളതുമായ ഏതൊരു കുറ്റത്തിനും നടപടിയെടുക്കുവാൻ പാടുള്ളതല്ല.

114. ഒരു പോലീസുദ്യോഗസ്ഥൻ ചെയ്യുന്ന കൃത്യവിലോപം.- ഒരു പോലീസുദ്യോഗസ്ഥനായിരിക്കെ, ആരെങ്കിലും,-

(എ) ഈ ആക്റ്റ് പ്രകാരം പോലീസ് സേനയിലെ അംഗങ്ങൾക്ക് ബാധകമായിട്ടുള്ള ഏതെങ്കിലും നിയമവ്യവസ്ഥയോ, നടപടിക്രമമോ ചട്ടങ്ങളോ റഗുലേഷനുകളോ ലംഘിക്കുകയോ അനുവർത്തിക്കുവാൻ ഉപേക്ഷ കാണിക്കുകയോ ; അല്ലെങ്കിൽ

(ബി) കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞുമാറണമെന്ന ലക്ഷ്യത്തോടെ രോഗം നടിച്ച് കിടക്കുകയോ രോഗമോ പരിക്കോ ഉണ്ടെന്ന് ഭാവിക്കുകയോ സ്വമേധയാ തനിക്ക് ദേഹോപദ്രവം ഏൽപ്പിക്കുകയോ; അല്ലെങ്കിൽ

(സി) മറ്റേതെങ്കിലും രീതിയിൽ ഒരു പോലീസുദ്യോഗസ്ഥന് ചേരുന്നതല്ലാത്ത രീതിയിൽ പ്രവർത്തിക്കുകയോ; അല്ലെങ്കിൽ

(ഡി) ഭീരുത്വത്തിന് അപരാധിയാകുകയോ;

ചെയ്താൽ, കുറ്റസ്ഥാപനത്തിന്മേൽ മൂന്നുമാസം വരെയാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവോ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

എന്നാൽ ഈ വകുപ്പു പ്രകാരം കുറ്റകരമെന്ന് കരുതാവുന്ന ഒരു പ്രവൃത്തിയെ സംബന്ധിച്ച് മറ്റ് ക്രിമിനൽ നടപടികൾ എടുക്കാതെ വകുപ്പുതല അച്ചടക്ക നടപടി മാത്രം എടുത്താൽ മതിയെന്ന് ബന്ധപ്പെട്ട അച്ചടക്ക അധികാരിക്ക് തീരുമാനിക്കാവുന്നതാണ്.

115. പോലീസുദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്നതും ഭീക്ഷണിപ്പെടുത്തി അപഹരിക്കുന്നതും - ഒരു പോലീസുദ്യോഗസ്ഥൻ, പ്രത്യക്ഷമായോ പരോക്ഷമായോ ഭീഷണിയിലൂടെയോ പ്രലോഭനത്തിലൂടെയോ അയാളുടെ കർത്തവ്യവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കൈക്കൂലിയോ, അനധികൃതമായ ആനുകൂല്യമോ പ്രതിഫലമോ ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ; അല്ലെങ്കിൽ അതിനായി പരിശ്രമിക്കുകയോ;

ചെയ്താൽ, കുറ്റസ്ഥാപനത്തിൻമേൽ, ഏഴുവർഷംവരെയാകാവുന്ന ഒരു കാലയളവിലേക്ക് തടവോ പന്ത്രണ്ട് മാസത്തെ ശമ്പളത്തിൽ കവിയാത്ത പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

116. ശല്യമുണ്ടാക്കുന്ന അറസ്റ്റ്, പരിശോധന, പിടിച്ചെടുക്കൽ, അക്രമം എന്നിവ - ഒരു പോലീസുദ്യോഗസ്ഥനായിരിക്കെ ആരെങ്കിലും-

(എ) നിയമാനുസൃതമുള്ള അധികാരമോ കാരണമോ ഇല്ലാതെ ശല്യമുണ്ടാക്കാൻ വേണ്ടി ഏതെങ്കിലും കെട്ടിടം, ഉരു, കൂടാരം അല്ലെങ്കിൽ സ്ഥലം ഇവയിൽ പ്രവേശിക്കുകയോ അനാവശ്യമായ പരിശോധന നടത്തുകയോ അതിന് ഇടയാക്കുകയോ; അല്ലെങ്കിൽ

(ബി) നിയമ വിരുദ്ധമായും ശല്യമുണ്ടാക്കാൻ വേണ്ടിയും ന്യായമായ കാരണം കൂടാതെയും ഏതെങ്കിലും ആളുടെ വസ്തു പിടിച്ചെടുക്കുകയോ ഒരാളെ തടങ്കലിൽ വയ്ക്കുകയോ പരിശോധന നടത്തുകയോ അറസ്റ്റ് ചെയ്യുകയോ; അല്ലെങ്കിൽ

(സി) കസ്റ്റഡിയിലുള്ളതോ തന്റെ കർത്തവ്യത്തിനിടയിൽ താൻ ബന്ധപ്പെടുന്നതോ ആയ ഒരാളെ കരുതിക്കൂട്ടി പീഡനത്തിനോ ഏതെങ്കിലും വിധത്തിലുള്ള മനുഷ്യത്വരഹിതമോ നിയമവിരുദ്ധമോ ആയ വ്യക്തിപരമായ ആക്രമണത്തിനോ ഗുരുതരമായ ദുർവൃത്തിക്കോ വിധേയമാക്കുകയോ; അല്ലെങ്കിൽ

(ഡി) കരുതിക്കൂട്ടിയും അറിവോടെയും ദുരുദ്ദേശ്യപരമായും, ഒരു നിരപരാധിയെ ഒരു ക്രിമിനൽ കുറ്റത്തിൽ ഉൾപ്പെടുത്തുവാൻ വേണ്ടി ഒരു വ്യാജ സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുകയോ, വ്യാജരേഖ ഉണ്ടാക്കുകയോ, പോലീസിനുമേൽ ആക്രമണം നടന്നു എന്ന് വ്യാജമായ ആരോപണം ഉന്നയിക്കുകയോ; അല്ലെങ്കിൽ

(ഇ) ഒരു പോലീസുദ്യോഗസ്ഥൻ എന്ന നിലയിൽ അയാൾ തടയുവാൻ ബാദ്ധ്യസ്ഥനായ ഒരു കുറ്റകൃത്യം ചെയ്യുന്നതിന് കരുതിക്കൂട്ടിയും നേരിട്ടും സഹായമോ പ്രേരണയോ നൽകുകയോ;

ചെയ്താൽ, കുറ്റസ്ഥാപനത്തിൻമേൽ, മൂന്ന് വർഷം വരെയാകാവുന്ന ഒരു കാലയളവിലേക്ക് തടവോ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും അതേകാര്യം തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരവും കുറ്റമാണെങ്കിൽ, ആ കുറ്റത്തിന് ആ നിയമപ്രാകരമുള്ള ശിക്ഷ നൽകി പ്രസ്തുത പോലീസുദ്യോഗസ്ഥനെ ശിക്ഷിക്കുന്നതിൽ നിന്നും ഒരു കോടതിയെയും തടയുന്നതല്ല.

117. <u>പോലീസിന്റെ ചുമതലകളിൽ ഇടപെടുന്നതിനുള്ള ശിക്ഷ</u> - ആരെങ്കിലും,-

(എ) പോലീസ് സേനയിലെ ഏതൊരംഗത്തെയും അയാളുടെ സേവനങ്ങളെ തടയുന്നതിനോ അച്ചടക്കലംഘനം നടത്തുന്നതിനോ പ്രേരിപ്പിക്കുകയോ; അല്ലെങ്കിൽ

(ബി)പോലീസിന്റേതായ ഏതെങ്കിലും ചുമതലയോ അധികാരമോ നിയമവിരുദ്ധമായി ഏറ്റെടുക്കുകയോ ; അല്ലെങ്കിൽ

(സി) നിർദ്ദോഷമായി വിനോദ ആവശ്യത്തിനൊഴികെ പോലീസ് ഉദ്യോഗസ്ഥനായി ആൾമാറാട്ടം നടത്തുകയോ; അല്ലെങ്കിൽ

(ഡി)ഒരു അന്വേഷണത്തിലോ യഥാവിധിയായ പോലീസിന്റെ കൃത്യനിർവ്വഹണത്തിലോ സാരവത്തായ വിവരങ്ങളിൽ പോലീസ് അന്വേഷണത്തെ വഴിതെറ്റിക്കുക എന്ന ഉദ്ദേശത്തോടെ തെറ്റായ സ്റ്റേറ്റ്മെന്റ് മനഃപൂർവ്വം ഒരു പോലീസ് ഉദ്യോഗസ്ഥന് നൽകുകയോ; അല്ലെങ്കിൽ

(ഇ) ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏതെങ്കിലും കൃത്യനിർവ്വഹണത്തിൽ നിന്നും തടയണമെന്ന പ്രത്യക്ഷമായ ഉദ്ദേശത്തോടെ ഭീഷണിപ്പെടുത്തുകയോ തടയുകയോ കയ്യേറ്റം ചെയ്യുകയോ;

ചെയ്താൽ, അയാൾ കുറ്റസ്ഥാപനത്തിൻമേൽ മൂന്നുവർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

118. ഗുരുതരമായ ക്രമസമാധാന ലംഘനമോ അപായമോ ഉണ്ടാക്കുന്നതിനുള്ള ശിക്ഷ.-ഏതെങ്കിലും വ്യക്തി,-

(എ) പൊതുസ്ഥലത്ത് ലഹരിക്കടിമപ്പെട്ട നിലയിലോ ലഹളയുണ്ടാക്കുന്നവനായോ, സ്വയം തന്നെ ശ്രദ്ധിക്കാൻ അശക്തനായോ കാണപ്പെടുകയോ;

(ബി) അറിഞ്ഞുകൊണ്ട് പോലീസിനെയോ ഫയർ സർവ്വീസിനെയോ മറ്റേതെങ്കിലും അവശ്യസർവ്വീസിനെയോ വഴിതെറ്റിക്കാൻ കിംവദന്തി പരത്തുകയോ വ്യാജമായി അപകടസൂചന നൽകുകയോ;

(സി) അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും പൊതുജനങ്ങൾക്കിടയിൽ പൊതു പരിഭ്രാന്തിയുണ്ടാക്കുവാനായി ഒരു അവശ്യ സർവ്വീസിന് കേട് വരുത്തുകയോ;

(ഡി) പ്രസ്താവനയാലോ, അഭിപ്രായ പ്രകടനത്താലോ, ടെലഫോൺ വിളിയിലൂടെയോ, ഏതെങ്കിലും വിധത്തിലുള്ള വിളികളാലോ, അനുധാവനം ചെയ്തോ, ഏതെങ്കിലും ഉപാധിയിലൂടെ സന്ദേശങ്ങളോ കത്തുകളോ അയയ്ക്കുകയോ ചെയ്ത് ഏതെങ്കിലും ആളിന് അസഭ്യമായ രീതിയിൽ അസഹ്യത ഉണ്ടാക്കുകയോ;

(ഇ) അറിഞ്ഞുകൊണ്ട് പൊതുജനങ്ങൾക്ക് അപായമുണ്ടാക്കുന്നതോ പൊതുസുരക്ഷയിൽ വീഴ്ചയുണ്ടാക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ;

(എഫ്) നിയമാനുസൃതം അങ്ങനെ ചെയ്യാൻ അധികാരപ്പെടുത്താതെ സ്ഫോടക വസ്തുക്കളോ അപകടകരമായ പദാർത്ഥങ്ങളോ കടത്തിക്കൊണ്ടുപോകുകയോ;

(ജി) ഒരു ഗുണ്ടയോ റൗഡിയോ ആയിരിക്കെ 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിൽ (2007-ലെ 34) നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനം സുസാദ്ധ്യമാക്കുന്നതിനായി സമീപപ്രദേശത്ത് ഏതെങ്കിലും കുറ്റകൃത്യത്തിന് ഉപയോഗിക്കാൻ ഉപയുക്തമായ സാമഗ്രികൾ കൈവശം വച്ചുകൊണ്ട് സംശയാസ്പദമായ സാഹചര്യങ്ങളിൽ ഒരു പൊതുസ്ഥലത്ത് കാണപ്പെടുകയോ;

(എച്ച്) 73-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ, അതിന് വിരുദ്ധമായി കായിക പരിശീലനം നൽകുകയോ, നടത്തുകയോ;

(ഐ) പതിനെട്ടു വയസ്സിൽ താഴെയുള്ളവർക്ക് ലഹരി പദാർത്ഥങ്ങളോ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളോ പദാർത്ഥങ്ങളോ നൽകുകയോ വിൽക്കുകയോ അതിനായി സ്കൂൾ പരിസരത്ത് സംഭരിക്കുകയോ;

ചെയ്താൽ, അയാൾ കുറ്റസ്ഥാപനത്തിന്മേൽ മൂന്നുവർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

119. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് ശിക്ഷ.-(1) ഏതെങ്കിലും വ്യക്തി,-

(എ) പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ അന്തസ്സ് ഹനിക്കുന്ന തരത്തിലുള്ള ലൈംഗിക ചേഷ്ടകളോ പ്രവൃത്തികളോ ചെയ്യുകയോ;

(ബി) ഏതൊരു സ്ഥലത്തുവച്ചും സ്ത്രീകളുടെ ന്യായമായ സ്വകാര്യതയ്ക്ക് ഭംഗം വരുത്തുന്ന രീതിയിൽ ഫോട്ടോയോ വീഡിയോയോ എടുക്കുകയോ പ്രചരിപ്പിക്കുകയോ;

ചെയ്യുകയാണെങ്കിൽ അയാളെ കുറ്റസ്ഥാപനത്തിൻമേൽ മൂന്നുവർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ബന്ധപ്പെട്ട സേവനദാതാവിനോടോ, പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോടോ അവരുടെ സാന്നിദ്ധ്യത്തിൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം നടന്നുവെന്ന് പ്രസ്തുത കുറ്റത്തിനിരയായ സ്ത്രീ പരാതിപ്പെടുകയാണെങ്കിൽ അവർ തത്സമയം കുറ്റകൃത്യം തടയുവാനോ അല്ലെങ്കിൽ അതിനെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാനോ ന്യായമായ നടപടി സ്വീകരിക്കാതെ ബോധപൂർവ്വം വീഴ്ച വരുത്തുന്നത് കുറ്റകരമായിരിക്കുന്നതും, അങ്ങനെയുള്ള കുറ്റത്തിന് കുറ്റസ്ഥാപനത്തിന്മേൽ ആയിരം രൂപ വരെ പിഴ ഈടാക്കേണ്ടതുമാണ്.

120. ശല്യം ഉണ്ടാക്കൽ, ക്രമസമാധാന ലംഘനം എന്നിവയ്ക്കുള്ള ശിക്ഷ.-ഏതൊരാളും-

(എ) ഒരു പൊതുസ്ഥലത്ത് പൊതുജനങ്ങൾക്ക് അസഹ്യതയോ അസൗകര്യമോ ഉണ്ടാക്കിക്കൊണ്ട് ഫർണിച്ചർ സാധനങ്ങളോ വാഹനമോ വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ കശാപ്പ് ചെയ്യുകയോ ശവം വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ പരിപാലിക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ബി) പൊതുജനത്തിന് തടസ്സമോ, അസൗകര്യമോ, അപായമോ ഉണ്ടാക്കുന്ന രീതിയിൽ ഏതെങ്കിലും വാഹനത്തെയോ ഗതാഗത ഉപാധിയെയോ നിലകൊള്ളാൻ കാരണമാകുന്നുവെങ്കിൽ;

(സി) ഒരു ട്രാഫിക് ചിഹ്നത്തെയോ സൈൻ ബോർഡിനെയോ അതിന്റെ ദൃശ്യതയെയോ പാരായണക്ഷമതയെയോ കുറച്ചുകൊണ്ട് വികൃതമാക്കുകയോ മറയ്ക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ഡി) ഉടമസ്ഥന്റെയോ സൂക്ഷിപ്പുകാരന്റെയോ മുൻകൂർ അനുവാദമില്ലാതെ ഭിത്തികൾ, കെട്ടിടങ്ങൾ അല്ലെങ്കിൽ മറ്റ് നിർമ്മിതികൾ എന്നിവയെ വികൃതമാക്കുന്നുവെങ്കിൽ;

(ഇ) ജലസ്രോതസ്സുകളുടെയോ ജലവിതരണത്തെയോ മലിനമാക്കുകയോ പൊതു ശുചീകരണ നടപടികളെ തടസ്സപ്പെടുത്തുകയോ പൊതുസ്ഥലങ്ങൾ വൃത്തിഹീനമാക്കുകയോ നിയമവിരുദ്ധമായി പരിസ്ഥിതിക്ക് സാരമായ കേടുണ്ടാക്കുകയോ ചെയ്യുന്നുവെങ്കിൽ;

(എഫ്) ഒരു സർക്കാർ കെട്ടിടത്തിലോ സർക്കാർ ഭൂമിയിലോ അതിക്രമിച്ചുകടക്കുന്നുവെങ്കിൽ;

(ജി) മോട്ടോർ ഘടിപ്പിക്കാത്ത ഏതൊരു വാഹനവും സൂര്യാസ്തമയത്തിന് അരമണിക്കൂർ ശേഷവും സൂര്യോദയത്തിന് ഒരു മണിക്കൂർ മുമ്പും ഉള്ള ഏതൊരു സമയത്തും ആവശ്യമായ വെളിച്ചമില്ലാതെ ഓടിച്ചുകൊണ്ടോ വലിച്ചുകൊണ്ടോ തള്ളിക്കൊണ്ടോ പോവുകയാണെങ്കിൽ;

(എച്ച്) വ്യതിചലനത്തിന് യഥാർത്ഥമായ ആവശ്യമോ തക്കതായ കാരണമോ ഇല്ലാതെ മോട്ടോർ ഘടിപ്പിക്കാത്ത ഏതെങ്കിലും വാഹനം തെരുവിൽ ഓടിച്ചോ വലിച്ചുകൊണ്ടോ തള്ളിക്കൊണ്ടോ പോകുമ്പോൾ;

(i) മറ്റേതെങ്കിലും വാഹനത്തെ മറികടന്നു പോകുമ്പോൾ അതിന്റെ വലതു ഭാഗത്തിലൂടെയും;

(ii) മറ്റേതെങ്കിലും വാഹനം എതിരെ വരുമ്പോൾ തെരുവിന്റെ ഇടതുവശം ചേർന്നും; പോകാതിരിക്കുന്നുവെങ്കിൽ;

(ഐ) വാഹനത്തിന്റെയോ വാഹനങ്ങളുടെയോ മുന്നിൽ നിന്നും അല്ലെങ്കിൽ പിന്നിൽ നിന്നും അഞ്ച് അടി കവിഞ്ഞ് തള്ളിനിൽക്കുന്ന ഏതെങ്കിലും സാധനം വെച്ചിട്ടുള്ള വാഹനമോ വാഹനങ്ങളോ തെരുവിലൂടെ കടത്തുന്നുവെങ്കിൽ;

(ജെ) ഏതെങ്കിലും മൃഗത്തെയോ വാഹനത്തെയോ ഓടിക്കുന്നതിലോ നോക്കിനടത്തുന്നതിലോ ശ്രദ്ധിക്കുന്നതിലോ സംഭവിച്ച ഏതെങ്കിലും ഉദാസീനത മൂലമോ തെറ്റായ ഉപയോഗം മൂലമോ എന്തെങ്കിലും പരിക്കോ കേടുപാടോ ഉണ്ടാകുന്നുവെങ്കിൽ;

(കെ) പൊതുസ്ഥലത്ത് മറ്റുള്ളവർക്ക് ശല്യമുണ്ടാക്കുന്ന വിധം ബോധപൂർവ്വം മലമൂത്രവിസർജ്ജനം ചെയ്യുന്നുവെങ്കിൽ;

(എൽ) തന്റെ കരുതലിലോ നിയന്ത്രണത്തിലോ ഉള്ളതും അരുമയായി വളർത്തുന്നതുമായ മൃഗങ്ങളെ തക്കതായി ശ്രദ്ധിക്കാതിരിക്കുകയും അയൽവാസികൾക്കോ പൊതുജനങ്ങൾക്കോ അസൗകര്യങ്ങൾ ഉണ്ടാക്കുന്ന വിധം അവയെ അലക്ഷ്യമായി വിടുകയും ചെയ്യുന്നുവെങ്കിൽ;

(എം) ഉടമസ്ഥന്റെ അറിവും സമ്മതവുമില്ലാതെ പ്രകടമായി 14 വയസ്സിന് താഴെയുള്ള കുട്ടികളിൽ നിന്നും ആഭരണം, വാച്ച്, പേന, സൈക്കിൾ, പാത്രം അല്ലെങ്കിൽ വിലപിടിപ്പുള്ള മറ്റ് സാധനം വാങ്ങുകയോ അത്തരം ആളിൽ നിന്നും എന്തെങ്കിലും സാധനം പണയത്തിന്മേലോ ഈടിന്മേലോ എടുക്കുകയോ ചെയ്യുന്നു എങ്കിൽ;

(എൻ) വേണ്ടത്ര മുൻകരുതലില്ലാതെയും പൊതു സുരക്ഷ കണക്കിലെടുക്കാതെയും അയാൾക്ക് നിയന്ത്രണമുള്ള സ്ഥലത്തോ പരിസരത്തോ അപകടകരമായ എന്തെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യാൻ അനുവദിക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ഒ) ഏതെങ്കിലും തരത്തിലുള്ള വിനിമയോപാധിയിലൂടെ ആവർത്തിച്ചുള്ളതോ അനഭിമതമായതോ അജ്ഞാതമായതോ ആയ വിളി, കത്ത്, എഴുത്ത്, സന്ദേശം, ഇ-മെയിൽ എന്നിവ വഴിയോ ദൂതൻ വഴിയോ സ്വയം ഏതെങ്കിലും ഒരാളിന് ശല്യമായി തീരുന്നുവെങ്കിൽ;

(പി) ഏതെങ്കിലും പൊതുസ്ഥലത്ത് പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സേവനം ക്രമപ്രകാരം കൊടുക്കുവാനോ സ്വീകരിക്കുവാനോ ഉപയോഗിക്കുവാനോ വേണ്ടി രൂപീകരിച്ച ഏതെങ്കിലും ക്യൂ തെറ്റിക്കുന്നുവെങ്കിൽ;

(ക്യൂ) മാനനഷ്ടമുണ്ടാക്കുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ ഏതെങ്കിലും രേഖ രചയിതാവിന്റെ തിരിച്ചറിയൽ മറച്ചുവച്ച് എവിടെയെങ്കിലും ഒട്ടിച്ചുവയ്ക്കുകയോ പതിക്കുകയോ ചെയ്യുന്നുവെങ്കിൽ;

കുറ്റസ്ഥാപനത്തിന്മേൽ ഒരു വർഷംവരെയാകാവുന്ന തടവോ 5,000 രൂപവരെയാകാവുന്ന പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

121. <u>പ്രത്യേകം വ്യവസ്ഥയില്ലാത്ത കുറ്റങ്ങൾക്കുള്ള ശിക്ഷ</u>:-(1) ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെയോ ഉത്തരവിലെയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ അതേ കുറ്റത്തിന് ഈ ആക്റ്റിൽ മറ്റ് ശിക്ഷ നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിൽ 6 മാസത്തിൽ കവിയാത്ത തടവോ 2,000 രൂപവരെയാകാവുന്ന പിഴയോ ഇവ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) കുറ്റം ഒന്നിൽ കൂടുതൽ വ്യക്തികൾ ചെയ്തതാണെങ്കിൽ അവരിലോരോരുത്തരും വെവ്വേറെ ശിക്ഷിക്കപ്പെടേണ്ടതാണ്.

122. <u>കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ</u>; -(1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നപക്ഷം കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചുമതല വഹിച്ചതോ കമ്പനിയുടെ കാര്യങ്ങളുടെ നടത്തിപ്പിന് ഉത്തരവാദിത്വം ഉണ്ടായിരുന്നതോ ആയ ഓരോ വ്യക്തിയും കമ്പനിയും കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതിനനുസൃതമായി നടപടികൾക്ക് വിധേയരാകേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന് കീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുകയും കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ ആണ് ആ കുറ്റം നടന്നതെന്ന്

തെളിയുകയും ചെയ്യുന്നപക്ഷം കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതിനനുസരിച്ച് അയാൾക്കെതിരെ നടപടിയെടുക്കേണ്ടതും അയാൾ ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം.-(1) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,-

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായമോ എന്നർത്ഥമാക്കുന്നതും അതിൽ ഒരു ഫേമോ മറ്റ് സംഘടനകളോ വ്യക്തികളോ ഉൾപ്പെടുന്നതുമാണ്;

(ബി) ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം "ഡയറക്ടർ" എന്നാൽ ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

123. മറ്റു നിയമങ്ങൾ പ്രകാരമുള്ള പ്രോസിക്യൂഷനെ ബാധിക്കുന്നതല്ലെന്ന്.- ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മറ്റേതെങ്കിലും നിയമത്തിൻകീഴിലും ഈ ആക്റ്റ് പ്രകാരവും ശിക്ഷാർഹമായ ഏതെങ്കിലും പ്രവൃത്തി ചെയ്ത ഏതൊരാളെയും ഈ ആക്റ്റ് പ്രകാരം എടുക്കപ്പെടുന്ന നടപടികൾ കൂടാതെ അത്തരം മറ്റു നിയമപ്രകാരം കൂടി പ്രോസിക്യൂട്ട് ചെയ്യപ്പെടുന്നതിനേയോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിൻകീഴിൽ നിശ്ചയിക്കപ്പെട്ട പിഴയ്ക്കോ ശിക്ഷയ്ക്കോ ബാദ്ധ്യസ്ഥനാകുന്നതിനെയോ തടയുന്നതായി വ്യാഖ്യാനിക്കപ്പെടുവാൻ പാടുള്ളതല്ല.

124. നടപടിക്രമത്തിലെ ക്രമക്കേട് സാരമുള്ളതല്ലെന്ന്.-നടപടിക്രമത്തിലെയോ രീതിയിലെയോ ഏതെങ്കിലും ക്രമക്കേടിന്റെയോ പിശകിന്റെയോ കാരണത്താൽ മാത്രം, അത്തരം പിശക് അല്ലെങ്കിൽ ക്രമക്കേടുമൂലം സാരമായ ദോഷമോ ഭംഗമോ സംഭവിക്കാത്തപക്ഷം, ഈ ആക്റ്റ് പ്രകാരമോ ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടപ്രകാരമോ അല്ലെങ്കിൽ അവയോട് അടിസ്ഥാനപരമായി പൊരുത്തപ്പെട്ട് പുറപ്പെടുവിക്കപ്പെട്ടതോ പ്രസിദ്ധീകരിക്കപ്പെട്ടതോ ആയ ഏതെങ്കിലും ചട്ടം, ഉത്തരവ്, നിർദ്ദേശം, ന്യായനിർണ്ണയം, അന്വേഷണം, വിചാരണ, വിജ്ഞാപനം, കൈക്കൊണ്ട നടപടി എന്നിവ നിയമാനുസൃതമല്ലെന്നോ നിലനിൽക്കുന്നതല്ലെന്നോ അസാധുവെന്നോ അപൂർണ്ണമെന്നോ കരുതുവാൻ പാടുള്ളതല്ല.

125. കോഗ്നൈസബിൾ കുറ്റങ്ങളും ജാമ്യം കിട്ടാവുന്ന കുറ്റങ്ങളും.-(1) ഈ ആക്ടിലെ 116, 117, 118, 119 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം കിട്ടാവുന്നതുമായ കുറ്റങ്ങൾ ആയിരിക്കുന്നതും 115-ാം വകുപ്പിൻ കീഴിലുള്ള ഒരു കുറ്റം കോഗ്നൈസബിളും ജാമ്യം ലഭിക്കാത്ത ഒരു കുറ്റവുമായിരിക്കുന്നതാണ്.

(2) മേൽപ്പറഞ്ഞ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പോലീസ് ഉദ്യോഗസ്ഥന് ഒരാളെ;

(എ) അയാളുടെ അറസ്റ്റ് ഏതെങ്കിലും കുറ്റകൃത്യം തടയുന്നതിനോ തുടരാതിരിക്കുന്നതിനോ ആവശ്യമുണ്ടെങ്കിലോ; അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ആളിനെ പിന്നീട് കണ്ടുകിട്ടാൻ സാദ്ധ്യതയില്ലായെന്ന് പ്രത്യക്ഷത്തിൽ വ്യക്തമാണെങ്കിലോ; അല്ലെങ്കിൽ

(സി) ആ ആൾ സ്വയം അല്ലെങ്കിൽ മറ്റൊരാൾക്ക് പരിക്കേൽപ്പിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിലോ; അല്ലെങ്കിൽ

(ഡി) അറസ്റ്റ് ആവശ്യമായിരിക്കുന്ന പ്രത്യേകമായതും അടിയന്തിരവുമായ സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലോ; മാത്രമേ അറസ്റ്റ് ചെയ്യാൻ അധികാരമുണ്ടായിരിക്കുകയുള്ളൂ.

(3) ഈ ആക്റ്റ് പ്രകാരമുള്ള മറ്റെല്ലാ കുറ്റങ്ങളും നോൺ-കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നവയുമായിരിക്കുന്നതാണ്:

എന്നാൽ, സ്ഥലത്ത് ഹാജരുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് തന്റെ സാന്നിദ്ധ്യത്തിൽ ഒരു കുറ്റം തുടരുന്നത് തടയുവാനായി ഒരു ആളിനെ താൽക്കാലികമായി മാറ്റിനിർത്താവുന്നതാണ്.

126. കുറ്റങ്ങൾ രാജിയാക്കൽ.-(1) ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ കോഗ്നൈസബിൾ അല്ലാത്ത കുറ്റങ്ങളും കുറ്റാരോപിതന്റെ അപേക്ഷയിന്മേൽ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് രാജിയാക്കാവുന്നതാണ്.

(2) ജില്ലാ പോലീസ് മേധാവിക്ക് 117, 118, 119 (2) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ, ആ സംഗതി കോടതി മുമ്പാകെ പ്രോസിക്യൂട്ട് ചെയ്യപ്പെടാൻ തക്ക ഗൗരവമുള്ളതല്ലെന്ന് അദ്ദേഹം കരുതുന്നപക്ഷം, കുറ്റാരോപിതൻ നൽകിയ ഏതെങ്കിലും അപേക്ഷയിന്മേൽ രാജിയാക്കാവുന്നതാണ്;

എന്നാൽ, കോടതി, പോലീസ് കുറ്റപത്രം സമർപ്പിച്ചതിനുശേഷം നടപടി തുടങ്ങിയ വിഷയത്തിൽ അങ്ങനെയുള്ള ഏതൊരു രാജിയാക്കലും പാടില്ലാത്തതും അത്തരം സന്ദർഭങ്ങളിൽ അങ്ങനെയുള്ള കോടതി മുമ്പാകെ പ്രസ്തുത കുറ്റങ്ങൾ രാജിയാക്കാവുന്നവയുമാണ്.

(3) ഓരോ ഇനം കുറ്റകൃത്യവും രാജിയാക്കുമ്പോൾ ഈടാക്കേണ്ടുന്ന കോമ്പൗണ്ടിംഗ് ഫീസ് സർക്കാർ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കേണ്ടതും സംസ്ഥാന പോലീസ് മേധാവി വിജ്ഞാപനം പുറപ്പെടുവിക്കുന്ന പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർ ഈടാക്കേണ്ടതുമാണ്.

(4) രാജിയാക്കൽ ഒരു കുറ്റസ്ഥാപനമായി കണക്കാക്കാൻ പാടില്ലാത്തതും, എന്നാൽ; ഏതെങ്കിലും നടപടിക്രമങ്ങളിൽ പൂർവ്വകാല നടപ്പ് പ്രസക്തമായി വരുന്നിടത്ത് പൂർവ്വകാല നടപ്പ് തെളിയിക്കുന്നതിനായി ഉപയോഗിക്കാവുന്നതുമാണ്.

127. ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ട്.-(1) സംസ്ഥാന പോലീസ് മേധാവിക്ക് കേന്ദ്രീകൃതമായി നടത്തിപ്പോരുന്നതും ഭരണനിർവ്വഹണം നടത്തുന്നതുമായ ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ഉണ്ടായിരിക്കേണ്ടതും അതിൽ നിന്നും ഇനിപ്പറയുന്ന ചെലവുകൾ വഹിക്കാവുന്നതുമാണ്, അതായത്.-

(എ) ചികിത്സാചെലവ് ഉൾപ്പെടെ കസ്റ്റഡിയിലുള്ളവരുടെ ചെലവുകൾ;

(ബി) പോലീസ് ഉദ്യോഗസ്ഥന് ഉണ്ടായിട്ടുള്ള ചെലവുകളോ പോലീസ് ഉദ്യോഗസ്ഥർക്ക് കൊടുത്തിട്ടുള്ള ബത്തകളോ അല്ലാതെ, ക്രിമിനൽ കുറ്റങ്ങളുടെ അന്വേഷണം സംബന്ധിച്ച് സാക്ഷികളുടെ ബത്തകളോ ചെലവുകൾ തിരിച്ചുകൊടുക്കലോ ഉൾപ്പെടെ ഉണ്ടായിട്ടുള്ള ചെലവുകൾ;

(സി) കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള വസ്തുക്കളുടെ പരിപാലനവും സൂക്ഷിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ;

(ഡി) മൃതശരീരങ്ങൾ നീക്കം ചെയ്യുന്നതുമായും, പരിക്കേറ്റവർ, അപകടങ്ങൾക്കും ദുരന്തങ്ങൾക്കും ഇരയായവർ എന്നിവർക്ക് അടിയന്തര സഹായം നൽകുന്നതുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചെലവായ തുകകൾ.

(2) ഫണ്ടിന്റെ ഭരണനിർവ്വഹണം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ രാജിയാകുമ്പോൾ പോലീസ് ഈടാക്കി ശേഖരിച്ച മുഴുവൻ കോമ്പൗണ്ടിംഗ് ഫീസും അവകാശികളില്ലാത്ത വസ്തുക്കളുടെയും നശിച്ചുപോകുന്ന വസ്തുക്കളുടെയും വിൽപ്പനയിലൂടെ ഈടാക്കിയ എല്ലാ തുകകളും ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

(4) ചെലവുകൾക്കായി ഫണ്ടിൽ വേണ്ടത്ര തുകയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി കാലാകാലങ്ങളിൽ സർക്കാരിന് ഫണ്ടിലേക്ക് തുക വകയിരുത്താവുന്നതാണ്.

128. <u>നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനുള്ള അധികാരം</u>.-(1) ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് സംസ്ഥാന പോലീസ് മേധാവിക്ക് ഈ ആക്റ്റ് പ്രകാരമുള്ള നടപടികൾക്കായി നിയമപരമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

129. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.-(1) സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, ഗസറ്റ് വിജ്ഞാപനം വഴി, മുൻകാല പ്രാബല്യത്തോടൊയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങൾ പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:-

(എ) ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കാൻ വ്യക്തമായി ആവശ്യപ്പെട്ടതോ അനുവദിച്ചതോ ആയ എല്ലാ സംഗതികളും, കൂടാതെ

(ബി) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റെല്ലാ സംഗതികളും.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തൽ വരുത്തുകയോ, ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

130. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.-(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന്, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും ആവശ്യമെന്ന് സർക്കാരിന് തോന്നുന്നതുമായ ഏതൊരു കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ്.

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടുവർഷം കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കിയ എല്ലാ ഉത്തരവുകളും, അത് പുറപ്പെടുവിച്ചശേഷം, എത്രയുംവേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

131. റദ്ദാക്കലും ഒഴിവാക്കലും.-(1) 1960-ലെ കേരളാ പോലീസ് ആകറ്റ് (1961-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും അങ്ങനെ റദ്ദാക്കിയ ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ആരംഭിച്ചിട്ടുള്ള എന്തെങ്കിലും നടപടിക്രമമോ ഈ ആക്റ്റിലെ ക്രമാനുഗതമായ വ്യവസ്ഥകൾക്ക് കീഴിൽ ചെയ്തതായോ എടുത്തതായോ ആരംഭിച്ചതായോ കരുതപ്പെടേണ്ടതാണ്:

എന്നാൽ, റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം പുറപ്പെടുവിച്ചതോ ഉണ്ടാക്കിയോ ആയ ഏതെങ്കിലും വിജ്ഞാപനങ്ങളോ, ഉത്തരവോ, ചട്ടമോ, ബൈലായോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്തിടത്തോളം അവ പ്രാബല്യത്തിൽ തുടരുന്നതും അത് ഈ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ചതോ ഉണ്ടാക്കിയതോ ആയ ഏതെങ്കിലും വിജ്ഞാപനമോ ഉത്തരവോ, ചട്ടമോ, ബൈലായോ പ്രകാരം അതിലംഘിക്കപ്പെടാത്തപക്ഷം, അവ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചതോ ഉണ്ടാക്കിയതോ ആയി കരുതപ്പെടേണ്ടതാണ്.